KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 3 March 2024 ₹:10/-



മൂശയുമേലിയാവും നാല്പതുദിനം നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു ആകൽക്കറുസായേ ജയിച്ചു

# 14-ാം ചരമ വാർഷികം (29-03-2024)

**ദൈവമേ നിന്റെ കൃപയുടെ ബഹുത്വംപോലെ**
**എന്നോടു കരുണയുണ്ടാകേണമേ**



# ഇ. ജെ. കുറിയാക്കോസ്

**ഇടശ്ശേരിൽ, ഒഴുവൻപാറ, റാന്നി**

**"കരുണ നിറഞ്ഞവനേ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമേ"**

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ ( ഐസക്ക്, റേച്ചൽ, കുറിയാക്കോസ് & എൽസ)

Advt -O

# ക്നാനായ ദീപം

2024 മാർച്ച് പുസ്തകം 35 ലക്കം 3

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

വലിയ നോമ്പ് 08
ജയ്നമ്മ മർക്കോസ് നടുവിലേപറമ്പിൽ

ആത്മരക്ഷയും നോമ്പും 09
അമ്മാൾ രാജൻ പുളിമൂട്ടിൽ

പരസ്നേഹം 10
റ്റി. യു. ജോസ് തൈത്തറ

ഇൻസ്റ്റഗ്രാമിൽ സ്നേഹം തിരയുന്ന... 15
സുനിൽ ഡി. കുരുവിള

ജീവിതത്തിനൊരു ത്രില്ല്... 17
ഡോ. ജസ്റ്റിൻ തോമസ്

സൗന്ദര്യ ലഹരി 19
ഡോ. ഐബി ജോസ് കിഴക്കേടത്ത്

ഏവൻഗേലിയോൻ ദീപം 22
റവ. ഫാ. സാജൻ സി. അലക്സ്

Why Jesus had to die on the cross 24
Philip Abraham

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 28

ആത്മാവില്ലാത്ത ഭവനം 41
റ്റി. ജെ. ജേക്കബ് തുണ്ടിയിൽ

42 പരിത്യാഗത്തിന്റെ വഴിയിലൂടെ
അഖിൽ മനോജ് മാത്യു പുന്നൂച്ചേരിൽ

43 ഇരുവായ്ത്തലവാൾ
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

45 കാൽപ്പാടുകൾ
എബി

46 മല്പാനോട് ചോദിക്കാം

47 നോമ്പുകാല ചിന്തകൾ
ബിജു ഇ. പി. ഇളമ്പള്ളിൽ

48 മാട്രിമോണിയൽ

51 അത്ഭുതങ്ങൾ അനുഗ്രഹത്തിൻ അനുഭവം
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്



SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.



**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**



ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയ ക്നാനായ ദീപം വായനക്കാർക്ക് സ്നേഹവന്ദനാശംസകൾ. 2024 ലെ നോമ്പിൽകൂടി നാം കടന്നുപോകുകയാണല്ലോ. ഈ നോമ്പുകാലം നമ്മുടെ ജീവിത വിശുദ്ധിക്ക് ഉതകുന്ന പ്രവർത്തനങ്ങൾ ചെയ്യുവാൻ തക്ക വണ്ണം നമ്മെ തന്നെ സമർപ്പിക്കാം. സഭാപരമായ ഒരു വർഷ ക്കാലത്തെ ജീവിതത്തിൽ വലിയ നോമ്പിനും തുടർന്നുള്ള പീഡാനുഭവവാരത്തിനും ഉള്ള പ്രാധാന്യം അതുല്യമാണ്. ഒരു സഭാംഗത്തിന് ഓരോ ഞായറാഴ്ചയും പ്രധാനമാണ്. നമ്മുടെ സഭയിൽ ആരാധനാ സ്വഭാവത്തെ അടിസ്ഥാനമാക്കി ജനങ്ങളെ വിഭജിക്കുകയാണെങ്കിൽ 1) സാധാരണ പള്ളിയിൽ പോകുന്നവർ 2) വല്ലപ്പോഴും, **നോമ്പിലും** പോകുന്നവർ 3) ഒരിക്കലും പോകാത്തവർ എന്നും മൂന്നായി തിരിക്കാവുന്നതാണ്. ഇതിൽ 2-ാം വകുപ്പുകാർ കൂടുതലായി ഹാജരാകുന്ന സന്ദർഭമാണ് നോമ്പുകാലം, പ്രത്യേകിച്ച് പകുതികഴിഞ്ഞ്, ദുഃഖവെള്ളിയാഴ്ചവരെ.

ഒരു വൈദികനെ സംബന്ധിച്ചിടത്തോളം ദൈവാലയം ജനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുവാൻ ആഗ്രഹിക്കും. ദൈവാലയം ദൈവകുഞ്ഞാടിന്റെ കല്യാണഭവനമാകയാൽ ക്ഷണിക്കപ്പെട്ടവരും, വിരുന്നുകാരുമായ അതിഥികളെക്കൊണ്ടു നിറഞ്ഞിരിക്കയും അവിടെ നടക്കുന്ന എല്ലാ ആത്മീക പരിപാടികളിലും എല്ലാവരും പങ്കുകൊൾകയും അനുഗ്രഹം പ്രാപിച്ചുകൊണ്ടുപോകുന്ന അനുഭവത്തിൽ എത്തിച്ചേരുകയും ചെയ്യുന്നത് എത്രയും ആനന്ദകരമാണ്. എന്നാൽ നോമ്പു കഴിഞ്ഞിട്ടുള്ള ഞായറാഴ്ചകളിൽ പള്ളിയിൽവന്നു നോക്കിയാൽ വളരെ ശോചനീയമായ അവസ്ഥയാണ്. ഇത് യാദൃശ്ചികമല്ല. ആണ്ടുതോറും ഇതേവിധത്തിൽ ആവർത്തി ക്കുന്നതുകൊണ്ട് അനുമാനിക്കുന്നത് പീഡാനുഭവത്തിൽ ദൃശ്യമാകുന്ന ചൈതന്യം എന്തെങ്കിലും ആത്മ പ്രചോദനത്തിന്റെയോ, ദൈവസ്നേഹത്തിന്റെയോ പേരിൽ ഉണ്ടാകുന്നതല്ലെന്നും പ്രത്യുത ആണ്ടുതോറും നടക്കുന്ന ചില ചടങ്ങുകൾ മാത്രമാണെന്നും വ്യക്തമായിത്തീരുന്നു. ഇതുപോലെ വളരെ നാളുകളായി സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള ചില പതിവുകൾ മാത്രമേ സഭാപരമായ ജീവിതത്തിൽ മാർഗ്ഗദർശനം നൽകുന്നുള്ളുവെങ്കിൽ പുരോഗമിക്കുന്ന ഒരു സഭയായി നാം തീർന്നിട്ടില്ലെന്നുള്ളത് നിശ്ചയം തന്നെ. ഓരോ ഞായറാഴ്ചയും നമ്മുടെ വിശ്വാസ പ്രകാരം വിലയേറിയതും പരിപാവനവുമാണ്. എല്ലാ ഞായറാഴ്ചയും ദൈവാരാധനയ്ക്കായി ജനങ്ങൾ തിങ്ങിക്കൂടുന്ന സഭകൾ നമുക്ക് ചുറ്റുമുള്ളപ്പോൾ, ദൈവഭക്തിയെയും, ക്രിസ്തീയ കടപ്പാടിനെയും അടിക്കടി നിർമ്മാർജ്ജനം ചെയ്യുന്ന ചൈതന്യരഹിതമായ പരിപാടിയാണ് നാം സ്വീകരിക്കുന്നതെങ്കിൽ സഭയെന്നുള്ള നിലയിൽ നിലനിൽക്കാനുള്ള അർഹത നമുക്ക് ഇല്ല. എല്ലാ ഞായറാഴ്ചകളിലും മാറാനായ പെരുന്നാളുകളിലുമുള്ള വി. കുർബ്ബാനയിലെ സംബന്ധവും, ആണ്ടിൽ പലപ്രാവശ്യമുള്ള കുർബ്ബാന അനുഭവവും എന്നു മുതൽ സുറിയാനി സഭാംഗങ്ങൾ അവഗണിച്ചുപോയോ അന്ന് ഒരിടത്ത് പാത്രിയർക്കാദിനവും മറ്റൊരിടത്ത് മലങ്കര നസ്രാണിപൈതൃകവും ഉയർത്തിപിടിച്ചുകൊണ്ട് യേശുക്രിസ്തുവിൽ നിന്ന് ജനങ്ങളെ അകറ്റി സ്വന്തനിലനിൽപിനുവേണ്ടി പൈശാചികൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശാസ്ത്രരംഗവും, രാഷ്ട്രീയവും, ആത്മീക പ്രസ്ഥാനങ്ങളും, ഔദ്യോഗിക മേഖലകളും, കച്ചവടരംഗവും, സാമൂഹിക ജീവിതവും, അഴിമതിയും അനീതിയും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. പണത്തിനും അധികാരത്തിനും, കാര്യസാദ്ധ്യത്തിനുംവേണ്ടി ഏതു ദുഷിച്ചമാർഗ്ഗം അവലംഭിക്കാനും മനുഷ്യർക്ക് ഇന്ന് ഒരു മടിയുമില്ല. ഈ മൂല്യ തകർച്ചയെ ഒരു വെല്ലുവിളിയായി കാണാൻ യഥാർത്ഥ ക്രൈസ്തവർ തയ്യാറാകണം. ഏതു മാർഗ്ഗത്തിലൂടെയും പലതും നേടാനുള്ള മനുഷ്യപ്രവണത പിശാചിനെ വന്ദിക്കലാണ്. യേശുവിന്റെ അടുക്കൽ പിശാച് പറഞ്ഞത് സകല മഹത്വവും അധികാരവും എന്നെ ഏല്പിച്ചിരിക്കുകയാണ്, എന്നെ നമസ്ക്കരിച്ചാൽ അതെല്ലാം തരാം എന്നാണ്. കർത്താവ് അതെല്ലാം പുച്ഛിച്ചുതള്ളി.

ന്യായമായതു മതിയെന്നുവെക്കാനും, അത്യാഗ്രഹമില്ലാതെ ആരെയും ദ്രോഹിക്കാതെയും, വഞ്ചിക്കാതെയും ജീവിക്കാനാണ് ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത്. അന്യായമായും, മറ്റുള്ളവരെ ഒറ്റിക്കൊടുത്തും തള്ളിപ്പറഞ്ഞും നേടുന്നതെല്ലാം ക്ഷയിച്ചുപോകുമെന്ന സത്യം നാം അറിഞ്ഞിരിക്കണം. അതാണ് ക്രിസ്തുവിനെ കണ്ട മാത്രയിൽ രൂപാന്തരം പ്രാപിച്ച ചുങ്കക്കാരനായ സക്കായി താൻ ചതിവായി വാങ്ങിയതൊക്കെയും നാലു മടങ്ങ് മടക്കി കൊടുക്കുന്നു എന്ന് സ്വയം പറഞ്ഞത്.

ദൈവം നമുക്ക് തന്ന ആയുസ്സും ആരോഗ്യവും വ്യക്തി പ്രഭാവവും, രക്ഷാനുഭവവും മറ്റുള്ളവർക്ക് മാതൃകയും പ്രയോജനവും സഹായവും ദൈവനാമത്തിനു മഹത്വമാക്കി തീർക്കുന്നതാണ് ജീവിത സായൂജ്യം. പണവും മറ്റും അവിഹിതമായി കിട്ടുമ്പോൾ അതൊരു നേട്ടമായി തോന്നാം. എന്നാൽ അത് പിശാചിന്റെ ദാനമാണ്. എല്ലാം തനിക്കു മാത്രം കിട്ടണമെന്ന അത്യാഗ്രഹവും അത്യാർത്തിയും കാണിക്കുന്നതും ക്രൈസ്തവന് ഭൂഷണമല്ല. അതുകൊണ്ട് പിശാചിനെ വഞ്ചിച്ചു പലതും നേടുന്ന സ്വഭാവം ഉപേക്ഷിച്ചിട്ട് നമുക്കായി ജീവൻ വെടിഞ്ഞ വിശുദ്ധിയിൽ പൂർണ്ണനായ ക്രിസ്തുവിന്റെ മഹത്വത്തിനായി ക്രൈസ്തവരായ നാം അഴിമതിക്കറ പുരളാതെ ജീവിക്കുമെന്ന് ഈ നോമ്പുകാലത്ത് പ്രതിജ്ഞയെടുക്കാം. അപ്പോൾ ദൈവം നമ്മെ മാനിക്കുകയും ഉയർത്തുകയും ചെയ്യും. ദൈവകരങ്ങളിൽ ഉയർത്തപ്പെടുമ്പോൾ മാത്രമെ ശാശ്വതമായി നിലനിൽക്കാൻ സാധിക്കുകയുള്ളു. ലോത്ത് ദൈവഹിതമല്ലാതെ അബ്രഹാം പിതാവിനെ വേദനിപ്പിച്ചുകൊണ്ട് നേടിയതെല്ലാം നശിച്ചുപോയി. അബ്രഹാം പിതാവ് ദൈവഹിത പ്രകാരം ദൈവ ഇഷ്ടപ്രകാരം ജീവിച്ച് നേടിയെടുത്ത സ്ഥലങ്ങൾ എല്ലാം തന്നെ തലമുറകൾ പലതു കഴിഞ്ഞിട്ടും തന്റെ മക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതാണ് ദൈവനീതി. നമുക്കും ദൈവഹിതത്തിനനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കാം. അപ്പോൾ നമ്മുടെ തലമുറകളും അനുഗ്രഹിക്കപ്പെടും.

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2024 വർഷത്തിലെ മാർച്ച് മാസത്തിലേക്ക് ദൈവം നമ്മെ എത്തിച്ചുവല്ലോ. പരമകാരുണ്യവാനായ ദൈവത്തെ സ്തുതിച്ച് ജീവിതത്തിന്റെ ഒരോ നിമിഷത്തിലേക്കും നമുക്ക് പ്രാർത്ഥനയോടെ പ്രവേശിക്കാം.

ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ 22-ാമത് ക്നാനായ കൺവെൻഷൻ അനുഗ്രഹകരമായി നടത്തുവാൻ വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കട്ടെ. പുതിയ സ്ഥലത്ത് വളരെ ചിട്ടയോടും, ആത്മാർത്ഥതയോടും, പ്രാർത്ഥനയോടും കൂടെ ഇത് ക്രമീകരിക്കപ്പെട്ടു. പ്രസംഗകർ കടന്നുവന്ന് ദൈവത്തിന്റെ നിർമ്മല സുവിശേഷം നമ്മോട് പങ്കുവച്ചു. പരിശുദ്ധാത്മാനിറവിൽ തന്നെ അത് ശ്രമിക്കുവാനും, സ്വീകരിക്കുവാനും നമുക്ക് സാധിച്ചു. കൺവെൻഷന്റെ അനുഗ്രഹമെന്നതും ദൈവം ആഗ്രഹിക്കുന്നതും അവയ്ക്ക് എത്രമാത്രം നമ്മുടെ വ്യക്തിപര ജീവിതത്തിലും, കുടുംബജീവിതത്തിലും, സ്വാധീനം ചെലുത്തുവാൻ സാധിച്ചു എന്നതും നമ്മുടെ ജീവിതത്തെ അത് എങ്ങനെ രൂപപ്പെടുത്തുവാനും സാധിച്ചു എന്നതിനെയും ആശ്രയിച്ചാണ്. വചനശ്രവണം മൂലം നന്മയുടെ ഒരു ബദൽ സമൂഹമായി നമുക്ക് രൂപപ്പെടുവാൻ ഇടയാകണം. അപ്പോളാണ് ഈ വർഷത്തെ കൺവെൻഷൻ അനുഗ്രഹമായിത്തീരുന്നത്. ഇതിന്റെ അനുഗ്രഹത്തിനായി അനേകമാസങ്ങളായി പ്രവർത്തിച്ച സുവിശേഷ സമാജം കേന്ദ്ര, മേഖലാ ഭാരവാഹികൾ, വൈസ് പ്രസിഡന്റും, ജനറൽ കൺവീനർ ഉൾപ്പെടെയുള്ള എല്ലാവരെയും സുവിശേഷകർ, വോളന്റിയേഴ്സ്, ഇതിൽ സാമ്പത്തികമായി സഹകരിച്ചവർ, പ്രാർത്ഥനയോടെ ഇതിൽവന്ന് സംബന്ധിച്ചവർ, ഇതിനായി ചെറുതായോ, വലുതായോ അദ്ധ്വാനിച്ച എല്ലാവരെയും ഓർത്ത് ദൈവത്തിന് മഹത്വം കരേറ്റുന്നതിനോടൊപ്പം എല്ലാവർക്കും അതിഭദ്രാസനത്തിന്റെ പേരിലുള്ള അനുമോദനവും അറിയിക്കുന്നു.

വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ മാർച്ച് 17 ന് സഭാദിനമാണല്ലോ. സഭാമക്കളുടെ തീക്ഷ്ണമായ പ്രാർത്ഥന അനിവാര്യമാണ്. പരി. സഭയെ നയിക്കുന്ന മേല്പട്ടക്കാർക്കുവേണ്ടിയും, വൈദികർക്കുവേണ്ടിയും വിശ്വാസസമൂഹം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കണം. സഭയുടെ പ്രേഷിത പ്രവർത്തനവും, സാമൂഹികമായ ഉന്നമനപ്രവൃർത്തികൾ അനുഗ്രഹിക്കപ്പെടുവാനും ദൈവകൃപ നിറഞ്ഞ് പ്രവർത്തിക്കുവാനും, ദൈവരാജ്യത്തിന്റെ കെട്ടുപണി നിവർത്തിക്കുവാനും ഇടയാക്കുവാനായിട്ട് പ്രാർത്ഥിക്കണമെ. അന്നേ ദിവസം സമുദായ വികസന പ്രവർത്തനങ്ങൾക്കായി ആണ്ടുവരി എല്ലാവരും നല്കുവാനും ശ്രദ്ധിക്കണമെ.

ഊശാനാ പെരുന്നാൾ മാർച്ച് 24 ന് ആണല്ലോ. ഊശാനാ കുരുത്തോലകൾ ഏന്തികൊണ്ട് നാം ആ പെരുന്നാളിൽ സംബന്ധിക്കുമ്പോൾ ആത്മീയമായി ദാവീദ് പുത്രന് ഊശാന എന്ന സ്തോത്ര സ്വരം നമ്മുടെ ഉള്ളിൽനിന്ന് പുറപ്പെടുവിക്കുവാനും, അതിലൂടെ ദൈവസന്നിധിയിൽ നമ്മെ പുനർസമർപ്പിക്കുവാനും ഇടയായിത്തീരണം. ഊശാനാ ദിനത്തിലെ നമ്മുടെ ദൈവാലയങ്ങളിലെ കാണിക്ക നമ്മുടെ കേന്ദ്ര സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കാണല്ലോ. എല്ലാ ദൈവാലയങ്ങളിലും അത് സമുദായ ഓഫീസിൽ നൽകുവാൻ ശ്രദ്ധിക്കണമെ.

ഈ വർഷത്തെ വചനിപ്പ് പെരുന്നാൾ ഹാശായുടെ തിങ്കളാഴ്ചയാണല്ലോ. ദൈവത്തിന്റെ ലോകത്തോടുള്ള രക്ഷാ പ്രവർത്തനത്തിൽ പ്രധാനപങ്കാളിത്വം മറിയ എന്ന യുവതി നിർവ്വഹിച്ചതിന്റെ സ്മരണയാണല്ലോ നടത്തുന്നത്. ഇതിലൂടെ മറിയ പരി. ദൈവമാതാവെന്ന ഭാഗ്യകരമായ അവസ്ഥയിൽ എത്തിയല്ലോ. ദൈവഹിതത്തെ മറിയം തന്റെ ജീവിത്തിലൂടെ പൂർത്തീകരിക്കുവാൻ തയ്യാറായത്, ദൈവമക്കളായ നമുക്ക് നല്കുന്ന സന്ദേശം ജീവിതത്തിൽ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, അത് വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് നമ്മെ നയിക്കുവാൻ ഇടയാകണം എന്നതാണ്.

ഹാശാ ആഴ്ചയിൽ പെസഹാ വ്യാഴവും, വലിയ വെള്ളിയും ഒക്കെ നാം ആചരിക്കുമ്പോൾ നമ്മെത്തന്നെ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ ഇടയാകണം. മനുഷ്യരക്ഷയ്ക്കുവേണ്ടി സ്വമേധയാ യേശു തന്നെത്തന്നെ ഏല്പിച്ചുകൊടുക്കുന്നു. പഴയ നിയമത്തിൽ യഹോവയുടെ കല്പന പ്രകാരം കുഞ്ഞാടിനെ പെസഹാ ദിനത്തിൽ യാഗമായി സമർപ്പിച്ച് അതിന്റെ രക്തം ഈസോപ്പ് തണ്ടു കൊണ്ട് കട്ടിളപ്പടിയിൽ പുരട്ടിയ യിസ്രായേൽ മക്കൾ ഫറവോന്റെ അടിമത്വത്തിൽനിന്ന് രക്ഷപെട്ടു. ലോകത്തിന്റെ മുഴുവൻ പാപ അടിമത്വത്തിൽ നിന്ന് വിമോചനം നല്കുന്ന യേശു പഴയനിയമത്തിലെ പെസഹാ കുഞ്ഞാടിനെപ്പോലെ, പുതിയ നിയമത്തിലെ പെസഹാ കുഞ്ഞാടായി കാൽവറിയിൽ നമുക്കായി യാഗമായി അർപ്പിക്കപ്പെട്ടു. എന്നാൽ ദൈവം യേശുവിനെ ഉയിർപ്പിച്ചത് മരണത്തിന്റെമേൽ തനിക്കുള്ള അധികാരത്തെ സൂചിപ്പിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശു നമ്മുടെ വിശ്വാസത്തെ ശക്തിപ്പെടുത്തണം. നമുക്കുവേണ്ടി ദൈവസന്നിധിയിൽ പക്ഷവാദം നടത്തുന്ന യേശുവിന്റെ മക്കളായി ജീവിക്കുവാൻ ഈ ആചരണങ്ങൾ നമ്മെ സഹായിക്കട്ടെയെന്ന്

*(ശേഷം പേജ് 8-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

ഓരോ ക്നാനായ ദീപത്തിലും കഴിഞ്ഞ മാസത്തെ വാർത്തകളാണ് നമ്മൾ പ്രസിദ്ധീകരിക്കുന്നത്. ഫെബ്രുവരി മാസത്തെ വാർത്ത മാർച്ച് 1 ന് എഴുതി കൊടുത്തെങ്കിൽ മാത്രമെ മാർച്ച് 15 ന് ദീപം ഇറങ്ങുമ്പോൾ ഈ വാർത്തകൾ വരികയുള്ളൂ. ഫെബ്രുവരിയിലെ വാർത്തകളാണ് വായിക്കുന്നത് എന്ന് ശ്രദ്ധിക്കുക.

പാത്രിയർക്കീസ് ബാവായുടെ ബാംഗ്ലൂർ സന്ദർശനത്തിൽ കർണ്ണാടക മന്ത്രിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേളച്ചന്ദ്ര ബഹു. കെ.ജെ ജോർജ്ജിന്റെയും കുടുംബത്തിന്റെയും പങ്ക് വലുതാണ്. അദ്ദേഹം ക്നാനായ സമുദായത്തിനുവേണ്ടി ബാവായെ സ്വീകരിക്കുകയും സ്റ്റേറ്റ് ഗസ്റ്റ് ആയി പരിഗണിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തതിൽ ക്നാനായ സമുദായത്തിന് അഭിമാനിക്കാം.

പുത്തൻകുരിശ് പാത്രിയർക്കാ സെന്റർ മൈതാനിയിൽ നടത്തപ്പെട്ട മലങ്കര യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മഹാപൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷ സമാപനസമ്മേളനത്തിൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത മോർ സേവേറിയോസ് കുറിയാക്കോസ് തിരുമേനി, പാത്രിയർക്കീസ് ബാവയുടെയും, കേരളാ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെയും, യാക്കോബായ സഭയുടെ മലങ്കര മെത്രാപ്പോലീത്താ അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമേനി ഉൾപ്പെടെയുള്ള പ്രശസ്ത വ്യക്തികളുടെയും സാന്നിധ്യത്തിൽ നടന്ന വർണ്ണശബളമായ മീറ്റിംഗിൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്തായെ ഏറ്റവും മാന്യതയോടുകൂടി കരുതിയതിൽ യാക്കോബായ സഭയോട് ഉള്ള നന്ദി അറിയിക്കുന്നു. പെരുമ്പാവൂർ ഒന്നാം മൈൽ പൗരസ്ത്യ സുവിശേഷ സമാജം ഇ.എ.ഇ. ഹെഡ് ക്വാർട്ടേഴ്സിൽ പൗരസ്ത്യ സുവിശേഷ സമാജം ശതാബ്ദി ആഘോഷത്തിൽ പരി. പാത്രിയർക്കീസ് ബാവായോടും, മറ്റ് തിരുമേനിമാരോടും, വിശിഷ്ഠാതിഥികളോടുമൊപ്പം, ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത മോർ സേവേറിയോസ് കുറിയാക്കോസ് വലിയ തിരുമേനി ക്ഷണിക്കപ്പെട്ട് പങ്കാളിയാക്കിയതിൽ പൗരസ്ത്യ സുവിശേഷ സമാജം ഭാരവാഹികളോടുള്ള നന്ദി അറിയിക്കുന്നു.

പരി. പാത്രിയർക്കീസ് ബാവായുടെ ക്നാനായ സമുദായത്തിന്റെ ദയറാപ്പള്ളിയിലുള്ള പുണ്യശ്ലോകനായ ക്ലീമ്മീസ് തിരുമേനിയുടെ കബർ സന്ദർശിച്ചതുമായി ബന്ധപ്പെട്ട പരി. ബാവായെ സ്വീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ 2-2-2024 ൽ കൂടിയ ക്നാനായ മാനേജിംഗ് കമ്മിറ്റി ഐകകണ്ഠ്യേന എടുത്ത തീരുമാനം സമുദായ ജനങ്ങളെയും, അസ്സോസിയേഷൻ അംഗങ്ങളെയും, വൈദികശ്രേഷ്ഠരേയും, കന്യാസ്ത്രീകളെയും, സ്ഥാപനങ്ങളിലെ ഗവേണിംഗ് ബോഡി അംഗങ്ങളെയും, ഭക്ത സംഘടനകളെയും അറിയിച്ചു.

കൂടാതെ ക്നാനായ സമുദായ മെത്രാപ്പോലീത്ത സമുദായത്തിലെ എല്ലാ ദൈവാലയങ്ങളിലും 31-01-2024 ൽ കല്പന മൂലം പരി.ബാവായുടെ സന്ദർശനത്തിന് ദയറാപ്പള്ളിയിൽ സമുദായ ജനം എത്തണം എന്ന് അറിയിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിൽ വലിയ ഒരു ജനാവലി തന്നെ ചിങ്ങവനം ദയറാപ്പള്ളിയിൽ തടിച്ചുകൂടി. പരി. ബാവ അവിടെ എഴുന്നെള്ളി സമുദായ ജനങ്ങളെ ആശിർവദിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്ത ബാവായ്ക്ക് സ്വാഗതം പറയുവാനുള്ള അവസരവും അവിടെ ഉണ്ടായിരുന്നു. എന്നാൽ അതിന് തടസ്സം ഉണ്ടായതും പരി.ബാവ പല പ്രാവശ്യം സഹായമെത്രാനോട് പുറകിലേയ്ക്ക് മാറി നിൽക്കുവാൻ പറയേണ്ടി വന്നതും, ബാവായുടെ പ്രസംഗം ട്രാൻസിലേറ്റ് ചെയ്യാൻ അഭി. തേയോഫിലോസ് തിരുമേനിയെ തടസ്സപ്പെടുത്തിയത് ഉൾപ്പെടെ ഉള്ള കാര്യങ്ങൾ ക്നാനായ ജനം ലൈവ് മുഖാന്തരം കണ്ടതാണ്. അത് വളരെ ദുഃഖകരമായി പോയി. ഓരോരുത്തരും അവരുടെ സ്ഥാനങ്ങൾ മറന്ന് പ്രവർത്തിക്കുന്നത് ഖേദകരമാണ്. അതിനെക്കുറിച്ച് ഞാനിപ്പോൾ ഒന്നും എഴുതുന്നില്ല.

പ്രസംഗത്തിൽ പരി.ബാവ എടുത്തു പറഞ്ഞ കാര്യം എന്റെ മുൻഗാമികളായ പൂർവ്വപിതാക്കന്മാർ നിങ്ങൾക്ക് നൽകിയിരിക്കുന്നതായ പ്രത്യേകമായ സ്ഥാനങ്ങൾ ഒരു കാരണവശാലും എടുത്തുകളയുവാൻ ഞാൻ ഒരിക്കലും ശ്രമിച്ചിട്ടില്ല. അല്ലെങ്കിൽ മാറ്റി കളയുവാൻ ഞാൻ ശ്രമിച്ചിട്ടില്ല. ഈ ഭദ്രാസനത്തിന് തന്ന ഒരു സ്ഥാനവും ഈ ഭദ്രാസനത്തിന് നൽകിയിരിക്കുന്ന ഒരു കാര്യങ്ങളും എടുത്തു കളയുവാൻ നാം ശ്രമിച്ചിട്ടില്ല എന്ന് അദ്ദേഹം വി. മദ്ബഹായുടെ മുൻപിൽ നിന്ന് പറയുകയുണ്ടായി. ഈ പ്രസംഗത്തിൽ നിന്നും ഒരു കാര്യം വളരെ വ്യക്തമാണ്. ബാവ വളരെ തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ടായിരുന്നു എന്ന് ആർക്കും മനസ്സിലാകും. പരി. ബാവായുടെ സന്ദർശനത്തിൽ ദയറാപള്ളിയിൽ വന്ന് സ്വീകരണ സമ്മേളനത്തിൽ സംബന്ധിച്ച എല്ലാ വൈദിക ശ്രേഷ്ഠരോടും, അസ്സോസിയേഷൻ അംഗങ്ങളോടും, സ്ഥാപനങ്ങളിലെ ഗവേണിംഗ് ബോഡി അംഗങ്ങളോടും, ക്നാനായ ജനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

പരി. ബാവയുടെ മഞ്ഞനിക്കര പ്രസംഗത്തിലും, തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാസഭയുടെ സ്വീകരണത്തിലും ക്നാനായ സമുദായ മെത്രാപ്പോലീത്തായേയും സമുദായത്തെയും അഭിനന്ദിച്ചു പ്രസംഗിച്ചതിൽ നമുക്ക് അഭിമാനിക്കാം.

അഭി. കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത സമുദായ മെത്രാപ്പോലീത്ത ആയതിനാലും ക്നാനായ അതിഭദ്രാസന അധിപൻ ആയതിനാലും സമുദായത്തിലെ എല്ലാ മേല്പട്ടക്കാരിലുംവച്ച് സീനിയർ മോസ്റ്റ് ആയതിനാലും അഭി. സേവേറിയോസ് മെത്രാപ്പോലീത്ത സമുദായ വലിയമെത്രാപ്പോലീത്ത ആയിരിക്കുമെന്ന് 22-08-2023 ൽ കൂടിയ ക്നാനായ അസ്സോസിയേഷന്റെയും 26-02-2024 ൽ കൂടിയ ക്നാനായ വൈദിക കൗൺസിലിന്റെയും 19-02-2024 ൽ കൂടിയ ക്നാനായ കമ്മിറ്റിയുടെയും തീരുമാനപ്രകാരം ഒന്നാം തുബ്ദേനിൽ ഇനിയും മുതൽ 'നമ്മുടെ മേൽപ്പട്ടക്കാരൻ സമുദായ വലിയമെത്രാപ്പോലീത്ത മോർ സേവേറിയോസിനു വേണ്ടിയും' എന്ന് ചേർത്ത് വായി

ക്കുവാൻ സമുദായത്തിലെ എല്ലാ പള്ളി വികാരിമാർക്കും വികാരി ജനറാൾ സർക്കുലർ അയച്ചു.

വിദേശരാജ്യങ്ങളിൽ ക്നാനായ ഭരണഘടനയ്ക്ക് വിരുദ്ധമായി ദൈവാലയങ്ങളെ പിളർത്തി സമുദായത്തിന്റെ അനുവാദം ഇല്ലാതെ പുതിയ ദൈവാലയം ഉണ്ടാക്കി സഭ സ്ഥാപിക്കുന്ന പുരോഹിതന്മാരെ ക്നാനായ ദൈവാലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിനോട് ക്നാനായ കമ്മിറ്റി ഒരിക്കലും യോജിക്കുകയില്ല, യുക്തമായ നടപടി എടുക്കും. അത് ക്നാനായ അസ്സോസിയേഷനിൽ സമർപ്പിക്കുകയും ചെയ്യും. ഇങ്ങനെ ഉണ്ടാക്കുന്ന സ്വകാര്യ വിഘടിത ദൈവാലയങ്ങളിൽ പങ്കെടുക്കുന്ന സമുദായ അംഗങ്ങൾക്ക് ക്നാനായ സമുദായവുമായി ഒരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. ഇപ്പോൾ തന്നെ വിഘടിത ദൈവാലയത്തെ പ്രതിനിധീകരിച്ച് ക്നാനായ അസ്സോസിയേഷനിൽ അവർക്ക് അംഗത്വം ഇല്ല. കൂടാതെ പെന്തിക്കോസ് ഉൾപ്പെടെയുള്ള ഇതര ക്രൈസ്തവ വിശ്വാസത്തിൽ പോകുന്നവർക്ക് തുല്യമായിരിക്കും സമുദായത്തിൽ അവരുടെ സ്ഥാനം. വളരെ ഗൗരവമായിട്ടാണ് ഈ കാര്യം ക്നാനായ കമ്മിറ്റി കാണുന്നത്. ഇതിന് നടപടി എടുക്കണം എന്ന് ക്നാനായ കമ്മിറ്റി വൈദിക കൗൺസിലിനോടും സമുദായ മെത്രാപ്പോലീത്തായോടും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിസന്ധിക്ക് ഇടയിലും ക്നാനായ കമ്മിറ്റി വികസന പ്രവർത്തനങ്ങളുമായി മുമ്പോട്ട് കുതിക്കുന്നു.

ബഹുമാനപ്പെട്ട ആലുംമൂട്ടിൽ ഡോ.എ. റ്റി ഏബ്രഹാം അച്ചന്റെ അമൂല്യങ്ങളായ പുസ്തക ശേഖരം ക്നാനായ സമുദായത്തിന് ബഹു.അച്ചൻ സംഭാവന ചെയ്തു. സമുദായ വലിയ മെത്രാപ്പോലീത്തായും, സമുദായ സെക്രട്ടറിയും ബഹു. ആലുംമൂട്ടിൽ ഡോ. എ. റ്റി ഏബ്രഹാം അച്ചൻ വിശ്രമജീവിതം നയിക്കുന്ന തിരുവല്ല മഞ്ഞാടിയിൽ മാമ്മൻ മത്തായി വില്ലാ സമുച്ചയത്തിൽ അച്ചനെ സന്ദർശിച്ചപ്പോൾ നടത്തിയ ചർച്ചയിൽ അച്ചന്റെ അമൂല്യ പുസ്തകങ്ങളുടെ ശേഖരം മുഴുവനും സമുദായത്തിന് തരാം എന്ന് അച്ചൻ സന്തോഷത്തോടെ സമ്മതിച്ചു. സമ്മതപത്രം എഴുതി തന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ക്നാനായ കമ്മിറ്റിയുടെ തീരുമാനപ്രകാരം വൈദിക ട്രസ്റ്റി ബഹു. സക്കറിയ മധുരം കോട്ട് അച്ചന്റെയും, കമ്മിറ്റി അംഗങ്ങൾ ആയ ലിനു ചെറിയാൻ വരാത്ര, രെഞ്ചു ചാക്കോ കോഴിമറ്റം എന്നിവരുടെയും നേതൃത്വത്തിൽ ആലുംമൂട്ടിൽ അച്ചന്റെ ഭവനത്തിൽ നിന്ന് ഈ അമൂല്യ പുസ്തകങ്ങൾ മുഴുവൻ ക്നാനായ സമുദായത്തിന്റെ ആസ്ഥാനത്ത് മോർ അപ്രേം സെമ്മിനാരിയിൽ എത്തിച്ചു. ആ പുസ്തക ശേഖരം ക്നാനായ സമുദായ ലൈബ്രറിയിൽ പ്രത്യേകമായി റവ.ഫാ.ഡോ.എ.റ്റി ഏബ്രഹാം പുസ്തകശേഖരം എന്ന നാമത്തിൽ സൂക്ഷിക്കുന്നതാണ്. പുസ്തകം സൂക്ഷിക്കുന്നതിന് ആവശ്യമായ സ്റ്റീൽ റാക്കുകളും അച്ചൻ തരുകയുണ്ടായി.

ക്നാനായ സമുദായത്തിന് വിപുലമായ ഒരു ക്നാനായ ലൈബ്രറി ഉണ്ടാക്കുന്നതിന് ഉള്ള ശ്രമത്തിലാണ് ക്നാനായ കമ്മിറ്റി. ഈ അമൂല്യനിധി സമുദായത്തിന് തന്ന ബഹു. ആലുംമൂട്ടിൽ ഡോ.എ. റ്റി ഏബ്രഹാം അച്ചനോടുള്ള നന്ദിയും കടപ്പാടും ക്നാനായ സമുദായത്തിനു വേണ്ടി അറിയിക്കുന്നു.

ക്നാനായ സമുദായം എക്കാലവും സാധുക്കളെ സംരക്ഷിക്കുന്നതിലും സമൂഹത്തോടുള്ള പ്രതിബദ്ധതയിലും മുൻപന്തിയിലാണ്. റാന്നി മോതിരവയലിൽ ആഗോള ക്നാനായ സമുദായത്തിന്റെ ഏഴില്ലം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ ഭവനനിർമ്മാണ ഉദ്ഘാടനം സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ നിർവ്വഹിച്ചു. ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് സേവേറിയോസിന്റെ മെത്രാഭിഷേക വാർഷികത്തോട് അനുബന്ധിച്ച് സമുദായത്തിലെ സാധുക്കളായ ഭവനരഹിതർക്കു വേണ്ടി നിർമ്മിക്കുന്ന ഭവനങ്ങളാണ് ഈ പദ്ധതിയിൽ ഉള്ളത്. സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, അസ്സോസിയേഷൻ അംഗം സണ്ണി ഇടയാടി, ജോയിക്കുട്ടി ഏബ്രഹാം, ജിജിമോൾ ആലിച്ചൻ, ശലോമോൻ തോമസ് എന്നിവർ പങ്കെടുത്തു.

ക്നാനായ സമുദായം പുതുതായി ആരംഭിക്കുവാൻ പോകുന്ന സീനിയർ സിറ്റിസൺ ലെഷർ ഹോമിന്റെ ലോഗോ പ്രകാശനം തിരുവല്ലായിൽ നടന്ന ക്നാനായ കൺവൻഷനിൽ സമുദായ വലിയമെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഈ പ്രോജക്ട് ഉടനെ ആരംഭിക്കുന്നതാണ്.

മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷൻ ഹിസ് എമിനൻസ് മോസ്റ്റ് റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്താ തിരുമേനിയുടെ 75-ാം ജന്മദിനത്തിൽ ക്നാനായ സമുദായ വലിയമെത്രാപ്പോലീത്ത ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും തിയോഡോഷ്യസ് തിരുമേനിയെ ഷാൾ അണിയിച്ചു.

സഹായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും, ക്നാനായ മാനേജിംഗ് കമ്മറ്റി അംഗം റ്റിജു തോട്ടുപുറവും, കൂടാതെ മന്ത്രി വീണാ ജോർജ്, ജോസ് കെ.മാണി എം.പി., പ്രമോദ് നാരായണൻ എം.എൽ.എ., മുൻ രാജ്യസഭാ അദ്ധ്യക്ഷൻ പി.ജെ.കുര്യൻ, മന്ത്രി, സജി ചെറിയാൻ, മന്ത്രി പി. പ്രസാദ്, മറ്റ് സഭാമേലദ്ധ്യക്ഷന്മാർ എന്നിവരും പങ്കെടുത്തു.

വെളിയനാട് ബേത്‌ലഹേം പള്ളിയിൽ ഒരു ശവസംസ്കാര ശുശ്രൂഷയിൽ അസ്സോസിയേഷൻ മെമ്പറുടെ ആവശ്യപ്രകാരം ക്നാനായ കമ്മിറ്റിയെ പ്രതിനിധീകരിച്ച് അനുശോചനം അർപ്പിക്കുവാൻ ചെന്ന ക്നാനായ സമുദായ സെക്രട്ടറിക്ക് ഇടവകയുടെ വികാരി അതിനുള്ള അവസരം കൊടുക്കാതെ ഇരുന്നതിൽ ക്നാനായ കമ്മിറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി സമുദായമെത്രാപ്പോലീത്തായെ രേഖാമൂലം അറിയിച്ചു.

NAMKC യുടെ ആഭിമുഖ്യത്തിൽ 2024 ജൂലൈ 18 മുതൽ 21 വരെ ഡാളസ്സിൽ നടക്കുന്ന ക്നാനായ സംഗമത്തിന് എല്ലാവിധമായ ഭാവുകങ്ങളും നേരുന്നു.

കഴിഞ്ഞ തവണ ഹൂസ്റ്റണിൽ നടന്ന ക്നാനായ സംഗമത്തിൽ പങ്കെടുക്കാൻ സാധിച്ചത് വലിയ ഒരു ഭാഗ്യമായി കരുതുന്നു. അന്യദേശത്തായിരിക്കുന്ന നിങ്ങളുടെ ഒന്നിച്ച് കൂടുമ്പോഴുള്ള സ്നേഹവും സാഹോദര്യവും സന്തോഷവും അനുഭവിച്ചറിയുവാൻ സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ക്നാനായ മക്കളെ ഒരു കുടക്കീഴിൽ അണിനിരത്തി, നമ്മുടെ പൈതൃകത്തെയും, പാരമ്പര്യങ്ങളെയും, വംശശുദ്ധിയേയും കാത്തുപരിപാലിച്ച്, സമുദായത്തോടുള്ള അഗാധമായ സ്നേഹവും വിധേയത്വവും നിലനിർത്തി മുൻപോട്ട് പോകുവാനുള്ള NAMKC യുടെ പ്രവർത്തനങ്ങൾ അഭിനന്ദനം അർ ഹിക്കുന്നു.

ഹ്യൂസ്റ്റൺ സംഗമത്തിന് ശേഷമുള്ള NAMKC യുടെ പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതാണ്. നമ്മുടെ കുട്ടികൾക്ക് സമുദായത്തിന്റെ ചരിത്രം മനസ്സിലാക്കുന്നതിനുവേ

*(ശേഷം പേജ് 8-ൽ)*

### *മെത്രാപ്പോലീത്തായുടെ സന്ദേശം*
*(പേജ് 5 തുടർച്ച)*

പ്രാർത്ഥിക്കുന്നു.

കാട്ടുമൃഗങ്ങളുടെ ആക്രമണം പല സ്ഥലത്തും ഉണ്ടാകുന്നത് അറിയുവാൻ ഇടയായി. പലർക്കും കൃഷി മാത്രമല്ല ജീവൻപോലും നഷ്ടപ്പെടുവാൻ ഇടയായി. തങ്ങളുടെ അദ്ധ്വാനമെല്ലാം നഷ്ടപ്പെട്ടതും, അനേകർക്ക് തങ്ങളുടെ ഉറ്റവരെ നഷ്ടപ്പെട്ടതുമൊക്കെ അധികാരികളുടെ സത്വരശ്രദ്ധ ഉണ്ടാകണമെന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇനിയും ഇത്തരം കാര്യങ്ങൾ ഉണ്ടാകാതിരിക്കുവാൻ നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ അധികാരികൾ അതിനുള്ള ശ്രമങ്ങളും നടത്തണം എന്ന് ആഗ്രഹിക്കുന്നു.

എല്ലാവർക്കും അനുഗ്രഹിക്കപ്പെട്ട ഈസ്റ്റർ മംഗളങ്ങൾ നേരുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ
**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

### *സമുദായ വാർത്തകൾ*
*(പേജ് 7 തുടർച്ച)*

ണ്ടിയും സത്യവിശ്വാസത്തിൽ അടിയുറച്ച്, ക്രിസ്തീയ മൂല്യങ്ങൾ അവരിൽ അരക്കിട്ടുറപ്പിക്കുവാനും സൺഡേസ്ക്കൂൾ സമാജം നിലവിൽ വരികയും, കേന്ദ്ര സൺഡേസ്കൂൾ ഭാരവാഹികളുമായി കൂടിയാലോചിച്ച് പുതിയൊരു പാഠ്യപദ്ധതി ആവിഷ്കരിച്ചുകൊണ്ടിരിക്കുകയുമാണ്. അതുപോലെ തന്നെ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി NAMKC വിമെൻസ് ഫോറം രൂപീകരിക്കപ്പെട്ടു. അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും, ഇന്നത്തെ സാമൂഹിക വിഷയങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ സെമിനാറുകളും ഒക്കെ സംഘടിപ്പിച്ച് സ്ത്രീകൾക്ക് വേണ്ട ശക്തമായ പിന്തുണ കൊടുക്കുവാനും NAMKC ക്ക് സാധിച്ചു. കൂടാതെ, നാളെയുടെ വാഗ്ദാനങ്ങളായ യുവതലമുറയെ അവരുടെ കഴിവുകൾ കണ്ടെത്തി, അവർക്കുവേണ്ട പിന്തുണയും പ്രോത്സാഹനവും കൊടുത്ത് ജീവിത വിജയത്തിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ ഒരു യൂത്ത് വിംഗ് ഈ സംഗമത്തോടുകൂടി ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു എന്ന് അറിയാൻ കഴിഞ്ഞു.

2022 ജൂലൈക്ക്ശേഷം ഉള്ള ചെറിയ കാലയളവിൽ NAMKC ഉണ്ടാക്കിയ നേട്ടങ്ങൾ വളരെ വലുതാണ്.

NAMKC യുടെ നല്ല പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും അനുമോദനങ്ങളും അറിയിക്കുന്നതിനോടൊപ്പം ക്നാനായ സംഗമത്തിൽ പങ്കെടുത്ത്, സമുദായത്തിന്റെ നിലനിൽപ്പിനും, അഭിവൃത്തിക്കും വേണ്ടി നമ്മളാൽ കഴിയുന്ന എല്ലാവിധ പിന്തുണയും നൽകി ഈ സംഗമം ഒരു വൻ വിജയമാക്കി മാറ്റുവാൻ നിങ്ങൾ ഓരോരുത്തരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

ക്നാനായ സമുദായ മാനേജിംഗ്
കമ്മറ്റിക്കുവേണ്ടി,
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
സമുദായ സെക്രട്ടറി

കവിത

# വലിയ നോമ്പ്

**ജയ്നമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ, കുഴിമറ്റം**

മോശയെ ഈശൻ വിളിച്ചിറക്കി
വിശ്വാസത്തിൻ വടി നൽകിയതുപോൽ
ആത്മീയ വേല പൂർത്തിയാക്കാൻ
വിശ്വാസത്തിൻ വടി നൽകിടുക
തീക്ഷ്ണതയോടെ നോമ്പു നോക്കാൻ
ഉപവാസവും ത്യാഗവും ഏറ്റെടുക്കാൻ
ഈശന്റെ പീഡയിൽ പങ്കു ചേരാൻ
കാൽവറി നാഥാ ശക്തി നൽകൂ!
ആത്മീക ഭൗതിക നേട്ടങ്ങൾക്കായി
നോമ്പുകാലം വന്നണഞ്ഞു
സന്തോഷത്തോടെ നോമ്പു നോക്കി
കർത്തനെ പാടി സ്തുതിച്ചീടുക
ആത്മാവും ആത്മാവും ഒത്തു ചേർന്ന്
ആത്മാവിൽ ആരാധിച്ചു ഒന്നാകുവാൻ
ആശയുണ്ടീശനെ ആശയുണ്ട്
ആക്കമില്ലായീശനെ കനിയണമെ.
ഏതൊരു കാര്യം തുടങ്ങും മുമ്പെ
കർത്തനോടു കാര്യം പറഞ്ഞീടുക
കർത്തൻ കാര്യം ഏറ്റെടുത്ത്
പൂർണ്ണ സഹായം നൽകുമല്ലോ
ദൈവ മക്കൾക്ക് പോരാട്ടമുണ്ട്
മാംസരക്തങ്ങളോടല്ല പോലും
അന്തരീക്ഷത്തിൽ പതിയിരിക്കുന്ന
സാത്താന്റെ വർഗ്ഗത്തോടു മാത്രമാണ്
ക്ഷണികമാം ജീവിതം ധന്യമാക്കാൻ
ഈശന്റെ കൃപ ഒഴുകിടുവാൻ
വെറുപ്പും അശുദ്ധിയും വിട്ടുകൊണ്ട്
അന്യോന്യം സ്നേഹം പങ്കുവെയ്ക്കൂ!
നാസീർ വൃതക്കാരനായ ശിംശോൻ
അശുദ്ധ ജീവിതം നയിച്ചതുമൂലം
കണ്ണ് രണ്ടും ചൂഴ്ന്നെടുത്ത്
മാവ് കുഴക്കേണ്ടിവന്നുപോലും
തിന്മയുടെ കെട്ട് അഴിഞ്ഞിടുവാൻ
ഉപവാസവും ത്യാഗവും ഏറ്റെടുത്ത്
പരിശുദ്ധ കുർബ്ബാന അനുഭവിച്ച്
പുണ്യ പ്രവൃത്തികൾ ചെയ്തിടുക
ലൗകിക സുഖത്തിൽ ഭ്രമിക്കുന്നോരേ
ഒന്നു നിൽക്കൂ ചിന്തിച്ചീടൂ
ഞൊടിയിട നേരത്തെ ലോകസുഖം
നിത്യജീവൻ നഷ്ടപ്പെടുത്തും
നിർമ്മല ഹൃദയത്തിനുടമയാകാൻ
പാട്ടുപാടി ആരാധിക്കുവാൻ
മാലാഖക്കൂട്ടം ഇറങ്ങിവരാൻ
പരിശുദ്ധ റൂഹാ നിറയണമേ
പിശാച് ബാധ ഒഴിവാക്കിടാൻ
മനുഷ്യായുധം പറ്റില്ലപോലും
ദൈവികായുധമാം നോമ്പെടുത്ത്
പിശാച് ബാധ ഒഴിവാക്കിടൂ
ശിശുവിന്റെ ചെവിയിൽ ഓതി കൊടുത്തും
മക്കളെ ഒക്കെ ചേർത്തു പിടിച്ചും
നോമ്പിന്റെ ഗുണങ്ങൾ പറഞ്ഞു കൊടുത്തും
ശക്തരാം തലമുറയെ വാർത്തെടുക്കൂ!

# ആത്മരക്ഷയും നോമ്പും

അമ്മാൾ രാജൻ പുളിമൂട്ടിൽ, സീതത്തോട്

**നാം** ഇപ്പോൾ വലിയ നോമ്പിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ഇറച്ചിക്ക് വിലക്ക്, മീനിനു വിലക്ക്, മുട്ടയ്ക്ക് വിലക്ക്. നമ്മുടെ ജീവിത ശൈലിക്കാണ് വിലങ്ങിടേണ്ടത്. നമ്മുടെ ലക്ഷ്യം സ്വർഗ്ഗരാജ്യമാണ്. കള്ളൻ എങ്ങനെയാണ് പറുദീസാ നേടിയത്. അവൻ നിമിഷനേരം കൊണ്ടു നേടിയെടുത്ത പറുദീസായ്ക്ക് എന്താണ് കൊടുത്തത് സ്വർണ്ണവും പണവും റെക്കമെന്റും ഒന്നമല്ലായിരുന്നു. പശ്ചാത്താപവും, കുറ്റബോധവും, അനുതാപവും എല്ലാം കൂടി കൂട്ടിച്ചേർത്ത് ഒറ്റവാക്യത്തിൽ മ്ശിഹാ തമ്പുരാനെ നീ എഴുന്നെള്ളി വരുമ്പോൾ എന്നെക്കൂടി ഓർക്കേണമേ! പട്ടക്കാരോ, തിരുമേനിയോ, മന്ത്രിയോ ആരുമേ റെക്കമെന്റു ചെയ്യാതെ തന്നെ ആ പാവപ്പെട്ട കള്ളന്റെ യാചനയ്ക്കു മറുപടി ലഭിച്ചു. "ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും" (ലൂക്കോ.24:43). ഇന്നു "നിങ്ങൾ കിണ്ടികിണ്ണങ്ങളുടെ പുറം വെടിപ്പാക്കുന്നു. നിങ്ങളുടെ ഉള്ളിലോ കവർച്ചയും ദുഷ്ടതയും നിറഞ്ഞിരിക്കുന്നു" (ലൂക്കോ. 11–39). നിങ്ങൾക്ക് പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും പ്രീയമാകുന്നു (ലൂക്കോ.11: 44). ഞാൻ ഉൾപ്പെടെയുള്ള ജനസമൂഹം ഇങ്ങനെയാണ്. ഇറച്ചിയും മീനും മുട്ടയും ഒന്നും ഒഴിവാക്കിയതുകൊണ്ട് നോമ്പ് ആകുന്നില്ല. നമ്മുടെ നാവിൽ നിന്നു വരുന്ന വേണ്ടാത്ത വാക്കുകൾ, നാം കാണുന്ന വേണ്ടാത്ത കാഴ്ചകൾ, ആവശ്യമില്ലാത്ത കാര്യങ്ങൾക്കുള്ള ശ്രദ്ധകൾ, നമ്മുടെ വേണ്ടാത്ത പ്രവൃത്തികൾ ഇതൊക്കെയാണ് ആഹാരത്തിനേക്കാളും പ്രധാനപ്പെട്ടത്. ഉപദ്രവിക്കുന്നവരെ അനുഗ്രഹിക്കാൻ നമുക്കു പറ്റുന്നുണ്ടോ. "വായും നാവും സൂക്ഷിക്കുന്നവൻ തന്റെ പ്രാണനെ കഷ്ടങ്ങളിൽ നിന്നു സൂക്ഷിക്കുന്നു (സദൃ.21:24). വായിക്കകത്തു കടക്കുന്നതെല്ലാം വയറ്റിൽ ചെന്നിട്ടു മറപ്പുരയിൽ പോകുന്നു. വായിൽ നിന്നു പുറപ്പെടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു. അതു മനുഷ്യനെ അശുദ്ധമാക്കുന്നു. ദുശ്ചിന്ത, കൊലപാതകം, വ്യഭിചാരം, പരസംഗം, കള്ളസാക്ഷ്യം, ദൂഷണം; ഇതൊക്കെ മനുഷ്യനെ അശുദ്ധമാക്കുന്നു (മത്തായി 15:20). മാനസാന്തരമല്ല മനുഷ്യന് ആവശ്യം, രൂപാന്തരമാണ് വേണ്ടത്. ഒരിക്കൽ ഒരിടത്ത് ആളുകൾ തിങ്ങി നിറഞ്ഞു ഒരു പ്രാർത്ഥനായോഗം നടക്കുകയായിരുന്നു. അവരുടെ ഇടയിലേക്ക് കുറേ തോക്കുധാരികൾ ഇരച്ചുകയറി വചനം പ്രസംഗിച്ചുകൊണ്ടിരുന്ന അദ്ധ്യക്ഷന്റെ കൈയ്യിൽ നിന്ന് വേദപുസ്തകം പിടിച്ചുവാങ്ങിയിട്ട് താഴെ വച്ചു. എന്നിട്ട് ജീവൻ വേണമെങ്കിൽ ഈ വേദപുസ്തകത്തിൽ ചവിട്ടണമെന്നു പറഞ്ഞു. അനുസരിക്കാത്തവരെ ഈ തോക്കുകൊണ്ടു വെടിവച്ചു കൊല്ലുമെന്നു പറഞ്ഞു. അവിടെ കൂടിയിരുന്നവർ ഓരോരുത്തരായി പുസ്തകത്തിൽ ചവിട്ടിയിട്ട് ഇറങ്ങി പോയി ജീവൻ രക്ഷിച്ചു. അവസാനമായി ഒരു കൊച്ചുപെൺകുട്ടി കരഞ്ഞുകൊണ്ട് നിലത്തുനിന്ന് ആ പുസ്തകം കൈയിലെടുത്തു മാറോടു ചേർത്തു പിടിച്ചിട്ട് ചുംബിച്ചു. എന്നിട്ട് അവരോട് പറഞ്ഞു എന്നെ സ്നേഹിച്ചു ജീവൻ വെടിഞ്ഞ യേശുവിന്റെ വാക്കുകളാണ് ഈ ബൈബിളിൽ എഴുതിയിരിക്കുന്നത്, നിങ്ങൾ എന്നെ വെടിവച്ചു കൊന്നേക്കാൻ പറഞ്ഞു. തോക്കുധാരികൾ തോക്കുകൾ താഴെയിട്ട് ആ കൊച്ചു പെൺകുട്ടിയ്ക്ക് കീഴടങ്ങി ക്രിസ്തുവിന്റെ അനുയായികളായി തീർന്നു. നോമ്പു നോക്കുന്ന എത്രയോ പേര് അങ്ങോട്ടും ഇങ്ങോട്ടും പിണക്കത്തിൽ കഴിയുന്നവരുണ്ട്. "ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നത്താൻ ശ്രേഷ്ഠൻ എന്ന് എണ്ണി കൊൾവീൻ (ഫിലി. 3:3–5).

നമ്മുടെ പ്രവൃത്തികൾ കണ്ട് മറ്റുള്ളവർ ദൈവത്തിന് ബഹുമാനം കൊടുക്കണം. മക്കളെക്കുറിച്ചു സമൂഹം നല്ലതു പറയുകയാണെങ്കിൽ അപ്പനും അമ്മയ്ക്കുമൊക്കെ അഭിമാനത്തോടെ നടക്കാൻ പറ്റും. നോമ്പുനോൽക്കുകയും ഉപവസിക്കുകയും ഒക്കെ ചെയ്യുമ്പോൾ മത്സ്യമാംസാദികളുടെ വെടിയലല്ല നമ്മുടെ ജീവിതത്തിലുള്ള മാറ്റങ്ങളാണ് വെളിപ്പെടേണ്ടത്. ദൈവത്തോടു ചേർന്നിരിക്കാനുള്ള അവസരം മറ്റുള്ളവരോടുള്ള വിദ്വേഷവും,വെറുപ്പും, പകയും ഒക്കെ മാറ്റി സ്നേഹത്തിന്റെയും സഹനത്തിന്റെയും ഒക്കെ ഒരു ഉണർവ്വു നമ്മളിൽ ഉണ്ടാകുന്നില്ലെങ്കിൽ നോമ്പുകൊണ്ട് എന്തുപ്രയോജനം. നിലവിളിക്കാൻപോലും ആകാത്തവിധം നിശബ്ദമായി പോയ ജീവിതങ്ങളുണ്ടാകും. ആശയറ്റ കണ്ണുകൾ കണ്ടെത്തി കനിവു കാണിക്കുക എന്നതാണ് ഈ വലിയ നോമ്പിൽ നമ്മുടെ സുവിശേഷം. പെരുംകള്ളനായിരുന്ന ഒരാൾ തന്റെ ഏകമകൾ മരിച്ചപ്പോൾ തന്റെ മകളുടെ ശരീരത്തു ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങളെല്ലാം വലിച്ചെറിഞ്ഞു. എന്നിട്ട് കരഞ്ഞുകൊണ്ടു പറഞ്ഞു പാവങ്ങളുടെ പിടിച്ചുപറിച്ച മുതലാണ് ഇതെല്ലാം. അയാൾക്കു മാനസാന്തരം ഉണ്ടായത് അയാളുടെ മകളുടെ മരണത്തിലൂടെയാണ്. ഈ നോമ്പിൽ കൂടി നാം കടന്നുപോകുമ്പോൾ ക്രിസ്തുവിന്റെ കുരിശുമരണം നമ്മുടെ ജീവിതത്തിനു മാറ്റമുണ്ടാകട്ടെ. കുമ്പസാരിക്കുന്നതു ചടങ്ങായി മാറിക്കൊണ്ടിരിക്കുന്ന കാലം. വി. കുർബ്ബാന കൈകൊള്ളുമ്പോൾ ആരെയാണ് നാം സ്വീകരിക്കുന്നത്. നമ്മുടെ വീട്ടിൽ ഒരു അതിഥി വരുന്നെന്ന് കേട്ടാൽ നമ്മൾ എത്ര ഭംഗിയായി നമ്മുടെ വീടു അടുക്കി പെറുക്കി ഇടും. അങ്ങനെയെങ്കിൽ ലോകത്തിന്റെ മുഴുവൻ അധികാരി ആയവനെയാണ് നമ്മുടെ ശരീരമാകുന്ന ഭവനത്തിൽ സ്വീകരിക്കുന്നത്.

രാജനേശു വന്നിടും നീ ഒരുങ്ങിട്ടുണ്ടോ
നിർമ്മലമാം നീതി വസ്ത്രം നീ ധരിച്ചിട്ടുണ്ടോ

# പരസ്നേഹം

റ്റി. യു. ജോസ് തൈത്ര, കുറിച്ചി

അന്യരുടെ വേദനയും ദുഃഖവുമൊക്കെ സ്വന്തമെന്നോണം നമുക്കോരോരുത്തർക്കും കാണുവാനും അവർക്ക് സഹായ ഹസ്തങ്ങൾ നീട്ടുവാനുമാണ് നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മെ പഠിപ്പിച്ചത്; "നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക" എന്നത്. ഭാരതത്തിന്റെ പവിത്രമായ ഋഗ്വേദം പഠിപ്പിക്കുന്നത് "ചാരിറ്റി" ജീവകാരുണ്യപ്രവർത്തനം എന്നത് മനുഷ്യർ പരസ്പരമുള്ള ഉത്തരവാദിത്വമാണെന്നാണ്. ദൈവശാസ്ത്രം പ്രതിപാദിക്കുന്നത് ഇങ്ങനെ വേണം ദൈവത്തോടുള്ള സ്നേഹം പ്രകടമാക്കാൻ എന്നാണ്. മുസ്ലീം സഹോദരങ്ങൾ "സക്കാത്ത്" എന്ന പഠിപ്പിക്കലിലൂടെ ചാരിറ്റി ഒഴിച്ചുകൂടാനാവാത്ത സത്പ്രവൃത്തിയായി കാണുന്നു. മതങ്ങളെല്ലാം ലക്ഷ്യം ഇടുന്നത് ദാരിദ്ര്യത്തിൽ നിന്നുള്ള മോചനമാണ്. അതുതാനായിരിക്കുന്ന അവസ്ഥയിലും അതിന്റെ പരിമിതിയിൽ നിന്നു കൊണ്ട് "വലംകൈ കൊടുക്കുന്നത് ഇടംകൈ അറിയരുത്" എന്നുള്ള വചനങ്ങളെ ഏറെപാലിച്ച് നിവർത്തിക്കുക എന്നതാണ് ഓരോരുത്തരുടെയും ധർമ്മം. ഇതുപോലെ നമ്മുടെ നോമ്പുകാലത്ത് നമ്മൾ വർജ്ജിക്കുന്ന ഭക്ഷണസാധനങ്ങളുടെ വില സ്വരൂപിച്ചത് ഇടവകകളിൽ കൊടുത്ത് അത് സമുദായതലത്തിൽ എത്തിച്ച് ഒരു നോമ്പ്കാല ചാരിറ്റിയായി അത് വിനിയോഗിക്കുവാൻ സാധിച്ചാൽ അത് ഒരു സത്കർമ്മമാവുകയില്ലേ.

സ്വന്തം സമൂഹത്തിലും സമുദായത്തിലുമൊക്കെ പല രീതിയിലുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. വിവാഹപ്രായമായ മക്കളുടെ വിവാഹം നടത്തി കൊടുക്കുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന മാതാപിതാക്കൾ, കയറി കിടക്കുവാൻ വീടില്ലാത്തവർ, രോഗാവസ്ഥയിലായി ചികിത്സക്കു പണമില്ലാതെ വിഷമിക്കുന്നവർ, മക്കൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുവാൻ ആഗ്രഹിച്ചിട്ടും പണമില്ലാതെ വിഷമിക്കുന്ന മാതാപിതാക്കൾ, ദാരിദ്ര്യ ദുഃഖം അനുഭവിക്കുന്നവർ ഇങ്ങനെ ധാരാളം ബുദ്ധിമുട്ടനുഭവിക്കുന്നവർ. ഇങ്ങനെയുള്ളവരുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെന്ന് അവരെ സഹായിക്കുന്നത് ക്രിസ്തു പഠിപ്പിച്ച പരസ്നേഹമല്ലെ? സഭയും സമൂഹവുമൊക്കെ ഇങ്ങനെയുള്ളവരെ കാണാതെ ചില സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വ്യവഹാരങ്ങൾക്കും, ആർഭാടങ്ങൾക്കും ഒക്കെ എത്ര ലക്ഷങ്ങളാണ് ദുർവിനിയോഗം ചെയ്യുന്നത്?

സഭയിലും സമൂഹത്തിലുമൊക്കെ ചേരിതിരിഞ്ഞുള്ള മത്സരവും വഴക്കുമൊക്കെ ഈ കാലഘട്ടത്തിൽ കാണുന്ന ഒരു വിപത്താണ്. കുടുംബ വൈരാഗ്യങ്ങൾ, വ്യക്തി വിരോധങ്ങൾ ഇവ തീർക്കുന്ന വേദിയായി സഭയേയും സമൂഹത്തേയും ഇക്കൂട്ടർ ഉപയോഗിക്കുന്നു. ആദ്ധ്യാത്മിക മണ്ഡലങ്ങളിൽപോലും പരസ്പര സഹകരണത്തിന്റെയും, സഹായത്തിന്റെയും സൗഹൃദത്തിന്റെയും, സ്നേഹത്തിന്റെയുമൊക്കെ നല്ല വചനങ്ങൾ വിളമ്പി കൊടുക്കേണ്ടവർ സ്വന്തം നിലനിൽപ്പിനും സ്ഥാനമാനങ്ങളുടെ തൊങ്ങലുകൾക്ക് നീളം കൂട്ടുന്നതിനും മറ്റുമുള്ള സ്വാർത്ഥമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് യാതൊരു സങ്കോചവുമില്ല. ഈ പശ്ചാത്തലത്തിലാണ് ക്രിസ്തു നൽകിയ മഹത്തായ തത്വങ്ങൾക്ക് പ്രസക്തി ഉണ്ടാകുന്നത് അതായത് "നാം സ്വയം സ്നേഹിക്കുന്നതുപോലെ മറ്റുള്ളവരേയും സ്നേഹിക്കണമെന്ന്". ഈ സ്നേഹം ഉണ്ടെങ്കിൽ മാത്രമെ നമുക്ക് മറ്റുള്ളവർക്കുവേണ്ടി സഹനങ്ങൾ സഹിക്കുവാനും പരസ്പരം ക്ഷമിക്കുവാനും വിട്ടുവീഴ്ചാ മനോഭാവത്തോടെ സഹോദരനെ കാണുവാനും സാധിക്കുകയുള്ളൂ. ത്യാഗപൂർണ്ണമായ സഹനമാണ് സ്നേഹം. പരാതിയുടെ തലത്തിൽ നിന്നും വിശുദ്ധിയുടെ തലത്തിലേക്ക് ഉയർത്തപ്പെടുവാനുള്ള അനുഗ്രഹമാണ് സഹനം. 2 തീമോ.2:3 ൽ പറയുന്നു "ക്രിസ്തുവിന്റെ നല്ല ഭടനായി എന്നോടുകൂടി കഷ്ടം സഹിക്കുക".

നമ്മുടെ സഭകളും, സാമൂഹ്യസംഘടനകളും ഒക്കെ ഓർഫനേജുകൾ, വൃദ്ധസദനങ്ങൾ എന്നിവ നല്ലവരായ ആളുകളുടെ സഹായ സഹകരണങ്ങൾ വഴി നല്ല രീതിയിൽ സേവന സന്നദ്ധരായ പ്രവർത്തകർ, കന്യാസ്ത്രീകൾ, പുരോഹിതർ അവരുടെ നേതൃത്വത്തിൽ നടക്കുന്നത് നമുക്ക് കാണുവാൻ സാധിക്കും. യാതൊരു പ്രതിഫല ഇച്ഛയും കൂടാതെ ദൈവശുശ്രൂഷയായി ഇവർ അതിനെ കണ്ടുകൊണ്ടു സേവനം ചെയ്യുന്നു. എന്നാൽ ചുരുക്കം ചില സ്ഥാപനങ്ങളിൽ അലവൻസും ശമ്പളവുമൊക്കെ കൈപ്പറ്റിക്കൊണ്ട് സേവനം ചെയ്യുന്ന ചില ഭരണാധികാരികൾ ഈ പ്രസ്ഥാനങ്ങളിലേക്ക് ലഭിക്കുന്ന ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുകയും അനാഥരായ കുഞ്ഞുങ്ങൾക്കും പാവപ്പെട്ടവരായ വൃദ്ധജനങ്ങൾക്കും വേണ്ടി വാങ്ങുന്ന ഭക്ഷ്യവസ്തുക്കളും മറ്റ് സാധന സാമഗ്രികളുമൊക്കെ തങ്ങളുടെ വീടുകളിലേക്കും ബന്ധുമിത്രാദികളുടെ കൈകളിലേക്കും പോകുന്നതായി കേൾക്കാറുണ്ട്. "പിച്ചച്ചട്ടിയിൽ നിന്ന് കൈയിട്ടുവാരുന്ന" ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നവരെ ഉത്തരവാദപ്പെട്ടവർ മനസ്സിലാക്കി പ്രവർത്തിക്കണം. സഭയും സമൂഹവുമൊക്കെ തങ്ങളുടെ ലക്ഷ്യത്തിൽ നിന്ന് മാറിപോകാതെ അർഹിക്കുന്നവരെ സഹായിച്ച് അനീതിയും അഴിമതിയും ഒന്നും ഇല്ലാതെ പ്രവർത്തിക്കുന്നതു വഴി ദൈവത്തെ സ്നേഹിക്കുവാനും ആരാധിക്കുവാനും നമുക്ക് കഴിയട്ടെ.

# 22 ാമത് ക്നാനായ കൺവൻഷൻ 2024



# ക്നാനായ കോൺഗ്രസ്സ് അർദ്ധവാർഷിക സമ്മേളനം



ക്നാനായ കോൺഗ്രസ്സ് അർദ്ധവാർഷിക സമ്മേളനം വെളിയനാട് സുഖാർ ധ്യാനകേന്ദ്രത്തിൽ **ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.** ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ കോൺഗ്രസ്സ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, ക്നാനായ സമുദായ സെക്രട്ടറി ശ്രീ. ടി.ഒ. ഏബ്രഹാം തോട്ടത്തിൽ, ശ്രീ. റോയ് പുത്തൻ പുരയ്ക്കൽ, ശ്രീ. അനീഷ് തകിടിയിൽ, ശ്രീ. കൊച്ചുമോൻ ഒറ്റത്തൈക്കൽ, ശ്രീ. സാബു തോട്ടുങ്കൽ, ശ്രീ. ജെയ്മോൻ മെപ്രത്ത്, ശ്രീ. സ്മിജു മറ്റക്കാട്ട്, ശ്രീ. സി.എ. ഏബ്രഹാം ചാങ്ങയിൽ, ശ്രീ. ബിനു കല്ലേമണ്ണിൽ, ശ്രീ. ബിബിൻ കല്ലംപറമ്പിൽ എന്നിവർ സമീപം.




Advt - O

## റാന്നി അഞ്ചാനി ദൈവാലയത്തിന്റെ കുടുംബസംഗമവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ 20-ാം മെത്രാഭിഷേക വാർഷികവും



റാന്നി അഞ്ചാനി ദൈവാലയത്തിന്റെ കുടുംബസംഗമവും ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസിന്റെ 20 – ാം മെത്രാഭിഷേക വാർഷികവും ക്നാനായ സമുദായ ഭാരവാഹികളുടെ സ്വീകരണവും ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് ഉദ്ഘാടനം ചെയ്യുന്നു. സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി റ്റി. സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, ഫാ. എബി സഖറിയാ മട്ടയ്ക്കൽ, സാബു പാരുമല, സണ്ണി ഇടയാടി, ജയ്മോൻ മേപ്രത്ത്, ശ്രീമതി ഡെബി സജി, ജോസ്കുട്ടി ഇടയാടി, ലിജു പുതുപ്പറമ്പിൽ, വേൽസുകുട്ടി പരുമല, ജയിക്കബ് മാത്യു, ബാബുജി എന്നിവർ സമീപം.

## ജന്മദിന ആഘോഷം





മാർത്തോമാ സഭാ പരമാധ്യക്ഷൻ H.E. മോസ്റ്റ് റവ. ഡോ. തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്താ തിരുമേനിയുടെ എഴുപത്തിയഞ്ചാം ജന്മദിനത്തിൽ ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും, ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിലും തിയോഡോഷ്യസ് തിരുമേനിയെ ഷാൾ അണിയിക്കുന്നു.
സഹായ മെത്രാപ്പോലീത്താ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയും, ക്നാനായ മാനേജിംഗ് കമ്മിറ്റിയംഗം റ്റിജു തോട്ടുപുറവും സമീപം. കൂടാതെ മന്ത്രി വീണാ ജോർജ്, ജോസ് കെ. മാണി **MP**, പ്രമോദ് നാരായണൻ **MLA**, മുൻ രാജ്യസഭാ അദ്ധ്യക്ഷൻ പി.ജെ. കുര്യൻ, മന്ത്രി സജി ചെറിയാൻ, മന്ത്രി പി. പ്രസാദ്, മറ്റ് സഭാ മേലധ്യക്ഷന്മാർ എന്നിവർ പങ്കെടുത്തു.



## സേവേറിയോസ് ഹൗസിങ് പ്രോജക്റ്റിന്റെ ഭവനനിർമ്മാണ ഉദ്ഘാടനം

റാന്നി മോതിരവയലിൽ ക്നാനായ സമുദായത്തിന്റെ ഏഴില്ലം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന സേവേറിയോസ് ഹൗസിംഗ് പ്രോജക്ടിന്റെ ഭവനനിർമ്മാണ ഉദ്ഘാടനം സമുദായ സെക്രട്ടറി റ്റി.ഒ ഏബ്രഹാം തോട്ടത്തിൽ നിർവഹിക്കുന്നു. ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ക്നാനായ കമ്മിറ്റി അംഗങ്ങളായ ആലിച്ചൻ ആറൊന്നിൽ, റ്റിജു ഏബ്രഹാം തോട്ടുപുറം, അസ്സോസിയേഷൻ അംഗം സണ്ണി ഇടയാടി, ജോയിക്കുട്ടി എബ്രഹാം, ജിജിമോൾ ആലിച്ചൽ, ശാലോമോൻ തോമസ് എന്നിവർ സമീപം.

## Managing Committee 2023-24



**Fr. Jojo Joseph Puthenpurackal**
Ranny
Vicar



**Thushoor Abraham**
(Trustee)
Pulimoottil Rannny



**Magson Thampy**
(Secretary)
Kavumpattu
Palantharamalayil
Eraviperoor



**Binson Kuriakose**
Anjilimoottil
Kathanasseril, Kattode



**Tijo Babu**
Vattathakidiyil
Chingavanam



**Binu Thomas**
Cheruvallil
Kurichy



**Jefin Prince**
Manakkattu
Chingavanam



**Jibin Thomas Mathew**
Peelithara, Venpala,
Thiruvalla



**Sumith Markose**
Chirayil, Chingavanam
(Association member)



**Milko Abraham**
Mailadumparayil
Kanamala
(Association member)



**Somy Magson**
Kavumpattu
Palanthra Malayil
Vanitha Samajam
Trustee



**Veena Jeffin**
Manakkattu
Chingavanam
Vanitha Samajam
Secretary

Advt - O

# ഇൻസ്റ്റാഗ്രാമിൽ സ്നേഹം തിരയുന്ന കുഞ്ഞുങ്ങൾ



സുനിൽ ഡി. കുരുവിള

കഴിഞ്ഞ ദിവസം നമ്മുടെ നാട്ടിലെ ഒരു സ്കൂൾ കുട്ടിയെ കാണാതാവുകയും പിന്നീട് ഇൻസ്റ്റാഗ്രാമിൽ പരിചയപ്പെട്ട സുഹൃത്തുക്കളോടൊപ്പം ബസ്സിൽ കയറി പോയതാണ് എന്നറിയുകയും കുട്ടി തിരികെ എത്തി എന്നറിയുകയും ചെയ്ത സാഹചര്യത്തിൽ ഞാൻ സാമൂഹിക മാധ്യമത്തിൽ എഴുതിയ പോസ്റ്റാണ് താഴെ കൊടുത്തിരിക്കുന്നത്.

(ആ കുട്ടിയെ തെറി പറഞ്ഞുകൊണ്ടും വളരെ മോശമായി ചിത്രീകരിച്ചുകൊണ്ടും പലരും അഭിപ്രായങ്ങൾ എഴുതിയത് കണ്ടിട്ടാണ് ഞാൻ പ്രതികരിച്ചത്).

പോസ്റ്റ്.

ഒരു കുട്ടിയെ കാണാതായി. തിരികെ കിട്ടി. വളരെ ഉന്നതമായി പ്രവർത്തിച്ച പോലീസിന് അഭിനന്ദനങ്ങൾ.

ആ കുട്ടിയെക്കുറിച്ചും കുടുംബത്തെക്കുറിച്ചും മോശമായി സാമൂഹിക മാധ്യമത്തിൽ ഒക്കെ എഴുന്നവർ ഓർക്കുക- നാളെ നിങ്ങളും നിങ്ങളുടെ കുട്ടികളും ഇതുപോലെ ഇരയാകപ്പെടില്ല എന്ന് എന്ത് ഉറപ്പാണ് നിങ്ങൾക്കുള്ളത്?

ഇത് ഒരു വല്ലാത്ത കാലമാണ്! നാളെ എവിടെ എന്ത് സംഭവിക്കും എന്ന് ആർക്കും ഒരു ഉറപ്പുമില്ല. മൈനർ ആയ ഒരു കുട്ടിക്ക് എന്ത് തെറ്റ് പറ്റിയാലും അതിനു പ്രേരണ നൽകിയ പ്രോത്സാഹിപ്പിച്ച ആൾക്കാർ തന്നെയാണ് കുറ്റക്കാർ. നല്ല ദർശനവും കാഴ്ചപ്പാടും ആ കുട്ടിക്ക് കൊടുക്കാൻ കഴിയാതെപോയ പേരെന്റ്സും. നല്ല തിരിച്ചറിവ് നൽകാൻ കഴിയാതെപോയ- ശരിയും തെറ്റും മനസ്സിലാക്കാൻ കഴിവ് നൽകാതെ പോയ വിദ്യാഭ്യാസവും ഇവിടെ പ്രതിയാണ്. പ്രിയരേ, ഒരു ദുരന്തം വരുമ്പോൾ ആഘോഷിക്കുകയല്ല മറിച്ചു ചേർത്തുപിടിക്കുക! ആ കുഞ്ഞും അവളുടെ കുടുംബവും നമ്മുടെ മിഷൻ ആകുമ്പോഴാണ് നമ്മളൊക്കെ ഒരു സമൂഹമാകുന്നത്.

ഇനി ഇത്തരം കാര്യങ്ങൾ നമ്മുടെ സമൂഹത്തിൽ ഉണ്ടാവാതിരിക്കാൻവേണ്ട പ്രവർത്തനങ്ങൾ നമ്മൾ ഏറ്റെടുക്കുമോ? Counselling ഉം guidance ഉം ഒക്കെ നമ്മുടെ സമൂഹത്തിൽ ആരാധനാലയങ്ങളിൽ - സ്കൂളുകളിൽ ഒക്കെ വ്യാപകമാകട്ടെ! മാതാപിതാക്കൾ, അദ്ധ്യാപകർ, കുട്ടികൾ ഒക്കെ കൃത്യമായി പരിശീലിക്കപ്പെടണം. Tuition അല്ല life guidance ആണ് കുട്ടികൾക്ക് ആദ്യം വേണ്ടത്. മാതാപിതാക്കൾ പലരും കുട്ടികളെ മനസ്സിലാക്കുന്നില്ല. അവരുടെ മനോവ്യാപാരങ്ങൾ അറിയുന്നില്ല. അവരുടെ മാറ്റങ്ങൾ- വളർച്ച ഒന്നും ശ്രദ്ധിക്കുന്നില്ല. കൗമാരത്തിൽ കുട്ടികൾക്ക് ഏറ്റവും വേണ്ടത് വ്യക്തിത്വ വികസനമാണ്... മൂല്യബോധവും സംസ്കാരവും വളർത്താനുള്ള ശ്രമമാണ്. നല്ല സുഹൃത്ബന്ധങ്ങളില്ല, കലയില്ല, കളിയില്ല, സാമൂഹിക ബോധമില്ല, ബന്ധുക്കളുമായോ- അയൽക്കാരുമായോ നല്ല ഇടപെടലുകളില്ല, യാത്രകളില്ല..

മതിൽകെട്ടിനുള്ളിലെ ജീവിതം...broiler സ്കൂളുകൾ- tuition- cellphone - അത്രയേയുള്ളു ജീവിതത്തിന്റെ വിസ്തീർണ്ണം! സ്ക്രീനിന്റെ വലിപ്പം മാത്രമുള്ള ജീവിത ദർശനം! പലകുട്ടികളും വൈകാരികമായും മാനസികമായും അരക്ഷിതാവസ്ഥ അനുഭവിക്കുന്നവരാണ്. അവർക്ക് ആവശ്യമായ സ്നേഹമോ കരുതലോ ലഭിക്കുന്നില്ല. സന്തോഷമില്ല. ഇവിടെയാണ് പുറത്തുള്ളവർ നമ്മുടെ കുട്ടികളെ 'സ്വാധീനിക്കാനുള്ള' ഇടമുണ്ടാകുന്നത്! മൊബൈൽ ഫോൺ അല്ല കാരണം നമ്മുടെയൊക്കെ parenting ആണ് കാരണം! മാർക്കും ഗ്രേഡും 'മിടുക്കും' മാത്രം ലക്ഷ്യം വച്ച് പഠിപ്പിക്കുന്ന സ്കൂളുകളാണ് മറ്റൊരു ദുരന്തം! നല്ല മനുഷ്യർ എന്നാകട്ടെ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യം! വെറും rituals മാത്രം നടത്തി ജനങ്ങളെ പോക്കറ്റടിക്കുന്ന മതമൊക്കെ എത്ര ദാരിദ്ര്യമാണ് ഈ കാലഘട്ടത്തിൽ. ഇവർക്കൊക്കെ എന്ന് നേരംവെളുക്കും ദൈവമേ?

പണ്ട് വീട്ടിൽ തെറ്റിയാൽ സ്കൂളിൽ നേടാൻ കഴിയുന്ന ആർദ്രത വിദ്യാഭ്യാസത്തിനുണ്ടായിരുന്നു! സ്കൂളിൽ പഠിക്കാൻ പഠിപ്പിച്ചാൽ വീട്ടിൽ 'ജീവിക്കാൻ' പഠിപ്പിക്കുമായിരുന്നു. പുറത്തു കുട്ടികളെ തട്ടിയെടുക്കാൻ പറ്റാത്തവിധം സംരക്ഷണം നൽകുന്ന സമൂഹം ഉണ്ടായിരുന്നു! ഓർക്കുക നല്ല ജീവിതത്തിനുവേണ്ടി എല്ലാ നല്ല മനുഷ്യരും ഒന്നിച്ചു നിൽക്കുക. വിഘടിക്കാനല്ല ഒരുമിക്കാൻ പരിശ്രമിക്കാം! ദുഷ്ടശക്തികളൊക്കെ സംഘടിതരാണ്! നമ്മുടെ ഒരു കുഞ്ഞും നഷ്ടപ്പെട്ടു പോകാതിരിക്കട്ടെ!

ഇനി ഇതിനു വന്ന ചില 'രോഗാതുരമായ' കമന്റുകൾ വായിക്കാം..

* ഞങ്ങളുടെ വീട്ടിൽ ഇത് നടക്കത്തില്ല! അടിച്ചു കാല് തല്ലി ഒടിക്കും!

* മൊബൈൽ ഫോൺ ആണ് എല്ലാത്തിനും കാരണം. അത് നിരോധിച്ചാൽ പ്രശ്നം തീരും!

* പണ്ട് കൗൺസിലിംഗ് ഒന്നും ഇല്ലായിരുന്നു! കുട്ടികൾ എല്ലാം നന്നായി വളർന്നു.

* മോശം മാതാപിതാക്കൾ വളർത്തിയ എത്രയോ പേർ നല്ലവരായി. അനാഥകുട്ടികൾവരെ നന്നായിട്ടില്ലേ?

* അനാവശ്യ ബാലാവകാശ നിയമങ്ങളാണ് എല്ലാത്തിനും കാരണം.

* ഇവളൊന്നും ഈ ലോകത്തല്ലേ ജീവിക്കുന്നത്? കൊന്നു തള്ളാഞ്ഞതു ഭാഗ്യം.

* കൂടെപ്പോയ ആൺകുട്ടികൾ മാത്രം എങ്ങനെ കുറ്റക്കാരാകും... അവളല്ലേ സ്വന്തം ഇഷ്ടപ്രകാരം പോയത്?

ഇനി അതിനുള്ള ഉത്തരത്തിലേക്കു വരാം:

അമിതമായി കുട്ടികളോട് strict ആകുന്ന വീടുകളിൽ ഒന്നുകിൽ കുട്ടികൾ ജീവിതത്തിൽ പരാജയമാകാം അല്ലെങ്കിൽ അവർ ആ അധികാരത്തിനെതിരെ rebel ചെയ്യാം! അത്തരം വളർത്തൽ toxic ആണ്. സൂക്ഷിച്ചാൽ ദുഃഖി

ക്കേണ്ട അത്രതന്നെ. Mobile phone അല്ല ഇത്തരം സംഭവങ്ങളുടെ കാരണം. കുട്ടികളെ ചെറിയ പ്രായം മുതലേ മനസ്സിലാക്കാനും അവരുമായി തുറന്നു ചർച്ച ചെയ്യാനും മാതാപിതാക്കൾക്ക് സമയമുണ്ടോ? അവരുടെ സ്വഭാവ വൈകാരിക മാനസിക സ്ഥിതി അറിയാൻ ശ്രമിക്കാറുണ്ടോ? അതിൽ വേണ്ട പുരോഗതി സൃഷ്ടിക്കാറുണ്ടോ? അവരുടെ മനോവ്യാപാരം അറിയണം. അവരുടെ വ്യക്തിത്വ വികസനം, മൂല്യബോധം, സംസ്ക്കാരം ഒക്കെ ഉറപ്പാക്കണം! കുട്ടികൾക്ക് കൊടുക്കാവുന്ന ഏറ്റവും വലിയ gift നിലവാരമുള്ള സമയമാണ്. അതിനു മാതാപിതാക്കൾക്ക് ശക്തമായ പരിശീലനവും Counselling ഉം അനിവാര്യമാണ്. മൊബൈൽ ഫോൺ ഇനി ഇല്ലാതാക്കാൻ കഴിയില്ല എന്നാൽ അത് എങ്ങനെ ഉപയോഗിക്കണം എന്നും എവിടെ വര വരയ്ക്കണം എന്നും നന്നായി വളർത്തിയ കുട്ടിക്കറിയാം.

പണ്ട് Counselling ഇല്ലായിരുന്നു പക്ഷെ അന്ന് തിരുത്താനും ശാസിക്കാനും ക്രമീകരിക്കാനും ഒക്കെ വീട്ടിൽ പ്രായമുള്ളവർ ഉണ്ടായിരുന്നു... ആത്മീയത ഉണ്ടായിരുന്നു! ദാരിദ്ര്യം ഇല്ലായ്മ ഒക്കെ സാമൂഹിക പ്രതിരോധമായിരുന്നു. ഇന്ന് പണമുണ്ട് അനുസരണയില്ല... കുട്ടികൾക്ക് കണ്ടു വളരാൻ നല്ല മാതൃകകളില്ല. ഗുരുവില്ല... എല്ലാം google ആണ്. സ്വഭാവം നന്നായില്ലെങ്കിലും മാർക്ക് കിട്ടിയാൽ മതി. എങ്ങനെയും പണമുണ്ടാക്കാം... പണം കൊടുത്താൽ പേരുണ്ടാക്കാം... അവാർഡ് വാങ്ങാം..

അപ്പോൾ Counselling അനിവാര്യമാകും! Counselling ലൂടെ ലഭിക്കുന്ന ഉൾക്കാഴ്ച ജീവിതത്തെ പുനർക്രമീകരിക്കാൻ സഹായിക്കും!

മോശം മാതാപിതാക്കൾ വളർത്തിയ കുട്ടിയും നന്നാകാം... ഉറപ്പില്ല. ഉദാഹരണത്തിന് ഒരു മദ്യപാനിക്ക് രണ്ടു ആൺമക്കൾ ഉണ്ട് എന്ന് കരുതുക. ഒരു മകൻ വളർന്നു വരുമ്പോൾ ചിന്തിക്കാം, "അപ്പന്റെ കുടിയാണ് എല്ലാ പ്രശ്നങ്ങൾക്കും കാരണം അതുകൊണ്ട് ഞാൻ ജീവിതത്തിൽ കുടിക്കില്ല!'' രണ്ടാമത്തെ മകൻ ചിന്തിക്കാം. ''അപ്പന് കുടിക്കാമെങ്കിൽ എനിക്ക് എന്തുകൊണ്ട് കുടിച്ചുകൂടാ!"

അനാഥ കുട്ടികളും മികച്ചവരായി മാറാം. അവരുടെ മാനസിക വൈകാരിക ആരോഗ്യവും മൂല്യങ്ങളും മനോഭാവവും ഒക്കെ മെച്ചപ്പെട്ടതാണെങ്കിൽ. എല്ലായിപ്പോഴും അങ്ങനെ ആയിക്കൊള്ളണമെന്നില്ല. നല്ല hereditary ഉം സാഹചര്യങ്ങളും ആരോഗ്യവുമുള്ള കുട്ടികൾ പൊതുവെ മെച്ചപ്പെടാം! കുറവുകൾ മനസ്സിലാക്കി പരിഹരിക്കാൻ ശ്രമിക്കുന്ന കേസുകളിലും കുട്ടികൾ മെച്ചപ്പെടും.

ബാലാവകാശ നിയമങ്ങൾ ഒക്കെ കാലാകാലങ്ങളിൽ രൂപപ്പെടുന്നത് സാമൂഹിക യഥാർഥ്യങ്ങളുമായി ബന്ധപ്പെട്ടായിരിക്കും. അത് തിരുത്തുകയും മെച്ചപ്പെടുത്തുകയും ഒക്കെ വേണ്ടിവരും. പലപ്പോഴും അതിന്റെ ദുരുപയോഗവും ഉണ്ടാകും! ഓരോ നിയമവും അതിന്റ പ്രതിഫലനം മനസ്സിലാക്കി reform ചെയ്യേണ്ടത് ഭരണാധികാരികളാണ്. പോസിറ്റീവ് ആയി അതിനു സമ്മർദ്ദം കൊടുക്കാൻ സമൂഹത്തിനു കഴിയണം. അദ്ധ്യാപകരും മറ്റും ഈ കാര്യത്തിലൊന്നും ഗുണപരമായി ഇടപെട്ടുകാണുന്നില്ല. എന്തായാലും ലോകം മുമ്പോട്ടാണ് പോകുന്നത്... പുറകോട്ടല്ല! പഴയ നിയമങ്ങൾക്കുവേണ്ടി ഇനി കാത്തിരിക്കേണ്ടതില്ല.

ഈ കുഞ്ഞുങ്ങൾ ഒക്കെ ഈ ലോകത്തുതന്നെയാണ് ജീവിക്കുന്നത്. പക്ഷെ പലപ്പോഴും വീടും സ്കൂളും broiler chickan നെ വളർത്തും പോലെയാണ് കുട്ടികളെ കൈകാര്യം ചെയ്യുന്നത്. സാമൂഹിക ബോധവും പരിസ്ഥിതി ബോധവും ചരിത്രബോധവും സംസ്ക്കാരവും ഒക്കെ സമയത്തുകൊടുക്കാനുള്ള കാഴ്ചപ്പാടും ദർശനവും എത്ര മാതാപിതാക്കൾക്കുണ്ട്? Tuition ഉം coaching ഉം മാത്രം പോരാ കുട്ടികൾക്ക് എന്ന് മനസ്സിലായിരുന്നെങ്കിൽ! സ്കൂളുകൾ കൂടുതലും ഇപ്പോൾ 'export quality' യിലാണ് കുട്ടികളെ പഠിപ്പിക്കുന്നത്! അതുകൊണ്ടുതന്നെ വകതിരിവും ജീവിത നൈപുണ്യങ്ങളുമില്ലാതെ ഒരു തലമുറ രൂപപ്പെട്ടുവരുന്നു. ചതിക്കുഴിയിലും ആപത്തുകളിലും കുട്ടികൾ വീണുപോകുന്നതിനു മറ്റെന്തെങ്കിലും കാരണം അന്വേഷിക്കണോ? മതങ്ങളും മറ്റും വെറും rituals കൊണ്ട് കുട്ടികളെ പറ്റിക്കുന്നു!

മൈനർ ആയിട്ടുള്ള കുട്ടികളെ പ്രലോഭിപ്പിക്കുകയോ സ്വാധീനിക്കുകയോ ചെയ്തു ഏതു ചതിയിൽ പെടുത്തിയാലും മുതുർന്നവർ തന്നെയാകും കുറ്റക്കാർ! മുതിർന്ന ആൺകുട്ടികളോടൊപ്പം minor ആയ പെൺകുട്ടി പോയാൽ അത് പോസ്കോ കേസിന്റെ പരിധിയിലാണ്. അതിൽ സ്വന്തം ഇഷ്ടപ്രകാരം പോയി എന്നുള്ള വാദമൊന്നും നിലനിൽക്കുകയില്ല. Social media ഉപയോഗിക്കുന്ന മുതിർന്നവരും ഇതൊക്കെ ശ്രദ്ധിക്കുക. കുട്ടികളുടെ പോണോഗ്രാഫിയും മറ്റും കണ്ട പല ചെറുപ്പക്കാരും കേസിൽ പെട്ടിട്ടുണ്ട്. സൂക്ഷിക്കുക.

തെറ്റും ശരിയും തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിൽ എന്ത് വിദ്യാഭ്യാസമാണ് കുട്ടികൾ നേടുന്നത്? പ്രേമവും കാമവും തമ്മിലുള്ള വ്യത്യാസം അവർക്ക് ആര് പറഞ്ഞുകൊടുക്കും. നല്ല കാഴ്ചപ്പാടും ദർശനവും വിദ്യാഭ്യാസത്തിനു കൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അവർ ബസ് സ്റ്റാൻഡിന്റെ പുറകിൽ 'ജീവിതം' തിരയുമോ? കുട്ടികളെ ദരിദ്രരാക്കുന്ന വിദ്യാഭ്യാസം. അവർ പറ്റിക്കപ്പെടുകയാണ്!

Happy Parent! Happy Child!!!

ഇന്ന് കുഞ്ഞുങ്ങൾ വൈകാരികമായ അനാഥത്വം അനുഭവിക്കുന്നുണ്ട്. അവർക്കെല്ലാവരും ഉണ്ട്. എന്നാൽ ആരും അവരെ ശരിയായി മനസ്സിലാക്കുന്നില്ല. പണം വന്നു കഴിഞ്ഞപ്പോൾ എല്ലാം വാങ്ങിക്കാം എന്നൊരു ധാർഷ്ട്യം. അറിഞ്ഞോ അറിയാതെയോ എല്ലാവരിലും materialism നിറഞ്ഞു കഴിഞ്ഞു. ആത്മീയതയൊക്കെ വെറും ആചാരം മാത്രമായോ? ദിവസവും ഒരു നേരമെങ്കിലും കുടുംബം ആയി ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുമോ? തീന്മേശയിലെങ്കിലും പഠിത്തം- മാർക്ക് homework ഒക്കെ വിളമ്പാതിരിക്കാമോ? പ്രാർത്ഥനയ്ക്കു മുൻപോ കഴിഞ്ഞോ കുട്ടികളോട് നല്ല മൂല്യങ്ങളെക്കുറിച്ചു സംസാരിക്കുമോ? അവരുടെ കണ്ണുകളിലെ വികാരം വായിച്ചെടുക്കുമോ?

കുഞ്ഞുങ്ങളെ കേൾക്കുമോ?

Counselling ഉം guidance ഉം ഒക്കെ ആവശ്യമെങ്കിൽ ഉപയോഗിക്കാനുള്ള പുരോഗതി നമ്മുടെ സമൂഹത്തിൽ ഉണ്ടാകട്ടെ!

വീട്ടിൽ കിട്ടാത്ത സ്നേഹമാണ് കുട്ടികൾ നാട്ടിലും ഫോണിലും പരതുന്നത്! സ്നേഹം മത്സരമല്ല!

സ്നേഹം താരതമ്യം ചെയ്യില്ല!

സ്നേഹം ചേർത്തുപിടിക്കലാണ്, ഉപാധികളില്ലാതെ! സന്തോഷമുള്ള കുഞ്ഞുങ്ങൾ വഴിതെറ്റില്ല! കുഞ്ഞുങ്ങളുടെ സന്തോഷമാകണം ആധുനിക കാലത്തിന്റെ മിഷൻ!

(Sunil D. Kuruvilla is a consultant Career Counsel and a much sought after Trainer for teachers, parents & students. He is the founder of INSIGHT MISSION. He can be contacted @ +91 9847400712

Email: Sunil_kuruvilla@rediffmail.com)

# ജീവിതത്തിനൊരു ത്രില്ല് വേണ്ടേ സാറേ?

ഡോ. ജസ്റ്റിൻ തോമസ് (JCI Trainer, Mob No. 9847031166)

മിടുക്കിയായ ഒരു പെൺകുട്ടി കൗൺസിലിംഗിനായി വന്നു. വല്യപ്പൻ, വല്യമ്മ, അപ്പൻ, അമ്മ, മൂത്തസഹോദരൻ എന്നിവരെല്ലാം കൂടെയുണ്ട്. കുട്ടി പഠിക്കുന്നില്ല എന്നതാണ് പ്രശ്നം. എല്ലാവരുമായി സംസാരിച്ചു അവസാനം കുട്ടിയുടെ ഊഴമായി. മുറിയിൽ കയറിയതേ കതകു ചാരിയിട്ടോട്ടേ എന്ന് അവൾ ചോദിച്ചു. ഓക്കെ. ഞാൻ മറുപടി പറഞ്ഞു. അവൾ ചോദിച്ചു. "എന്നെക്കുറിച്ച് എന്തൊക്കെ അവർ പറഞ്ഞു? മിടുക്കിയാണ്. നല്ലകുട്ടിയാണ്. സ്നേഹമുള്ള കുട്ടിയാണ്. പഠനത്തിൽ മാത്രം ഇത്തിരി പുറകോട്ടാണ്. ഇതായിരുന്നു എന്റെ മറുപടി. അവളുടെ മറുപടി രസാവഹമായിരുന്നു. "ഓ പിന്നെ, എല്ലാ കൗൺസിലേഴ്സും ഇങ്ങനെയേ പറയൂ". തുടർന്ന് അവൾ പെട്ടെന്ന് ഇങ്ങനെ പറഞ്ഞു. "എനിക്കൊരു ലൈനുണ്ട് അവനെ എനിക്കു കെട്ടണം".

"നിന്റെ വീട്ടുകാരോടു പറഞ്ഞോ?" എന്റെ ചോദ്യം! പറഞ്ഞിട്ടില്ലായെന്നും പറഞ്ഞാൽ അവർ വലിച്ചുകീറുമെന്നും അവളുടെ മറുപടി. ഞാൻ പെൺകുട്ടിയുടെ ചെക്കനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ തിരക്കി. അവൾ തുടർച്ചയായി മൂന്നുമിനിറ്റിലധികം സംസാരിച്ചു. "നല്ല ചെക്കനാ, അങ്ങനെ പ്രശ്നങ്ങളൊന്നുമില്ല നാട്ടുകാരും എന്റെ കൂട്ടുകാരുമൊക്കെ അതുമിതും പറയും. ഞാൻ അതൊന്നും വിശ്വസിക്കില്ല" ഇടയ്ക്കു ഞാൻ ചോദിച്ചു "അവരെന്താ അവനെക്കുറിച്ചു പറയുന്നത്"? ഓ, അതൊന്നുമില്ല ഇടയ്ക്ക് അവൻ കഞ്ചാവ് ഉപയോഗിക്കുമെന്നോ, ഏതോ ഉത്സവത്തിനോ പെരുന്നാളിനോ ആരെയോ കുത്തിയെന്നോ ഒക്കെ. സാറു പറ. ഇതൊക്കെ ഇന്നത്തെ കാലത്തെ എല്ലാ ആൺകുട്ടികളും ചെയ്യുന്നതല്ലേ"?

എന്റെ ചങ്കിടിപ്പു മെല്ലെ ഉയരാൻ തുടങ്ങി. കുട്ടിയുടെ മാതാപിതാക്കളെ ഓർത്തപ്പോൾ ഇത്തിരികൂടി അതുയർന്നു. സൗമ്യമായ മനസ്സോടെ ഞാൻ അവൾക്കു മറുപടികൊടുത്തു. "പിന്നെയല്ലേ, ഇന്നത്തെ കുറച്ച് ആൺകുട്ടികളും പെൺകുട്ടികളുമൊക്കെ ഇങ്ങനെയാ. പിന്നെ എനിക്കൊരു സംശയം, നീ ലൈനടിക്കാൻ തുടങ്ങിയതിനുശേഷമാണോ ഇവനെക്കുറിച്ചുള്ള വിവരങ്ങളൊക്കെ അറിഞ്ഞത്"? എന്റെ ചോദ്യത്തിനുള്ള മറുപടി അല്ലാ എന്നായിരുന്നു. ഈ പെൺകുട്ടിയുടെ കൂട്ടുകാരുടെ കൂട്ടുകാരനാണ് ഈ ആൺകുട്ടി. അവർ ഇവളോട് എല്ലാകാര്യങ്ങളും പറഞ്ഞിട്ടുണ്ടായിരുന്നു. "ഇതൊക്കെ അറിഞ്ഞിട്ടും പിന്നെ നീ എന്തേ ഇവനെത്തന്നെ സ്നേഹിക്കാം എന്നു വച്ചു?" എന്റെ സംശയത്തിന് അവളുടെ മറുപടി ഇങ്ങനെയായിരുന്നു. "എന്റെ പൊന്നുസാറേ, സാറിനെപ്പോലെ തലമുടി മിലിട്ടറി കട്ട് ചെയ്ത്, ഷർട്ട് ഇൻസേർട്ട് ചെയ്ത്, ഷൂ ഇട്ടു നടക്കുന്നവരുടെയൊക്കെ ഡിമാന്റ് പോയി. സാറ് ഈ ഫോട്ടോ നോക്ക്" പെൺകുട്ടി അവളുടെ ഫോൺ എടുത്ത് ചെക്കന്റെ ഫോട്ടോ കാട്ടി. (അമ്മയുടെ ഫോൺ ആണ് ഇൻസ്റ്റഗ്രാമിനു പ്രത്യേക പാസ്‌വേർഡ് ഇട്ടിട്ടുണ്ട്) പുകക്കറയുള്ള പല്ലുകൾ! ചുണ്ടുകൾ! നീണ്ടു പടർന്ന മുടി! ഉറക്കം തൂങ്ങിയ കണ്ണുകൾ! മെലിഞ്ഞ ശരീരം! ബഹുവർണ്ണത്തിലുള്ള ലൂസായ വേഷം!

പെട്ടെന്ന് ഞാൻ ഇങ്ങനെ ചോദിച്ചു "ഇവനെത്തന്നെ" മറുപടിയും പെട്ടെന്നായിരുന്നു "സാറേ ജീവിതത്തിനൊരു ത്രില്ല് വേണ്ടേ സാറേ? എട്ടാംക്ലാസ്സിൽ പഠിക്കുന്ന ഒരു പെൺകുട്ടി ഇങ്ങനെയൊരു ചോദ്യം ചോദിച്ചാൽ സാമാന്യ ബോധവും കുറച്ചൊക്കെ ലോകപരിചയവുമുള്ള ഒരാൾക്ക് എന്തുതോന്നും? ഞാൻ നൽകിയ മറുപടി ഇങ്ങനെയായിരുന്നു "മോളേ, ഈ ത്രില്ല് അപകടം നിറഞ്ഞതാ" കാലം കഴിഞ്ഞിരിക്കുന്നു. ഇന്നു 12-ാം ക്ലാസ്സിന്റെ പരീക്ഷയ്ക്കായി ഈ മിടുക്കി തയ്യാറെടുക്കുന്നു!

**എന്തുകൊണ്ട് അപകടം നിറഞ്ഞ ത്രില്ലുകളെ ചിലർ സ്നേഹിക്കുന്നു?**

മനഃശാസ്ത്ര-ശരീരശാസ്ത്ര രീതികളിൽ നോക്കുമ്പോൾ ചിലർ അപകടം നിറഞ്ഞ ത്രില്ലുകളെ സ്നേഹിക്കുന്നവരാണ്. ഇത്തരക്കാരെ ത്രിൽ സിക്കേഴ് (ത്രില്ലിനെ അന്വേഷിക്കുന്നവൻ) എന്നു വിളിക്കാം. ഇതിൽ ചില പാരമ്പര്യഘടകങ്ങളും ഉള്ളതായി ശാസ്ത്രലോകം കണ്ടെത്തിയിരിക്കുന്നു. റിസ്കിയായ ഏതൊരു കാര്യവും ഒരു വ്യക്തി ചെയ്യാൻ ഒരുങ്ങുമ്പോൾ 'അമിഗ്ഡല' എന്ന തലച്ചോറിന്റെ ഭാഗം അതുമായി ബന്ധപ്പെട്ട മുന്നറിയിപ്പ് നൽകുന്നു. ഇത് ടെൻഷൻ പ്രധാനം ചെയ്യുന്ന ഹോർമോണുകളുടെ ഉത്പാദനത്തിനും കാരണമാകും (കോർട്ടിസോൺ). ഈ ടെൻഷൻ വ്യക്തിയെ വീണ്ടുവിചാരത്തിലേക്ക് നയിക്കും. എന്നാൽ ചിലരിൽ 'അമിഗ്ഡല' യുടെ പ്രവർത്തനം കുറഞ്ഞ കോർട്ടിസോൺ ഉല്പാദനത്തിനും, കൂടിയ 'ഡോപമിൻ' ഉല്പാദനത്തിനും. കാരണമാകും. 'ഡോപമിൻ' ആനന്ദം നൽകുന്ന ഹോർമോണാണ്. റിസ്കിയായ ത്രില്ലുകൾ എടുക്കുമ്പോൾ 'ഡോപമിൻ' ആണ് കൂടുതലായി ഉല്പാദിപ്പിക്കപ്പെടുന്നതെങ്കിൽ ആ വ്യക്തി റിസ്കിയായ ത്രില്ലുകളെ കൂടുതലായി സ്നേഹിക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയും അങ്ങനെ വീണ്ടും വീണ്ടും റിസ്കിയായ ത്രില്ലുകൾ എടുക്കുകയും ചെയ്യും. മേൽ സൂചിപ്പിച്ച പെൺകുട്ടി ഇത്തരം ഒരു അവസ്ഥയിലൂടെ കടന്നു പോയിരുന്നു. അതിൽ നിന്ന് അവളെ പുറത്തുകൊണ്ടു വരാൻ സാധിച്ചപ്പോൾ പ്രശ്നത്തിനു പരിഹാരമായി.

**ഏതൊക്കെത്തരത്തിലുള്ള അപകടം നിറഞ്ഞ ത്രില്ലുകളെ മനുഷ്യർ സ്നേഹിക്കുന്നു?**

മുമ്പു സൂചിപ്പിച്ച കുട്ടിയിൽ, തന്റെ ശരീരത്തിൽ കത്തിമുനകൊണ്ട് വരയുക എന്ന ശീലമുണ്ടായിരുന്നു. അപകടം നിറഞ്ഞ ത്രില്ലുകൾ താഴെപ്പറയുന്ന രീതിയിലൊക്കെ ഉണ്ടാവാം.

* സ്വന്തം ശരീരവുമായി ബന്ധപ്പെട്ടവ
* മറ്റുള്ളവരുമായുള്ള വ്യത്യസ്തതലങ്ങളിലുള്ള ബന്ധങ്ങൾ
* മറ്റുള്ളവരുമായി ചേർന്നോ അല്ലാതെയോ ചെയ്യുന്ന മനഃശാസ്ത്ര ഗെയിമുകൾ
* അപകടകരമായ അമിത സാഹസികത
* വസ്തുക്കളുടെ ദുരുപയോഗം

സ്വന്തം ശരീരത്തെ വേദനിപ്പിക്കുന്നതിലൂടെ, പരീക്ഷിക്കുന്നതിലൂടെ സന്തോഷം കണ്ടെത്തുന്ന വ്യക്തികൾ ഈ മേഖലയിൽ അപകടകരമായ പല കാര്യങ്ങളും ചെയ്യാം. സ്വന്തം ശരീരം മുറിക്കുകയെന്നത് ഇതിനൊരുദാഹരണമാണ്. മറ്റുള്ളവരുമായി അപകടകരമായ ബന്ധങ്ങളിൽ ഏർപ്പെട്ടു സന്തോഷം നേടുന്നവരുണ്ട്

മേൽ സൂചിപ്പിച്ച രണ്ടു സവിശേഷതകളും ഈ ലേഖനത്തിലെ കഥാപാത്രമായ പെൺകുട്ടിയിൽ ഉണ്ടായിരുന്നു. ചിലർ ബന്ധങ്ങളെവച്ച് കളികൾ കളിക്കുന്നവരായിരിക്കും. അതിൽ ചിലത് അതിക്രൂരവുമാകാം. ഒരാളുടെ കുടുംബത്തെ തന്റെ ഇടപെടലുകളിലൂടെ ഇല്ലാതാക്കുന്നത് ഇതിനുദാഹരണമാണ്. ഈ വ്യക്തിയാണ് അതു ചെയ്യുന്നത് എന്ന് അതിന്റെ ഇരകൾക്കു മനസ്സിലാകുകയേ ഇല്ല (എത്രയും പെട്ടെന്നു മനസ്സിലാക്കിയാൽ അത്രയും നല്ലത്). അപകടകരമായ അമിത സാഹസിക ട്രിപ്പുകൾ, വന്യജീവികളുമായുള്ള ഇടപെടൽ, അപകടകരമായ സ്ഥലങ്ങളിൽ ഇറങ്ങൽ തുടങ്ങിയവയൊക്കെ ഇവരുടെ പ്രത്യേകതയാണ്. വാഹനങ്ങളുടെ അപകടകരമായ ഉപയോഗം മറ്റൊരുദാഹരണമാണ്. മയക്കുമരുന്ന്, മദ്യം, ഗെയിമുകൾ, ഗഡ്ജറ്റുകൾ ഇവയൊക്കെ വ്യക്തികളിൽ ഡോപമിൻ കൂടുതലായി ഉത്പാദിപ്പിക്കും.

**അപകടകരമായ ത്രില്ലിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന ഡോപമിനെ എങ്ങനെ കുറയ്ക്കാം?**

ഈ ചോദ്യത്തിനുത്തരം കണ്ടെത്തുക എന്നതാണ് അപകടകരമായ ത്രില്ലിൽ നിന്ന് ഒരു വ്യക്തിയെ കരകയറ്റാനുള്ള മാർഗ്ഗം. ഒരു പ്രശ്നം വളരെക്കാലമായി തുടരുന്നതും അതീവ സങ്കീർണ്ണമായ പ്രശ്നങ്ങളിലേക്ക് നയിക്കുന്നതുമാണെങ്കിൽ മരുന്നും അതുപോലെ ഹോസ്പിറ്റൽ അഡ്മിഷനുമൊക്കെ ആവശ്യമായി വരാം. എന്നാൽ ഈ ലേഖനത്തിൽ സൂചിപ്പിച്ച പെൺകുട്ടിയുടെ കാര്യത്തിൽ കൗൺസിലിംഗ് ടെക്നിക്കുകളാണ് ഉപയോഗിച്ചത്. ഈ കുട്ടിയുമായി ലോജിക്കൽ ലെവലിൽ സംസാരിച്ചപ്പോൾ കുട്ടിയിൽ ചില ഉൾവിളികൾ ഉണ്ടായി. അത് അവളിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. ഒപ്പം തന്നെ, താൻ അകപ്പെട്ടിരിക്കുന്നത് ഒരു ട്രാപ്പിലാണെന്ന ബോധ്യം അവൾക്കുണ്ടായതോടെ ഒരു നിശ്ചിതകാലത്തേക്ക് ആ ബന്ധത്തിൽ നിന്നു മാറിനിൽക്കാനുള്ള തീരുമാനം അവൾ എടുത്തു. ഏതൊരു അപകടകരമായ ത്രില്ലും നൽകുന്ന ചിന്തയിൽ നിന്നോ അതുമായി ബന്ധപ്പെട്ട സംസാരത്തിൽ നിന്നോ പ്രവൃത്തികളിൽ നിന്നോ നിശ്ചിത കാലം വ്യക്തി മാറി നിന്നാൽ ഡോപമിന്റെ ഉത്പാദനം താനേ കുറയുകയും വ്യക്തി അതിൽ നിന്നു പുറത്തുകടക്കുകയും ചെയ്യും. ഒപ്പം തന്നെ മേൽ സൂചിപ്പിച്ച പെൺകുട്ടിക്ക് കൃത്യമായ ഫോളോ അപ് സെഷനുകൾ നൽകാൻ കുട്ടിയുടെ മാതാപിതാക്കൾ ശ്രദ്ധിക്കുകയും ചെയ്തതോടെ പ്രശ്നപരിഹാരം ശാശ്വതമായി സാധിച്ചു.

●


## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT THE NEWSPAPER

### FORM IV (SEE RULE 8)

| | | |
|---|---|---|
| 1. Place of Publication | - | Chingavanam |
| 2. Periodicity of its Publication | - | Monthly |
| 3. Printer's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 4. Publisher's Name | - | Fr. Jaicobkutty K.S. Kallookulam |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 5. Editor's Name | - | V. Rev. Roy Mathew Mulamoottil |
| Whether Citizen of Indian | - | Yes |
| Address | - | Clemis Press, M. E. Seminary, Chingavanam |
| 6. Ownership | - | The Malankara Syrian Knanaya Arch Diocese, M.E. Seminary, Chingavanam |

**I Fr. Jaicobkutty K.S., Kallookulam, Here by declare that the particulars given above are true to the best of my knowledge and belief.**

Date 15- 3- 2024 **Sd / Publisher**

# സൗന്ദര്യ ലഹരി

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

എന്തു കണ്ടാലാണോ നമുക്ക് നമ്മുടെ തന്നെ അസ്തിത്വം മറന്നുകൊണ്ട്, അതായത് സ്വയം മറന്നു പോകാൻ സാധിക്കുന്നത് അതാണ് സൗന്ദര്യം.

തന്ത്ര ശാസ്ത്രത്തിൽ 'സൗ:' എന്നാൽ പരാശക്തിയുടെ ബീജമാണ്. ഒരുവന്റെയുള്ളിലെ പരമമായ ആത്മ ചൈതന്യ മാണ് സൗന്ദര്യം.

പരമ പവിത്രമായ ആത്മബോധം ഉള്ളിൽ ഉണർന്നു ബല പ്പെടുമ്പോൾ, പരിശുദ്ധാത്മാവിന്റെ പരമമായ ശക്തിയും, ഊർജ്ജവും, പരമാനന്ദവും സംജാതമാകുന്ന അവസ്ഥ യാണ് സൗന്ദര്യം.

ധ്യാനത്തിങ്കൽ തീ കത്തുമ്പോൾ നമ്മുടെ ഉള്ളിലെ ചിന്ത കളെല്ലാം നിന്നു പോകുമ്പോൾ, മനസ്സിന്റെ പ്രവർത്തനം നിലയ്ക്കുമ്പോൾ, ആത്മാവ് പരമാത്മാവിനെ ദർശിക്കുന്നു. മനുഷ്യാത്മാവും ദൈവാത്മാവും ഒന്നായിത്തീരുന്ന അവസ്ഥ യാണ് സൗന്ദര്യം. ഇവിടെ മനുഷ്യൻ തന്റെ അസ്ഥിത്വ ത്തിന്റെ കേന്ദ്രത്തിലേക്ക് മടങ്ങുന്നു. മനുഷ്യൻ അവനവനെ മറന്ന്, ദൈവസ്മരണയിൽ മുഴുകി ഉണരുന്നു. സ്വയം മറന്നു സൃഷ്ടാവായ ദൈവത്തിലേക്ക് ഉത്ഭവ കേന്ദ്രത്തിലേക്കു മട ങ്ങിപ്പോകുന്നു. സ്വയം മറന്ന മനുഷ്യന്റെയുള്ളിൽ പിന്നെ ദൈവ ചൈതന്യം മാത്രമെ ഉണ്ടാവുകയുള്ളു. "ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്ന് അപ്പോസ്തോ ലൻ പറഞ്ഞപോലെ ഉള്ളിലെ ക്രിസ്തു ചൈതന്യത്തിന്റെ പ്രതിഫലനം (Reflection) ആയിരിക്കും ജീവനും, ജീവിത വും, മുഖ സൗന്ദര്യവുമെല്ലാം.

അങ്ങനെയുള്ള സൗന്ദര്യ പൂർണ്ണതയുള്ള മനുഷ്യനെ, കാണുന്നവരിൽ നിത്യജീവന്റെ ആനന്ദവും, പരിശുദ്ധാവിന്റെ ജ്വലനവും ഉണ്ടാവും. അവർ ദൈവത്തെ അനുഭവിച്ചറിയും. ദൈവ സൗന്ദര്യത്തിന്റെ പ്രചോദനമുൾക്കൊണ്ട് സ്വയം നവീ കരിക്കപ്പെടും. അതാണ് ഏറ്റവും വലിയ സുവിശേഷം. നാം കേവലം ശരീരം എന്ന പരിധിക്കുള്ളിലാകുമ്പോൾ മാത്ര മാണ് ലോകവും കാലവും നമ്മെ പരിമിതപ്പെടുത്തുന്നത്. മനുഷ്യ കല്പിതമായ സൗന്ദര്യം എന്ന തടവറയ്ക്കുള്ളിൽ നിന്നും പുറത്തു ചാടുന്നവർക്കുള്ളതാണ്, സമസ്ത പ്രാപ ഞ്ചിക സൗന്ദര്യവും ഉള്ളിലൊതുക്കിയ ആത്മവിശ്വാസം എന്ന വിശ്വസൗന്ദര്യപ്പട്ടം.

പ്രകൃതി സൗന്ദര്യം ദൈവ സ്നേഹത്തിന്റെ അടയാള മാണ്. സൃഷ്ടി പ്രപഞ്ചം ദൈവസ്നേഹത്തിന്റെ പ്രതിഫല നമാണ്. ദൈവീക സൗന്ദര്യബോധത്തിന്റെ പ്രഭാവം ഭൂമി യിൽ മാത്രമല്ല സൗരയൂഥങ്ങളിലും, ക്ഷീരപഥങ്ങളിലു മെല്ലാം വിളങ്ങി നിൽക്കുന്നു. ദൈവീക സൗന്ദര്യ ബോധം ഗ്രഹിച്ചവർ വിശ്വസൗന്ദര്യപ്പട്ടം പ്രാപിച്ചവർ ആയിരിക്കും.

പ്രപഞ്ച സൗന്ദര്യത്തിന്റെ നിഗൂഢതകളെ വാഴ്ത്തിപ്പു കഴ്ത്തുന്ന സങ്കീർത്തനങ്ങൾ ബൈബിളിൽ വിവരിക്കുന്നു (സങ്കീ. 19).

ദൈവസൃഷ്ടിയെല്ലാം നല്ലത്. സൃഷ്ടി കർമ്മം അവസാ നിച്ചപ്പോൾ 'അവൻ ഉണ്ടാക്കിയതെല്ലാം കണ്ടു, തീർച്ചയായും അതു വളരെ നല്ലതായിരുന്നു (ഉല്പ.1:31).

സമസ്ത സൃഷ്ടി പ്രപഞ്ചത്തിന്റെയും ആത്മസൗന്ദര്യം, ദൈവത്തിന്റെ മഹാബോധകേന്ദ്രത്തിന്റെ നിഗൂഢതകളിൽ നിന്നുമാണ്.

'ദൈവമെ അങ്ങയുടെ വിരലുകൾ വാർത്തെടുത്ത വാനി ടത്തെയും അവിടുന്നു സ്ഥാപിച്ച ചന്ദ്രതാരങ്ങളെയും ഞാൻ കാണുന്നു (സങ്കീ.8:3).

'യഥാ പിണ്ഡെ തഥാ ബ്രഹ്മാണ്ഡെ യഥാ ബ്രഹ്മാണ്ഡെ തഥാ പിണ്ഡെ... വേദത്തിലെ ഒരു മന്ത്രമാ ണിത്.

ഈ മഹാ പ്രപഞ്ചം തന്നെയാണ് മനുഷ്യശരീരവും. ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്ന് ബൈബിൾ പറ യുന്നു. ശരീരമായിത്തീർന്ന സമസ്ത പ്രപഞ്ചവും, പലതെന്നു (ദ്വൈതം/ഭേദമനോ ഭാവം) തോന്നിയാലും, അതു പരിശുദ്ധാ ത്മാവിന്റെ ഏക (അദ്വൈതം/അഭേദ മനോഭാവം) മന്ദിരമാ ണ്.

വ്യക്തിബോധം വിശ്വബോധമാകുമ്പോൾ, പലതായി തോന്നുന്ന പ്രപഞ്ചതത്ത്വങ്ങൾ ഒന്നായി മാറുമ്പോൾ അ ദ്വൈതീയ ദൈവശക്തിയുടെ ആത്മസൗന്ദര്യം വെളിപ്പെടും. എല്ലാവരെയും, എല്ലാത്തിനെയും ഒന്നായി (സമഭാവനയിൽ) കാണുന്നവർ ദൈവീക മനോഭാവം ഉള്ളവർ ആകുന്നു. ഒന്നിനെ പലതായി കാണിക്കുന്നത് 'മായയുടെ' കെണിയാ ണ്.

ഈ പ്രപഞ്ചത്തിലെ സൃഷ്ടിക്ക് ഉപയോഗിച്ചിട്ടുള്ള എല്ലാ പദാർത്ഥങ്ങളുടെയും അടിസ്ഥാനപരമായിട്ടുള്ള ഒരു ഘടകം ഒന്നാണ് എന്ന് സ്വിറ്റ്സർലാൻഡിൽ നടത്തിയ ബഗ്ബാങ്ങ് തിയറി എക്സ്പീരിമെന്റിൽ 'ദൈവകണം' എന്നു പേരിട്ടു ശാസ്ത്രം പറയുന്നു.

ഒരേ പിണ്ഡം കൊണ്ടാണ് ഈ ബ്രഹ്മാണ്ഡം ഉണ്ടാ ക്കിയിട്ടുള്ളത് എന്നും ആ പിണ്ഡം തന്നെയാണ് ഈ ബ്രഹ്മാണ്ഡത്തിന് നിദാനം എന്നുമാണ് യജുർവേദ മന്ത്ര ത്തിന്റെ അർത്ഥം.

പരിശുദ്ധാത്മാവിന്റ ഊർജ്ജത്തിൽ നിന്നും വരുന്ന അദ്വൈത ബോധം, സമഭാവനയാണ് യഥാർത്ഥ സൗന്ദര്യ ത്തിന്റെ മാനദണ്ഡം. ആർക്കും ഭേദിക്കാനാവാത്ത തകർക്കു വാനാകാത്ത ശക്തമായ ആത്മവിശ്വാസം, ആത്മ സ്നേഹ മാണ് സൗന്ദര്യം.

'നിങ്ങളുടെ അലങ്കാരം പുറമെയുള്ളതായിരിക്കരുത്. അതാ യത് തലമുടി പിന്നുന്നതും സ്വർണ്ണാഭരണങ്ങൾ അണിയുന്ന തും, നല്ല വസ്ത്രം ധരിക്കുന്നതും ആയിരിക്കരുത്. പകരം ശാന്തതയും, സൗമ്യതയും ഉള്ള മനസ്സ് എന്ന അനശ്വരമായ അലങ്കാരമണിഞ്ഞ ആന്തരീക മനുഷ്യനായിരിക്കണം. അതി

നാണ് ദൈവമുമ്പാകെ വിലയുള്ളത് (1.പത്രോ. 3:3–4).

ഒരിക്കലും നശിച്ചു പോകാതെ, എന്നുമെന്നേയ്ക്കും നില നിൽക്കുന്നത് ശാന്തതയും, സൗമ്യതയുമുള്ള മനസ്സിന്റെ സൗന്ദര്യമാണ്. പരിശുദ്ധ കന്യക മറിയം, മഹാറാണി എസ്ഥേർ (1:10–12), രാജ്ഞി ഓഫീർ (സങ്കീർത്തനം 45). ഉത്ത മഗീതത്തിലെ ശലോമി, രൂത്ത് ഇങ്ങനെ ധാരാളം സ്ത്രീക ളുടെ ആത്മീയ സൗന്ദര്യം, സ്വഭാവഗുണം ബൈബിളിൽ വിവരിക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടിയുടെ സ്വഭാവ നൈർമല്യം നമ്മുടെ ആരാധന ക്രമങ്ങളിലെല്ലാം സദാ വാഴ്ത്തി പുകഴ്ത്തുന്നുമുണ്ട്.

മനസ്സിന്റെ സൗമ്യതയും സാവധാനതയും ഏതു പ്രായ ത്തിലും യൗവ്വനോർജ്ജത്തിന്റെ ചുറുചുറുക്ക് തരുന്നു. ശാശ്വ തമായ സൗന്ദര്യബോധത്തിന്റെ സത്യം ശക്തിയും, ബലവും, ഊർജ്ജവും നൽകുന്നു. ഒരിക്കലും അസ്തമിക്കാത്ത സൂര്യ പ്രഭപോലെ സദാ ശാശ്വത സൗന്ദര്യ തത്ത്വം വിജയിച്ചു വിള ങ്ങുന്നു.

സദാ ധ്യാനനിരതമായി, പരിശുദ്ധാത്മാവിൽ ലയിച്ച്, സദാ പ്രാർത്ഥനകളുരുവിടുന്ന മനസ്സ് കളങ്കരഹിതവും പരമ പവി ത്രവുമായിരിക്കും. ലൗകീക വ്യഗ്രതകൾ കുറവായിരിക്കും. മാൻ നീർത്തടങ്ങളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോ ലെ, മഴയ്ക്കായി കാത്തിരിക്കുന്ന വേഴാമ്പലിനെപോലെ, സദാ ദൈവാത്മാവിനായി ദാഹിച്ചും, തപിച്ചും, പ്രാർത്ഥിച്ചും കാത്തിരിക്കുന്ന മനസ്സ് ഊണിലും, ഉറക്കത്തിലും ഉണർവ്വി ലുമെല്ലാം ആന്തരിക അന്വേഷണങ്ങളിലും ആത്മീയ കണ്ടെ ത്തലുകളിലും, അനുഭൂതികളിലും മുഴുകി ദൈവീക സത്യ ങ്ങളെ തന്നെ നിനച്ചിരിക്കും. ഇങ്ങനെയുള്ള മനസ്സിൽ ലൗകീക ചിന്തകൾ കുറവായിരിക്കും. ഇവിടെ മനസ്സിന്റെ വേഗത കുറയും. പുറം ലോകത്തേയ്ക്കുള്ള ശ്രദ്ധ കുറയു മ്പോൾ ആകുലത, പരിഭവങ്ങൾ കുറയും. ശ്രദ്ധ പൂർണ്ണമായി ആന്തരിക ലോകത്തിലേയ്ക്കു കേന്ദ്രീകരിക്കപ്പെടും. നമ്മുടെ ശ്രദ്ധ പോകുന്നയിടങ്ങളിലേയ്ക്കു നമ്മുടെ ഊർജ്ജവും പോകും. ലൗകിക വിഷയങ്ങളിലേക്കു ശ്രദ്ധ പോയാൽ അനാവശ്യ കാര്യങ്ങൾക്കായി മനസ്സിന്റെ പ്രവർത്തനം വർദ്ധി ക്കും. ചിന്തകൾ പെരുകും. അങ്ങനെ ഊർജ്ജ നഷ്ടവും, സമയ നഷ്ടവും ഉണ്ടാകും. പ്രഭയും, ഊർജ്ജവും പുറം ലോകപരിമിതികളിലേയ്ക്ക് ഒഴുകിപോയി നഷ്ടമാകും. ഏകാഗ്രതയും കുറയും ടെൻഷൻ കൂടും. ആരോഗ്യവും സൗന്ദര്യവും നഷ്ടപ്പെടും.

ആത്മാവിന്റെ ആഴങ്ങളിലേക്ക്, ശുദ്ധബോധത്തിന്റെ കേന്ദ്രത്തിലേയ്ക്കു ശ്രദ്ധ കേന്ദ്രീകരിച്ചാൽ, ശുദ്ധമായ ബോധ മുണരും. ആത്മശരീരമനസ്സുകൾ പരമാത്മ ചൈതന്യത്തി ലേക്കുയരും. ആത്മ ചൈതന്യത്തെ ഉള്ളിൽ ഉത്തേജിപ്പിച്ചു ണർത്താൻ ശ്രദ്ധഅവനവന്റെ ഉള്ളിന്റെ ഉള്ളിലെ ബോധകേന്ദ്രത്തിലേക്കു തിരിച്ചു വിടണം. ഏകാന്തത, ബ്രഹ്മ ചര്യം, നിരന്തര ധ്യാനം എന്നിവ ഊർജ്ജം സംഭരിക്കുവാൻ സഹായിക്കുന്നു.

ശ്രദ്ധാ പൂർണ്ണതയാണ് പവിത്രമായ സൗന്ദര്യത്തിന്റെ ബോധപൂർണ്ണിമ, സൗന്ദര്യത്തിന്റെ ആത്മവിശ്വാസം വർദ്ധി പ്പിക്കുന്ന ഏറ്റവും നല്ല 'മെയ്ക്കപ്പ് സെറ്റാണ്' mind fullness, meditations. ഇവിടെ സൗന്ദര്യബോധം, പരിശുദ്ധാത്മാവിന്റെ ഉയർന്ന ഊർജ്ജതലങ്ങളെ സ്പർശിക്കുന്നു. ദൈവാവബോ ധത്തിൽ ഏകാഗ്രതയുള്ള മനസ്സ് ഉയർന്ന സൗന്ദര്യബോധം പ്രാപിക്കുന്നു. super conciousness, pure awareness.

ശ്രദ്ധാപൂർണ്ണതയാണ് ആനന്ദ പരിപൂർണ്ണതമനസ് സാവ കാശവും, സൗമ്യവും, സാവധാനവുമാകുമ്പോൾ ചിന്തകൾ കുറയുന്നു ശ്രദ്ധകൂടുന്നു. ശൂന്യത അനുഭവപ്പെടുന്നു. ഒഴിഞ്ഞ പാത്രത്തിലേ പകർന്നു, നിറച്ചു സംഭരിക്കുവാനാകു. ഒഴിഞ്ഞ മനസ്സിൽ പരിശുദ്ധാത്മാവ് നിറയുന്നവർ നിത്യതേജ സിന്റെ സൗന്ദര്യ പ്രഭയിൽ പ്രകാശിതരാകും. മനസ്സിന്റെ പ്രവർത്തനം പരിശുദ്ധാത്മവരങ്ങളിൽ അധിഷ്ഠിതമാകും.

'സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം' മുത ലായ സർവ്വഗുണ സമ്പന്നമായ സൗന്ദര്യ ലഹരിയിൽ പൂരി തരാകും (ഗലാത്യർ 5:22–23).

1. പത്രോ. 3:3–4 ൽ പറഞ്ഞിരിക്കുന്നതുപോലെ അനശ്വ രമൂല്യമുള്ള ആന്തരിക സൗന്ദര്യം ആർജ്ജിക്കുവാൻ ആന്ത രിക മനുഷ്യൻ പരിശുദ്ധാത്മാവിനാൽ തേജസ്കരിക്കപ്പെട ണം. പരിശുദ്ധാത്മാവിന്റെ ഊർജ്ജവും തേജസ്സും ബോധ തലങ്ങളെ പ്രകാശിപ്പിക്കുമ്പോൾ ബാഹ്യ സ്വരൂപവും സൗന്ദ ര്യ പരിപൂർണ്ണതയുടെ പ്രഭാവം കൈവരിക്കും.

ആത്മജ്യോതിയുണരുമ്പോൾ, ബോധോദയ പുണ്യ ത്തിന്റെ മുഖകാന്തി ആയിരമായിരം നിത്യസൂര്യൻ ജ്വലി ക്കുന്ന 'ആത്മവിശ്വാസ പ്രഭയേകുന്നു'. അതാണ് ഏതു പ്രതി കൂലങ്ങളിലും തളരാതെ, ശുദ്ധബോധത്തിൽ മനസുറച്ചു നിൽക്കുന്ന ആത്മ വിശ്വാസം (Self trust, self confidence). ആത്മ സ്നേഹം (Self Love) ആണ് സൗന്ദര്യത്തിന്നാധാ രം. ആത്മവിശ്വാസമുള്ളവർ ഏതവസ്ഥയിലും സൗന്ദര്യമുൾ ക്കൊള്ളുന്നു. സ്വയം സ്നേഹിച്ചംഗീകരിച്ചുൾക്കൊള്ളുന്നവർ ഏതവസ്ഥയിലും എല്ലാവരെയും സ്നേഹിക്കും, ബഹുമാ നിക്കും. വേർതിരിവുകളില്ലാതെ എല്ലാവരെയും ഒരുപോലെ ഉൾക്കൊള്ളും. ആത്മസംതൃപ്തി ആന്തരിക സൗന്ദര്യ ത്തിന്റെ കാതലാണ്.

ഏതു പ്രതികൂല അവസ്ഥകളെയും ആത്മ ധൈര്യ ത്തോടെ നേരിടുന്നവർ ദുർഘട പാതകൾ സുഗമമാക്കുന്ന വരും, വഴിവെട്ടുന്നവരും, വഴി തെളിക്കുന്നവരും, വഴിവിളക്കു മായിരിക്കും. ആത്മസ്നേഹം, ആത്മ വിശ്വാസം, ആത്മ ധൈര്യം എന്നിവ നേതൃത്വപാടവമാകുന്നു. ആരും ആരാധിച്ചു പോകുന്ന ലോക സൗന്ദര്യപ്പട്ടം. അവരവർ ആയിരിക്കുന്ന അവസ്ഥ ഏതായാലും, അതിൽ സംതൃപ്തി അനുഭവിച്ച്, സ്വയം അംഗീകരിക്കുന്നവരുടെ ആത്മബലം ശക്തമാണ്. ഏതവസ്ഥയിലും അവനവന്റെ അസ്ഥിത്വത്തെ പ്രണയി ക്കുന്ന ആത്മവിശ്വാസമാണ് സദാനന്ദ സൗന്ദര്യ ലഹരി.

ഭാവിയിൽ ആയിത്തീരണമെന്നാഗ്രഹിക്കുന്ന ഏതെങ്കിലും അവസ്ഥകളെ പ്രാപിക്കുവാൻ അദ്ധ്വാനിക്കാതെ, അലസമാ യി, മോഹിച്ചു, മാത്രം കഴിയുന്നവർ സദാ അസംതൃപ്തരും, പരാതിയും, പരിഭവങ്ങളും പുലമ്പുന്നവരും ആയിരിക്കും. അവർക്ക് ആത്മബലം കുറവായിരിക്കും. എത്രയധികം ബാഹ്യമായി അണിഞ്ഞൊരുങ്ങി, പുറംമോടിയിൽ വിലസാൻ ശ്രമിച്ചാലും, അവരുടെയുള്ളിൽ ആത്മനിന്ദയും, പരനിന്ദയും, വൈരൂപ്യബോധവുമുണ്ടാവും. സ്വയം സ്നേഹിച്ചുൾക്കൊ ള്ളാൻ കഴിയാത്തവർ എത്ര അണിഞ്ഞൊരുങ്ങിയാലും എവി ടെയും, എന്തിലും, ഏതിലും, വൈകൃതവും, വൈരൂപ്യവും കുറ്റവും, കുറവും കണ്ടുപിടിക്കും.

'കാണുന്നവന്റെ കണ്ണിലാണ് സൗന്ദര്യം' ഇരിക്കുന്നത്. സൗന്ദര്യത്തിന്റെ പൂർണ്ണത മുഖകാന്തിയിലാണ്. കാന്തി യുള്ള മനസ്സ് ഏത് വെല്ലുവിളികളെയും സ്വീകരിക്കും, എന്തിലും ഏതിലും സൗന്ദര്യത്തിന്റെ പുതുമ കണ്ടെത്തും. അവരുടെ ദൃഷ്ടിയിൽ മോശമായതൊന്നുമുണ്ടായിരിക്കുക യില്ല. അവനവനെ ബഹുമാനിക്കുന്നവൻ, അതുപോലെ തന്നെ കണ്ണിൽ കാണുന്നവരെയെല്ലാം ബഹുമാനിക്കും. ഉള്ളിലെ ദൈവ ചൈതന്യമറിഞ്ഞവരുടെ ആത്മവിശ്വാസ

മാണ് ലോകത്തിലെ ഏറ്റവും വലിയ സൗന്ദര്യം. അവർ എല്ലാത്തിലും തങ്ങളുടെ ഉള്ളിലെ അതേ ദൈവചൈതന്യം ദർശിക്കുന്നു. അവർക്കീ സമസ്ത പ്രപഞ്ചവും സുന്ദരമാണ്, ഉള്ളിലെ പരിശുദ്ധി തിരിച്ചറിയുന്നവർക്കീ ലോകത്തിൽ ഒന്നിലും അശുദ്ധി ദർശിക്കുവാൻ കഴിയില്ല. സ്വന്തം സ്വഭാവ നൈർമല്യമാണ് സൗന്ദര്യത്തിന്റെ ശ്രേഷ്ഠത.

'കർത്താവ് ഹൃദയത്തിലേക്ക് നോക്കുന്നു' (1 ശമുവേൽ 16:7).

ഒരുവൻ എത്രത്തോളം ആത്മ സാക്ഷാത്ക്കാരം (സ്വയം തിരിച്ചറിവ്) ലഭിച്ച വ്യക്തിയാണോ അത്രത്തോളം സ്വയം സ്വീകരിക്കുകയും അംഗീകരിക്കുകയും, ഏതു പ്രതികൂല അവസ്ഥയിലും തങ്ങളെ ഉൾ ക്കൊള്ളുകയും (Self acceptance) ചെയ്യും. അവരിൽ ആത്മസന്തോഷത്തിന്റെ ലഹരിയുണ്ടാവും ഉയർന്ന സൗന്ദര്യ ബോധ്യവുമുണ്ടാകും.

'സൗമ്യതയും, സാവധാനതയുമുള്ള മനസ്' അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ ആയിരിക്കണം എന്ന് പത്രോസ് 3:3–5 ൽ പറഞ്ഞിരിക്കുന്നു.

പറഞ്ഞറിയിക്കുവാൻ വാക്കുകൾക്ക് കഴിയാതെ വരുന്ന, അവാച്യവും അനശ്വരവുമായ ആത്മാവിന്റെ ആഘോഷ മാണ് സൗന്ദര്യാനുഭൂതി സൗന്ദര്യാരാധകർക്ക്, പ്രകൃതി സ്നേഹികൾക്ക് ഇതുവരെ ഉത്തരം പറഞ്ഞറിയിക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത നിഗൂഢമായ ഒരവസ്ഥയുടെ ആനന്ദമാണ് സൗന്ദര്യം. 'ഗൂഢ മനുഷ്യൻ' എന്നാണ് പത്രോസ് പറഞ്ഞിരിക്കുന്നത്.

മനസ്സിന്റെ ഉയർന്ന ഒരവസ്ഥയാണ് സൗന്ദര്യം. സൗന്ദര്യബോധ പൂർണ്ണിമ എന്നത് ഉയർന്ന ആത്മാവബോധത്തിൽ സ്വയം അനുഭവിച്ചറിയേണ്ട ഒരു ശാശ്വത സത്യമാണ്. Unblemished bliss. കളങ്കമില്ലാത്ത ആനന്ദം.

'ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും (സദൃശ്യവാക്യം 31:30).

ഭൂമിയിൽ ദൈവരാജ്യത്തിന്റെ ആനന്ദം നിറയ്ക്കാൻ ദൈവത്തോടുള്ള ഭയഭക്തിയോടെ ജീവിതം പ്രാർത്ഥനയാക്കി അദ്ധ്വാനിക്കുന്ന സ്ത്രീയെക്കുറിച്ച് സദൃശ്യവാക്യം വിവരിക്കുന്നു.

ഭൗതിക ലോകത്തിന്റെ സൗന്ദര്യ സങ്കല്പങ്ങൾ സ്ഥിരതയില്ലാതെ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നു. ദേശവും, കാലവും മാറുന്നതനുസരിച്ച് സൗന്ദര്യ നിയമവും മാറുന്നതുകൊണ്ടാണ് സൗന്ദര്യബോധം ആപേക്ഷികമാണെന്നു പറയുന്നത്. ഇന്നത്തെ സൗന്ദര്യ സങ്കല്പമല്ല നാളെ. ഇൻഡ്യയിലെ സൗന്ദര്യ സങ്കല്പമല്ല ആഫ്രിക്കയിലും, അമേരിക്കയിലും.

ശരീരസൗന്ദര്യം എന്നാൽ മരിച്ചു കഴിഞ്ഞ് അഴുകുന്നതും പുഴുക്കളുടെ ആഹാരവും മാത്രമാണ്. മായയായ ഈ ലോകത്ത് ഒന്നിനും നിലനിൽപ്പില്ല. മനസ്സിന്റെ സൗകുമാര്യം നിത്യമാണ്. അതീലോകം എന്നും സ്മരിക്കും.

ഓരോ ദിവസവും ഓരോ പരിപാടിക്കു എത്രയധികം ആകർഷകമാകത്തക്കവിധം അണിഞ്ഞൊരുങ്ങിയാലും ആ ദിനം കഴിയുമ്പോൾ അതിന്റെ പ്രതീതി ഇല്ലാതാവുന്നു. അതു വെറും ഓർമ്മയായിത്തീരുന്നു. മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് ശാശ്വതമല്ലാത്ത ബാഹ്യസൗന്ദര്യത്തിനു പ്രസക്തിയില്ല. കൗമാരം, യൗവനം, വാർദ്ധക്യം ഈ പല അവസ്ഥകളിലൂടെ മനുഷ്യൻ കടന്നു പോകുന്നു. പ്രായം മാറുന്നതനുസരിച്ച് സൗന്ദര്യത്തിനും മാറ്റമുണ്ടാകുന്നു. കാലം/ മനസ്സിന്റെ തോന്നലുമാത്രമായി സൗന്ദര്യ ബോധവും കടന്നു പോകുന്നു.

നാളെ പുഴുവരിക്കേണ്ട മുഖവും, മാംസവും ഇന്ന് എത്ര സുന്ദരമാക്കി കെട്ടി എഴുന്നെള്ളിച്ചുകൊണ്ട് നടന്നാലും, നാളെ ഈ പൊക്കിക്കൊണ്ടു നടക്കുന്നവരെല്ലാം കല്ലറയ്ക്കകത്തു വെച്ചു 'ഗുഡ് ബൈ' പറഞ്ഞു പിരിയും. കല്ലറയ്ക്കു പുറത്തുവരെയുള്ള ബന്ധമേ 'മായയാകുന്ന' ലോകത്തിനടിമകളാകുന്ന സൗന്ദര്യാരാധകർക്കുണ്ടാവുകയുള്ളു. എല്ലാവരുടെയും ഹൃദയത്തിൽ വസിക്കണമെങ്കിൽ മറ്റുള്ളവരുടെ ഹൃദയത്തെ സ്പർശിച്ചുണർത്തണം.

മാംസം അഴകുന്നതാണ്. അഴകുന്ന മാംസത്തിന്റെ ആത്മവിശ്വാസവും, അനുഭൂതിയും മാത്രമെ ബാഹ്യമായ പുറംമോടിക്കും നൽകുവാനാകൂ. എപ്പോഴും ഒരുപോലെ ഉയർന്ന അവസ്ഥയിൽ സൗന്ദര്യബോധത്തിന്റെ ആത്മവിശ്വാസം നിലനിൽക്കണമെങ്കിൽ ആത്മസ്വരൂപത്തിന്റെ ഭംഗി ആവിഷ്ക്കരിക്കപ്പെടണം.

'ബാഹ്യമായി നാം ക്ഷയിച്ചുപോകുന്നു എന്നാൽ ആന്തരീകമായി നാം അനുദിനം നവീകരിക്കപ്പെടുന്നന്നു (2 കൊരിന്ത്യർ 4:16).

മനസ്സിന്റെ ഒഴുക്കും, ചലനവും സ്തംഭിപ്പിക്കുന്നതാണ് സൗന്ദര്യം. യഥാർത്ഥ സൗന്ദര്യത്തിനു ത്രികാലങ്ങളെയും, (സമസ്ത പ്രപഞ്ചത്തെയും) സ്തംഭിപ്പിക്കുവാൻ കഴിയും. യഥാർത്ഥ സൗന്ദര്യം ചിന്തകളെയും മനസിനെയും സ്തംഭിപ്പിക്കുന്നതാണ്. അവിടെ സമയവും, കാലവും സ്തംഭിച്ചു പോകും. ഭൂതകാലവും Past, ഭാവി കാലവും (Future) ചിന്തകളിൽ, മനസ്സിൽ ഇല്ലാതാവുന്നു. വർത്തമാനകാലത്തിന്റെ (Present moment) ആഘോഷത്തിൽ മനോഭാവം ഏകവും, നിത്യവും, സ്ഥിരവും, അദ്വൈത ബോധവും അനുഭവിക്കുന്നു. സ്ഥകാലബോധത്തെയും, ദേശത്തെയും, സമയത്തെയും, ഇല്ലാതാക്കുന്ന (അതിജീവിക്കുന്ന) സൗന്ദര്യത്തിൽ വ്യക്തിബോധം വിശ്വബോധമായി മാറുന്നു.

ആ സൗന്ദര്യ പൂർണ്ണിമയിൽ സമയം ഇല്ലാതാവുന്നു. അതായത് സമയം പോകുന്നു. അഹങ്കാരത്തിൽ മുഴുകുന്നവർക്ക് പെട്ടെന്ന് ബോറടിക്കും. ഒന്നിലും തൃപ്തിയില്ലാതെ പുതുമകൾ തേടി വീണ്ടും വീണ്ടും അലയും.

ആത്മസൗന്ദര്യ സാക്ഷാത്ക്കാരം സിദ്ധിച്ചവർക്കെപ്പോഴും പരിപൂർണ്ണ സംതൃപ്തിയായിരിക്കും. പൂർണ്ണമായി അഹങ്കാരമില്ലാതാവുന്ന അവസ്ഥയാണ് യഥാർത്ഥ സൗന്ദര്യം. എളിമയുടെ ദൈവകൃപ കളങ്കരഹിതമായ ശുദ്ധ ബോധമാണ്. നിർമ്മലത ഉടലാർന്ന രൂപമാണ് സൗന്ദര്യത്തിന്റെ അടിസ്ഥാനം അവർ ഉള്ളിൽ രൂപത്തിന്റെ പരിധികൾ ഭേദിച്ചു, പരാസംവിത് (ശൂന്യം) എന്ന പരമപവിത്രമായ അരൂപാവസ്ഥയുടെ ഉയർന്ന ബോധതലങ്ങളിലെത്തുന്നു. ●


## സ്ഥലം വില്പനയ്ക്ക്

**ചിങ്ങവനം M.C. Road,**
**Fine Bakery സമീപം 20 സെന്റ്**
**Plots ആയും വില്ക്കപ്പെടും.**

**Ph. 09633103033**

# ഏവൻഗേലിയോൻ ദീപം



**റവ. ഫാ. സാജൻ സി.അലക്സ് ചക്കാലയിൽ**

## സമിയോ ഞായർ (17-03-2024) വലിയ നോമ്പിലെ 6-ാം ഞായർ (വി.യോഹ. 9:1-41)

യേശു തമ്പുരാൻ ജനനം മുതലേ കുരുടനായ ഒരു മനുഷ്യനെ കണ്ടു. ശിഷ്യന്മാർ യേശുതമ്പുരാനോട്, "ഗുരോ; ഇവൻ കുരുടനായി ജനിപ്പാൻ തക്കവണ്ണം പാപം ചെയ്തതാര് ഇവനോ ഇവന്റെ മാതാപിതാക്കളോ എന്നു ചോദിച്ചു. യേശുതമ്പുരാൻ അവരോട് ഇവനും ഇവന്റെ മാതാപിതാക്കളും പാപം ചെയ്തിട്ടല്ല ദൈവത്തിന്റെ പ്രവൃത്തികൾ ഇവനിൽ വെളിപ്പെടുവാനിയിട്ടത്രെ. പകലുള്ളപ്പോൾ തന്നെ എന്നെ അയച്ചവന്റെ പ്രവൃത്തികൾ ഞാൻ നിവൃത്തിക്കേണ്ടതാകുന്നു. ഒരുവനും പ്രവൃത്തിക്കുവാൻ കഴിയാത്ത രാത്രി വരുന്നു. ലോകത്തിലിരിക്കുന്നിടത്തോളം കാലം ഞാൻ ലോകത്തിനു പ്രകാശമാകുന്നു എന്നു പറഞ്ഞു യേശു തമ്പുരാൻ ഇങ്ങനെ പറഞ്ഞിട്ടു നിലത്തു തുപ്പി; ആ തുപ്പൽ കൊണ്ടു മണ്ണു കുഴച്ചു ആ കുരുടന്റെ കണ്ണുകളിൽ തേച്ചിട്ട് അവനോട്: "നീ പോയി ശീലോഹോം കുളത്തിൽ കഴുകുക" എന്നു പറഞ്ഞു അവൻ പോയി കഴുകി കാഴ്ചപ്രാപിച്ച് തിരിച്ചു വന്നു.

തന്റെ തന്നെ പാപത്തിന്റെ ശിക്ഷയാണ് അന്ധതയെന്ന വിശ്വാസം യഹൂദ പാരമ്പര്യത്തിൽ ഉണ്ടായിരുന്നു. മാതാപിതാക്കളുടെ പാപമാണ് രോഗാവസ്ഥയ്ക്ക് കാരണം എന്നു മറ്റു മതങ്ങളും പഠിപ്പിച്ചിരുന്നു. ഈ പശ്ചാത്തലത്തിൽ നിന്നു കൊണ്ടാണ് ശിഷ്യന്മാരുടെ ചോദ്യം. ഇവനും ഇവന്റെ മാതാപിതാക്കളും പാപം ചെയ്തിട്ടല്ല, ദൈവത്തിന്റെ പ്രവൃത്തികൾ വെളിപ്പെടുവാനായിട്ടത്രെ എന്നു യേശു അവർക്ക് മറുപടി നൽകുന്നു. ആദിയിൽ സൃഷ്ടാവ് ആകാശവും ഭൂമിയും സൃഷ്ടിച്ചപ്പോൾ വെളിച്ചമുണ്ടാകട്ടെ എന്നു കല്പിക്കുന്നു. കാരണം ദൈവം തന്നെയാണ് പ്രകാശം. ഈ വചനഭാഗത്ത് യേശു പറയുന്നു ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. തുടർന്നു ഓദംസോയിൽ നിന്നും മണ്ണെടുത്ത് മനുഷ്യനെ സൃഷ്ടിച്ചതുപോലെ നിലത്തു തുപ്പി മണ്ണ് കുഴച്ച് അന്ധന് കാഴ്ച നൽകുന്നു. തുടർന്നു അവനെ ശീലോഹോം കുളത്തിലേയ്ക്ക് അയയ്ക്കുന്നു. യെരുശലേമിലേക്കുള്ള ജലവിതരണത്തിന് ശീഹോൻ നീരുറവയിൽ നിന്നും തുരങ്കത്തിലൂടെ കൊണ്ടുവരുന്ന വെള്ളം സംഭരിച്ചിരുന്ന കുളമാണിത്. ഏദൻതോട്ടം നനയ്ക്കാൻ പുറപ്പെട്ട 4 ഉറവകളിൽ ഒന്നായിരുന്നു ശീഹോൻ നീരുറവ. ശീലോഹോ എന്ന (ശ്ലീഹോ) വാക്കിന്റെ അർത്ഥം അയക്കപ്പെട്ടവൻ എന്നാണ്. ഇവിടെ സൃഷ്ടാവും, നിർമ്മിതാവും അയയ്ക്കപ്പെട്ടവനും താൻ തന്നെയാണെന്നു വെളിപ്പെടുത്തുന്നു. തുടർന്ന് കാഴ്ച നഷ്ടപ്പെട്ട ഒരു സമൂഹത്തെ പ്രസ്തുത വചനഭാഗം തുറന്നു കാട്ടുന്നു. കാഴ്ച എന്നത് കാഴ്ചപ്പാടിനെയും ഉൾക്കാഴ്ചയേയും പ്രതിനിധീകരിക്കുന്നു. ഇവിടെ തന്റെ സൃഷ്ടാവിനെ മുഖാമുഖം കാണുന്നതിനുള്ള ഉൾക്കാഴ്ച ആ മനുഷ്യനു ലഭിച്ചു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നുവെന്ന് പറഞ്ഞ പത്രോസിനെപ്പോലെയും, എന്റെ കർത്താവും എന്റെ ദൈവവുമെ എന്ന് സാക്ഷിച്ച തോമാശ്ലീഹായെപ്പോലെയും ഞാൻ മശിഹായെ കണ്ടു എന്ന് സാക്ഷിച്ച ശമരിയാക്കാരത്തി സ്ത്രീയെപ്പോലെയും കുരുടൻ ഏറ്റു പറഞ്ഞു; "ഒന്നെനിക്കറിയാം ഞാൻ കുരുടനായിരുന്നു ഇപ്പോൾ കാണുന്നു". കണ്ണുള്ളവർ അന്ധത പേറുന്ന ഈ ലോകത്ത് സൃഷ്ടാവിനെ സാക്ഷിക്കുവാൻ നമ്മുടെ ഉൾക്കണ്ണുകളെ നമുക്കും തുറക്കാം. അന്ധതയുടെ ലോകത്ത് മാമോദീസ തൊട്ടിയെന്ന 'ശീലോഹോ'മിലൂടെ മാമോദീസാ എന്ന ആത്മീയപ്രകാശം നേടി വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ സുകൃതങ്ങളിലൂടെ സ്വയം പ്രകാശിച്ച് നീതിയിൽ സൂര്യനായ ക്രിസ്തുവിനെ ഏറ്റു പറയുവാൻ നമ്മുക്കും ഇടയാകട്ടെ. ആമ്മീൻ.

## ഓശാന ഞായർ (24-03-2024) (വി. യോഹ. 12:12-19)

യേശുതമ്പുരാൻ ഒരു കഴുതയെ കണ്ടെത്തി അതിന്റെ പുറത്തുകയറി "സെഹിയോൻ പുത്രീ! നീ ഭയപ്പെടേണ്ട; കണ്ടാലും! നിന്റെ രാജാവ് കഴുതകുട്ടിപ്പുറത്തു കയറി നിന്റെ അടുക്കലേക്ക് വരുന്നു" എന്ന് എഴുതിയിരിക്കുന്നപ്രകാരം സീയോൻ രാജവീഥിയിലൂടെ യെരുശലേമിലേക്ക് നടത്തിയ രാജകീയ പ്രവേശനമാണ് ഈ വചനഭാഗം. ഇവിടെ പുരുഷാരം ഈന്തപ്പന വൃക്ഷക്കൊമ്പുകൾ എടുത്ത് "ഊശാന; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ഉച്ചത്തിൽ വിളിച്ചു പറഞ്ഞ് അവനെ എതിരേറ്റു. പഴയ നിയമകാലത്ത് രാജാക്കന്മാരുടെ എഴുന്നെള്ളത്തിനായി സങ്കര വർഗ്ഗത്തിൽപ്പെട്ട കോവർ കഴുതയെ ഉപയോഗിച്ചിരുന്നു. (1 രാജ. 1:33). എന്നാൽ അഹന്തയും അധികാരവും ഉള്ളവർ അധികാരം കയ്യാളുവാൻ കുതിരപ്പുറത്ത് സഞ്ചരിച്ചപ്പോൾ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വിനയത്തിന്റെയും സന്ദേശവാഹകരാണ് കഴുതകുട്ടിയുടെ പുറത്തു യാത്രചെയ്തിരുന്നത്. യെരുശലേമിലേക്കുള്ള തന്റെ രാജകീയമായ പ്രവേശനം യേശു തമ്പുരാൻ ഏറ്റവും ഭംഗിയായി നിവൃത്തിച്ചു. ഓശാന പാട്ടുകളാൽ ജനം അവനെ എതിരേറ്റു. ഓശാന എന്ന വാക്കിന്റെ അർത്ഥം ഞങ്ങളെ രക്ഷിക്ക എന്നാണ്. ഊശാന പാടിയവർ പക്ഷേ പിന്നീട് അവനെ ക്രൂശിക്ക എന്നും അട്ടഹസിച്ചു. അതിന്റെ ഓർമ്മപ്പെടുത്തലാണ് ദുഃഖവെള്ളിയാഴ്ച കർത്താവിന്റെ കബറടക്കശുശ്രൂഷയിൽ കർത്താവിന്റെ ശരീരം പൊതിയുവാൻ ഊശാനയിലെ കുരുത്തോലകൾ ഉപയോഗിക്കുന്നത്.

സകലത്തിന്റെയും രക്ഷിതാവും നിർമ്മിതാവും താനാണെന്ന സത്യം മനസ്സിലാക്കുവാൻ ആ ജനതയ്ക്ക് സാധിച്ചില്ല. നമ്മുടെ രക്ഷയ്ക്കായി എഴുന്നെള്ളി വന്ന് നമ്മെ രക്ഷിക്കുവാൻ തന്നെ തന്നെ ബലിയായി അർപ്പിക്കുവാൻ കാൽവരിയിലേയ്ക്ക് ക്രിസ്തുനാഥൻ നടത്തിയ ജൈത്രയാത്രയാണ് ഊശാന. ഊശാന വിളികളോടെ കർത്താവിനായി നമ്മുടെ

ഹൃദയ വാതിൽ നമുക്ക് തുറന്നു കൊടുക്കാം. അവനെ രക്ഷിതാവായി നാവുകൊണ്ടും ഹൃദയം കൊണ്ടും എന്നേക്കുമായി ഏറ്റു പറയാം. അതുവഴി അവൻ നമുക്കായി ഒരുക്കുന്ന നിത്യ രക്ഷയെ പ്രാപിക്കാം.

## ഉയിർപ്പ് ഞായർ (31-03-2024) (വി. മർക്കോസ് 16:1-8)

ശാബദ് കഴിഞ്ഞപ്പോൾ മറിയാമും യാക്കോബിന്റെ മാതാവ് മറിയാമും ശോലൂമും വന്ന് അവനെ പൂശുവാനായിട്ട് സുഗന്ധദ്രവ്യങ്ങൾ വിലക്കുവാങ്ങി. ഞായറാഴ്ച അതിരാവിലെ സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറവരെ ചെന്നു "കല്ലറയുടെ വാതിൽക്കൽ നിന്ന് ആര് നമുക്ക് കല്ലുമാറ്റിത്തരും എന്ന് അവർ തങ്ങളിൽ പറഞ്ഞു. പിന്നെ അവർ സൂക്ഷിച്ചു നോക്കിയപ്പോൾ ആ കല്ല് ഉരുട്ടി നീക്കപ്പെട്ടിരിക്കുന്നതായി കണ്ടു. അവർ കല്ലറയിൽ പ്രവേശിച്ചപ്പോൾ ഒരു യുവാവ് വെള്ള നിലയങ്കിധരിച്ച് വലതുഭാഗത്തിരിക്കുന്നതായി കണ്ടു പരിഭ്രമിച്ചു. അവൻ അവരോട് "നിങ്ങൾ ഭയപ്പെടേണ്ട; കുരിശിൽ തറയ്ക്കപ്പെട്ടവനായ നസ്രേത്തുകാരൻ യേശുവിനെയല്ലയോ നിങ്ങൾ അന്വേഷിക്കുന്നത്. അവൻ ഉയിർത്തെഴുന്നേറ്റു എന്നു പറഞ്ഞു. ക്രൈസ്തവ വിശ്വാസത്തിന്റെ ആണിക്കല്ലാണ് ഈ പ്രഖ്യാപനം. യഹൂദ പാരമ്പര്യത്തിൽ കല്ലറ നാശത്തിന്റെയും ബന്ധനത്തിന്റെയും പ്രതീകമായിരുന്നു. യേശുതമ്പുരാൻ ബഥാന്യായിൽ വച്ച് ലാസറിനെ ഉയിർപ്പിക്കുമ്പോൾ അവന്റെ കൈകാലുകൾ ശീലകളാൽ ബന്ധിക്കപ്പെട്ടിരുന്നു. അവന്റെ മുഖം തൂവാലയാൽ മൂടപ്പെട്ടിരുന്നു. ശരീരത്തിന്റെയും ആത്മാവിന്റെയും സജീവാവസ്ഥ മറയപ്പെട്ടിരുന്നതിന്റെ പ്രതീകമായിരുന്നു ഇത്. എന്നാൽ നമ്മുടെ കർത്താവിന്റെ മൂന്നാം നാളുള്ള പുനരുത്ഥാനം ശരീരത്തിന്റെയും ആത്മാവിന്റെയും കെട്ടുകൾ ഭേദിച്ചുകൊണ്ടായിരുന്നു. അവന്റെ വസ്ത്രങ്ങൾ കല്ലറയിൽ ചുരുട്ടിവച്ചിരുന്നു. എന്നാൽ അവൻ മഹത്വവസ്ത്രം അണിഞ്ഞു ഉത്ഥിതനായിത്തീർന്നു.

മരിച്ചവരിൽ നിന്നുള്ള ആദ്യജാതനായി ക്രിസ്തു മാറി. ഒന്നാം ആദാം നഷ്ടപ്പെടുത്തിയ മഹത്വവസ്ത്രം രണ്ടാം ആദാമായ ക്രിസ്തു അണിഞ്ഞു. ആ മഹത്വവസ്ത്രം അണിഞ്ഞ് ക്രിസ്തു വീണ്ടും വരും. കർത്താവേ ഞങ്ങൾ നിന്റെ മരണത്തെ ഓർക്കുകയും നിന്റെ ഉയിർപ്പിനെ ഏറ്റുപറയുകയും നിന്റെ രണ്ടാമത്തെ എഴുന്നെള്ളത്തിനായി നോക്കിപ്പാർക്കുകയും ചെയ്യുന്നു. നിന്റെ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ എന്നാളും ഉണ്ടായിരിക്കണമെ എന്ന പ്രാർത്ഥനയോടെ നമുക്ക് ഈ ഉയിർപ്പ് പെരുന്നാളിനെ ആഘോഷിക്കാം.

## പുതുഞായർ (07-04-2024) (വി. യോഹ. 20: 19-31)

ആ ഞായറാഴ്ച ദിവസം സന്ധ്യക്ക് ശിഷ്യന്മാർ ഇരുന്നിരുന്ന സ്ഥലത്തിന്റെ വാതിലുകൾ യഹൂദന്മാരിലുള്ള ഭയം നിമിത്തം അടക്കപ്പെട്ടിരിക്കെ യേശു തമ്പുരാൻ അവരുടെ മദ്ധ്യേ വന്നു നിന്നുകൊണ്ട് "നിങ്ങൾക്ക് സമാധാനം" എന്നു പറഞ്ഞു. ഇതു പറഞ്ഞിട്ട് അവൻ തന്റെ കൈകളും വിലാപ്പുറവും അവർക്ക് കാണിച്ചു കൊടുത്തു. ശിഷ്യന്മാർ കർത്താവിനെ കണ്ടതിൽ സന്തോഷിച്ചു. പിന്നെയും യേശു അവരോട് "നിങ്ങൾക്ക് സമാധാനം; എന്റെ പിതാവ് എന്നെ അയച്ചപ്രകാരം ഞാനും നിങ്ങളെ അയക്കുന്നു" എന്നു പറഞ്ഞു. തന്റെ പുനരുത്ഥാനത്തിനുശേഷം പരി. ശ്ലീഹന്മാർക്ക് യേശു തമ്പുരാൻ പ്രത്യക്ഷനാവുകയാണ്. അവൻ അവർക്ക് സമാധാനം ആശംസിച്ചു അവരുടെമേൽ ഊതി. തന്റെ പൗരോഹിത്യ അധികാരം ശ്ലൈഹീകമായി പകർന്നുകൊടുക്കുകയാണ് ക്രിസ്തു ഇവിടെ ചെയ്യുന്നത്. ഈ കാര്യങ്ങൾ സംഭവിക്കുമ്പോൾ തോമാശ്ലീഹാ ഈ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. വീണ്ടും എട്ടുദിവസങ്ങൾക്ക് ശേഷം അവൻ കർത്താവിനെ കാണുകയും തന്റെ വിശ്വാസം ഏറ്റുപറയുകയും ചെയ്യുന്നു. എന്നെ കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു എന്ന് യേശു പ്രതിവചിച്ചു. ഈ വചനഭാഗം നാം ചിന്തിക്കുമ്പോൾ മോർ തോമാ ശ്ലീഹായെപ്പോലെ അവനിൽ വിശ്വസിക്കുവാനും ആ വിശ്വാസം ഏറ്റു പറയുവാനും ക്രിസ്തു നൽകുന്ന സ്വർഗ്ഗീയ സമാധാനം നിലനിർത്തുവാനും നമുക്ക് ഇടയായിത്തീരട്ടെ.

## പുതുഞായറാഴ്ചയ്ക്കുശേഷം 1-ാം ഞായർ (14-04-2024) (വി. യോഹ. 21: 1-14)

യേശുതമ്പുരാൻ തിബര്യാസ് കടൽത്തീരത്തുവച്ച് തന്റെ പരി. ശ്ലീഹന്മാർക്ക് പ്രത്യക്ഷനാകുന്നതാണ് ഈ വചനഭാഗം. യേശു കർത്താവിന്റെ ക്രൂശുമരണത്തിനുശേഷം തന്റെ ശിഷ്യന്മാർ മീൻപിടിക്കുന്നതിനായി തിബര്യാസ് കടലിൽ പോയി രാത്രിമുഴുവൻ കടലിൽ വലയിട്ടിട്ടും അവർക്ക് ഒന്നും ലഭിച്ചില്ല. യേശുതമ്പുരാൻ കടൽത്തീരത്ത് കടന്നു വന്നു. പടകിന്റെ വലതുഭാഗത്ത് വലയിറക്കുവാൻ നിർദ്ദേശിച്ചു. "അവർ യേശു പറഞ്ഞതുപോലെ ചെയ്തു. അപ്പോൾ മീനിന്റെ പെരുപ്പം നിമിത്തം ആ വല വലിച്ചുകയറ്റുവാൻ അവർക്ക് കഴിഞ്ഞില്ല. നിസ്സഹായതയുടെ രാത്രി അവസാനിച്ചപ്പോൾ നീതിയിൽ സൂര്യനായ ക്രിസ്തുവിന്റെ സാന്നിധ്യം അവരെ സഹായിച്ചു.

ആധുനികലോകം സ്വന്തം കഴിവുകളിലും അദ്ധ്വാനങ്ങളിലും ഒക്കെ അഹങ്കരിക്കുന്ന സമൂഹങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ പലപ്പോഴും ഈ അദ്ധ്വാനങ്ങളും പ്രയത്നങ്ങളും ഫലമില്ലാതായിത്തീരുന്നു. ഇവിടെയാണ് നാം നമ്മെ ശക്തിപ്പെടുത്തുന്ന ക്രിസ്തു സാന്നിദ്ധ്യം തിരിച്ചറിയേണ്ടത്. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിലും മതിയായവനാകുന്നു എന്ന് പൗലോസ് ശ്ലീഹാ ഓർമ്മപ്പെടുത്തുന്നു. ഇതുപോലെ ക്രിസ്തു സാന്നിദ്ധ്യവും ക്രിസ്താവബോധവും ജീവിതയാത്രയിൽ ചേർത്തു നിർത്തി മുന്നേറുവാൻ നമുക്ക് ഇടയായിത്തീരട്ടെ. ആമ്മീൻ ●

**31-ാം ചരമവാർഷികം**
**06 - 03- 2024**



**എം.ഒ. മർക്കോസ്**
**മണിമലപാറയിൽ**
**ചിങ്ങവനം**

*സന്തപ്ത കുടുംബാംഗങ്ങൾ*

## ശുഭചിന്തകൾ

**ഓരോ ശേഷിയും സമർത്ഥമായി ഉപയോഗിക്കുക എന്നതിനു സന്ദർഭോചിതമായും സമയോചിതമായും ഉപയോഗിക്കുക എന്നുകൂടി അർത്ഥമുണ്ട്. താമസിക്കപ്പെടുന്ന നീതി, അതു നിഷേധിക്കപ്പെടുന്നതിന് സമമാണ് എന്നുണ്ടല്ലോ.**

# *Why Jesus had to die on the Cross?*

Philip Abraham Malecheril

This is a very genuine question which anyone would ask. The crucifixion of Jesus Christ was neither an accident nor a coincidence of history but an event of God's plan to reconcile humanity to himself. To find an answer for this, we need to go back in time and start at the very beginning. Let's look into the events that unfolded prior to the crucifixion.

**The Creation**

In the beginning, God created heaven and earth out of nothing. The creation lasted 6 days in which includes, heaven, earth, sea, dry land, plants, light, sun, moon, stars, sea life, birds, land animals etc.,. After preparing the earth to be inhabited, God went about with the creation of man. He created Adam and Eve and put them in the Garden of Eden to live. Creation ended with God's stamp of approval. He pronounced it very good. All was in order. There was no pain, no disease and no struggle for the survival of the fittest, no discord and above all no death. God created man in the

image of God with a Mind (God gave them a dab of His intellect), Emotions (ability to feel) and Will (ability to take decisions).

The garden had everything in abundance for them to use but God gave one command. His commandment was "you are free to eat from any tree in the garden but you must not eat from the tree of the knowledge of good and evil, for when you eat of it you will surely die". God used to visit Adam and Eve regularly in the garden and they were in intimate terms with the Creator. Between God and man, there was a unique relationship. Eden was the perfect place to live. Everything was very good.

**The Fall**

Satan, the deceiver who has always been rebelling against God took the form of a serpent and slinked into the Garden. Satan said to Eve "Did God really say, you must not eat from any tree in the garden"? Perhaps God is holding back something good from you. May be God is not as good and loving as he makes himself out to be. You will not surely die if you eat the fruit, you will be like God, knowing good and evil". He deceived Eve and she ate the fruit followed by Adam. Satan succeeded and the first sin came into the world through this act. Adam and Eve had all the reasons to tell the devil that he was the liar, but they chose to believe Satan instead of God. They disobeyed God's clear instruction and joined the Devil's rebellious ranks. They abandoned their friendship with God and joined Satan. The friendship between God and Man was over. The Bible says "then the eyes of both of them were opened and they knew that they were naked". Although they sewed fig leaves together to cover their outward appearance (nakedness), God was looking right through their feeble attempts to cloth themselves (God would look at the inside). The fig leave solution didn't work. The condemnation remained. Having a good outward appearance did not remedy the inner reality. Perfection was gone. Feelings of guilt churned within and they refused to accept it. Perhaps if they had been truly apologetic, God would have restored the friendship somehow. We do not know. Instead, they started justifying their act. The man said "the woman you put here with me gave me some fruit and I ate it" (Woman's fault). The woman said "the serpent tricked me and I ate it" (Serpent's fault). God banished them from the Garden of Eden to work the ground from which they had been taken.

**The Consequences**

The man felt he knew better than God and what was good for him. He chose his own path to do his

own thing. But that path led into a spiritual wilderness. Man was LOST. Instead of believing God,

man trusted and believed Satan thus becoming an enemy of God. But such a choice has ramifications. The Bible teach us that Sin's effects are costly. Because there was no trust between Man and God, there was no relationship. The unique friendship between God and Man ended immediately with the first sin. Separated by sin, man was estranged from the perfect Holy God. God seemed remote and distant. Man became slave to Satan and slave to sin.

The man broke the command given by God. Whenever a law is broken, people have to face the consequences. God took off the mantle of friendship and donned a magistrate's cloak. As a man's judge, God found man guilty of a crime of breaking His law, of sinning against a Holy God. In es-

sence, God wrote out a verdict, a Certificate of Debt. Man was now a Debtor with a price to pay. The penalty for sin was death. Sin and death now reigned in Adam's bloodline, seemingly passed on through the generations by the father like apples reproduces apples, cats reproduces cats, sinful man reproduces sinful man. Mankind, by creation was designed to live in God's presence. But when man disobeyed God, his whole being changed. He lost that sinless nature, so how can man gain back that perfection which allows him to live with God?

Sin has its consequences, just as defying the law of gravity brings broken bones. Violating God's word has ramifications. God could not condone the sin of Adam & Eve. He could not say "Oh forget it" or "you couldn't help it" or we will pretend it never happened" or "it was just one little sin". No, the damage was done. One sin brought judgement, fear, shame and more sin. The earth and everything in it suffered from the curse. The bitterest consequences of man's sin was the thing that God had warned them about. It was death. God told Adam "by the sweat of your brow, you will eat food until you return to the ground, for out of it you were taken, for you are dust and to dust you will return". Every human being will die physically. The spirit would be separated from the body, the life separated from family and friends. After physical death, there would be a second death. Man would ever separate from God and would confine in the Lake of FireFire (called hell, the place that had been prepared for Satan and his demons).

**God's Character**

There are two different attributes that are part of God's character. Perfectly Just & Perfectly Loving. Lord is a perfect God, entirely without sin. To be sinless also means that God is honest and fair. He enforces His rule equally and fairly. No one escape God's justice. Honesty and fairness are fundamental to God's perfect nature. Perfect justice demands that sin be punished with a penalty equal to the offence. God is not only perfectly just, He is also completely loving. God revealed a type of love when He created the world- a care and concern. This love is often referred to by using the words grace, mercy, kindness and compassion. As sinners, we don't deserve God's kindness, yet God loves us with a perfect love in spite of our sin.

**Atonement – A Covering for Sin**

The word 'atonement' carries the idea of just, holy righteous side of God's nature being satisfied. God's law required death as the penalty for sin. The fig leaves outwardly covered the nakedness of Adam & Eve but their hearts were full of sin. God wanted to teach them that man could do nothing, outwardly or inwardly to remove the sin problem. So, He refused to accept their fig leave cloths. God took animals, killed them and made garments of skin and clothed Adam & Eve. This was a graphic illustration that sin brings death. God made the awful reality of death understandable to them immediately. Animals died in order that they might be clothed.

Although God did not hold man's sin against him, the blood of animals did not remove the sin-debt, it was only a temporary covering. The animal sacrifice only pictured what was necessary for sin to be forgiven – death and shedding of blood. The blood provided an atonement or covering for sin. In effect, the same way God covered the nakedness of Adam and Eve with acceptable clothing, so man's sin was covered by the blood and man found acceptable with God. It would be right to say that the God temporarily overlooked man's sin as if it had been obliterated.

**The Promise**

God in His love, gave a promise. God said to the **serpent** *"because **you** have done this, I will put*

*enmity between you and the woman, and between **your offspring and hers offspring, he will crush your head** and you will strike **his heel"***. On a closer examination of this sentence, God was saying that He would one day rescue mankind from Satan. God promised that a man would come, born of the woman, who would crush the Devil's head. Satan would one day hurt this man, but only with a strike at the heel – a temporary injury from which he would recover. This male child (Jesus Christ) would be known as 'The Anointed One' because of the special task given to him by God. The special task given to him by God was to save mankind from the consequences of sin and the power of Satan. For this reason he would also be known as the 'Savior' or 'Deliverer'.

**Adam to Christ**

The Bible records passing of many generations (Noah, Abraham, Moses etc.,) and God's intervention in each generation in the history. Through these generations God appointed Judges, Kings, Prophets, & Priests and they prophesized to the world God's message about the coming of 'Messiah' (Jesus Christ) to save the world. All through these passing years, God did not forget His commitment to send the Promised Deliverer. This was the faith of Jews and they believed that a 'Messiah' will come to save the world. Though the population of the world was increasing, the number of people who trusted God did not increase at the same rate. Though majority of people lived with little thought of God, each generation had people who believed in His promise. Through these generations, God also showed many instances that

pointed to the impending arrival of the *Promised Deliverer (Jesus Christ)* which recorded in the Old Testament of the Bible.

Few of such pointers are (a) **the substitute lamb** God provided to Abraham to sacrifice on the Mount Moriah thereby saving Abraham's son Isaac (background- God asked Abraham to sacrifice his only son. Abraham took his son to Mount Moriah to sacrifice for God. He took knife and prepared to plunge it into his son. At the last moment, God called him and stopped him. Because of Abraham's trust. God provided a substitute sacrifice – a lamb) (b) Moses who delivered Israelites from the slavery of Pharaohs in Egypt and led them to the Promised Land (background – God heard the cry of Israelites who were slaves in Egypt for many decades. He instructed Moses to save them) and (c) the serpent on the pole (background – during the journey of Israelites to the Promised Land under the leadership of Moses, many people were bitten by a poisonous snake in the wilderness and they cried out for deliverance. So God instructed Moses to make a bronze snake and raise it up in the middle of the camp. To be healed, all the people had to do was to LOOK at the serpent).

**Fulfillment of God's Promise**

For centuries, man had been a slave to Satan's will. Through blatant lies, imitation of truth, even the denial of his own existence, Satan had manipulated mankind for his own purposes. Mankind were bound by the chains of sin and Satan in the slave market of life. We were helpless to deliver

ourselves. God's just character could not overlook sin and pretend it had not happened. Sin must be punished and there had to be death. Up to this time, man had been offering animal sacrifices as

death payment, but they were only temporary covering because it is impossible for the blood of

bulls and goats to take away sin.

Since the beginning of history, it had been God's plan that the way of escape would be provided through Jesus Christ. The Lord God decided to send his only Son to the world as the Promised Deliverer. Jesus took the form of a man and came to the world. Mary was to be the mother of the Promised Deliverer. As John 3: 16 says "for God so loved the world that he gave his only begotten Son, that whoever believes in him shall not perish but have eternal life". With the Jesus' death on the cross, the last Lamb had died. The animal sacrifice had only been a picture of what was to come. Now it is no longer necessary to offer any kind of sacrifice because Jesus's blood paid the sin-debt once for all. The Bible says that the relationship that was broken by disobedience is now restored through Jesus' death on the cross. Jesus came and purchased us, paying the price with His own blood. He then took us out of the slave market, broke off the chains and set us free. Once we were alienated from God and were enemies but now He has reconciled us by Christ's physical body through death. On the cross, Jesus said "It is finished" and then He bowed His head and gave up his spirit. The literal meaning of this is "the work you (father God) gave me is completed. The debt is paid"

**Why was Jesus given such a brutal death sentence?**

After Jesus Christ's death, this question was even asked by gentiles (non-Jews) and the reasons can be easily inferred from the Bible. As mentioned in the first para, the crucifixion of Jesus Christ was neither an accident nor a coincidence of history but an event of God's plan to reconcile humanity to himself.

Although Jews believed that a 'Messiah' will come to save the world, they were expecting him to be from a royal family. But Christ was born from a Virgin Mary and His father was a carpenter, His birth itself was very lowly (born in a manger). Therefore, Jews couldn't accept him as a 'Messiah'. Jesus himself claimed to be 'The Son of God' and 'the one who came from heaven'. All these construed as blasphemy for Jews.

Jesus was fully human and fully divine. His acts on the earth reflected a perfect blend of both the nature. He preached a liberation theology during His Ministry which a section of Jews (called Pharisees & Sadducees) couldn't accept or comprehend. His teachings were on a different level and they found it to be a threat to their prevailing system. Jews gave more importance to the religiosity whereas Jesus focused on humanity. His preaching were stressing on the spiritual, physical, emotional and social change of man. Jesus used to vehemently criticize Jews on various things and confront them with their own scripture.

Jesus performed many miracles and most of them were done on 'Sabbath" (7 th day of the week which is supposed to be holy as per the Jewish custom and the day for rest) which was not acceptable to Jews as per their scripture. For example, Jesus cured a woman who had been crippled for eighteen year on a Sabbath day. When He was questioned by the Jewish priests on this act, His reply was *"you hypocrites! Doesn't each of you on the Sabbath untie your ox or donkey from the stall and lead it out to give it water? "Then should not this woman, a daughter of Abraham, whom Satan has kept bound for eighteen long years, be set free on the Sabbath day from what bound her?"* . He also said to them, the Sabbath was made for man, not man for the Sabbath. So the Son of Man is Lord even of

the Sabbath..

**Jesus was a liberator.** Even the basis of Marxian ideology is also originated from Christ's teachings. Even the economics of Christ is very different and it is noticeable. In one of the parables (workers of vineyard), He talks about giving same wages to workers who were hired early in the day (worked more hours) and the workers who were hired late in the afternoon (worked less hours). The parable stresses God's unmerited grace rather than any sense of earning God's favor. His concept of Kingdom of God highlights equality (all are equal irrespective of class, color creed etc.).

Because of all these, Jesus' popularity started gaining momentum and His followers were multiplying day by day which led to a people's movement. This irked Jewish authorities. They gave Him the most brutal method of execution that was prevalent in those days - crucifixion. Christ's crucifixion was not by force, instead He took it on himself to fulfill the desire of His father to save the mankind from the sin inherited from Adam. He knew His mission since birth and He was preparing Himself for the same. Jesus used to remind His disciples about His death and resurrection very often during His Ministry. Jesus, the blameless and spotless Lamb had to go through this horrific death for the salvation of mankind. This was also the fulfillment of an Old Testament prophecy which says "His appearance was so disfigured beyond that of any man and his form marred beyond human likeness" (Isa. 52:14).

The divine nature of God is what is seen on the cross. There are different words for 'love' in Greek language unlike in English and these are 'Eros', 'Philia', 'Ludus','Agape' etc. The divine love shown on the cross by Jesus Christ is termed as 'Agape' which means 'unconditional, unending and sacrificial love which is different from the love which is seen in the world.

**Christian Belief**

We believe that Jesus died in our place for our sins. We believe that Jesus paid our sin-debt. We believe that God's justice was satisfied by that death. We believe that when God look at us, He no longer sees our sin but He sees us clothed in Jesus' righteousness. We believe that God gives us the gift of eternal life.



റാന്നി ഐത്തലപള്ളിയിൽ എത്തിയ മഞ്ഞിനിക്കര ഹൈറേഞ്ച് തീർത്ഥാടകർക്ക് പാരിഷ് ഹാൾ അങ്കണത്തിൽവച്ച് ക്നാനായ കോൺഗ്രസ് പള്ളിയൂണിറ്റിന്റെയും, റാന്നി മേഖല മഞ്ഞനിക്കര തീർത്ഥാടക സംഘത്തിന്റെയും നേതൃത്വത്തിൽ നടത്തിയ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് ഐത്തലപള്ളി വികാരി റവ.ഫാ. കുറിയാക്കോസ് എം. ഫിലിപ്പ് മേലേക്കുറ്റ് ഉദ്ഘാടനം ചെയ്യുന്നു.

മഞ്ഞനിക്കര തീർത്ഥാടന സംഘം റാന്നി മേഖലാ സെക്രട്ടറി ഷീബി പുരക്കൽ, ക്നാനായ കോൺഗ്രസ് യൂണിറ്റ് സെക്രട്ടറി റെജി പഴൂർ, ഓതറ നസ്രേത്ത് ആശ്രമം സെക്രട്ടറി സ്മിജു ജേക്കബ് മറ്റക്കാട്ട്, തീർത്ഥയാത്ര സംഘം ട്രഷറാർ ജെയിംസ് മേലേൽ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബ്രില്ലി ബോബി, ബിനിറ്റ് ജിജി, മുൻ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അനി സുരേഷ്, വനിതാസമാജം ഭാരവാഹികളായ ഓമന ഷാജി, ജയമോൾ ഷാജി, ഡോക്ടർമാർ തുടങ്ങിയവർ സമീപം.




# കണ്ണു തുറക്കാത്ത കുഞ്ഞുങ്ങൾ

പെൺപന്നി കുഞ്ഞുങ്ങളുമൊത്ത് മേയുകയായിരുന്നു. അവിടെ ഒരു പട്ടിക്കുഞ്ഞു ചെന്ന് ബഹളം കൂട്ടി. അവന് അതൊരു തമാശ മാത്രമായിരുന്നു.

ബഹളം കേട്ടു തള്ളപ്പട്ടി സ്ഥലത്തുചെന്നു. പിന്നെ പെൺപട്ടിയും പെൺപന്നിയും തമ്മിലായി ബഹളം. വലിയ കാര്യമൊന്നും ഇല്ലായിരുന്നു.

പറഞ്ഞു പറഞ്ഞ് ആ ബഹളം ഒരു പ്രത്യേക പ്രശ്നത്തിൽ ഊന്നിക്കൊണ്ടുള്ളതായി. ആരാണ് ഏറ്റവും വേഗത്തിൽ കുട്ടികളെ പ്രസവിക്കുന്നത് എന്നതായിരുന്നു തർക്കവിഷയം.

'നാൽക്കാലികളായ മൃഗങ്ങളിലെല്ലാം വെച്ച് ഞങ്ങളുടെ വർഗ്ഗക്കാരാണ് ഏറ്റവും വേഗത്തിൽ കുഞ്ഞുങ്ങളെ പ്രസവിക്കുന്നത്' പെൺപട്ടി സാഭിമാനം പറഞ്ഞു.

'നീ പറഞ്ഞതു ശരിയായിരിക്കാം. വാദത്തിനുവേണ്ടി ഞാൻ അത് സമ്മതിക്കുകയും ചെയ്യുന്നു.' പെൺപന്നി തെല്ലിട നിർത്തി: 'പക്ഷേ, പ്രസവിച്ച ഉടനെ നിന്റെ കുട്ടികളെ ശ്രദ്ധിച്ചിട്ടുണ്ടോ? അന്ധരായി അവ തപ്പിത്തടയുകയാവില്ലേ?'

***വേഗതയല്ല പൂർണ്ണതയാണ് പ്രധാനം.***

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**(ഉല്പത്തി പുസ്തകത്തിൽനിന്നും)**

**മാർച്ച് മാസത്തിലെ ചോദ്യങ്ങൾ**

1. നോഹ പെട്ടകത്തിൽ നിന്നും ആദ്യമായി പുറത്തുവിട്ട പക്ഷി ഏത്?
2. ഭൂമിയിലെ ആദ്യത്തെ വീരൻ ആര്?
3. രാജതാഴ്‌വര എന്നറിയപ്പെടുന്ന താഴ്‌വര ഏത്?
4. സാറായുടെ മിസ്രയീമ്യ ദാസിയുടെ പേരെന്ത്?
5. കാട്ടുകഴുതയെപ്പോലെയുള്ള മനുഷ്യൻ ആര്?
6. ഉപ്പുതൂണായിത്തീർന്ന ബൈബിൾ കഥാപാത്രം ആര്?
7. അബ്രഹാമും അബീമേലെക്കും ഉടമ്പടി ചെയ്തതെവിടെവെച്ച്?
8. സാറാ മരിച്ചത് എവിടെ വെച്ച്?
9. റിബേക്കയുടെ പിതാവിന്റെ പേരെന്ത്?
10. യിശ്മായേലിന്റെ ആദ്യജാതൻ ആര്?

**ഫെബ്രുവരി മാസത്തിലെ ഉത്തരങ്ങൾ**

1. 950 സംവത്സരം (ഉല്പ 9:29)
2. നാഹോർ (ഉല്പ 11:24)
3. മൽക്കിസദേക്ക് (ഉല്പ 14:18)
4. അബ്രഹാം (ഉല്പ 18:4-8)
5. യിശ്മായിൽ (ഉല്പ 17:12)
6. സാറാ (ഉല്പ 17:16)
7. സോവറിൽ (ഉല്പ 19:23)
8. പീക്കോൽ (ഉല്പ 21:22)
9. പിചുലവൃക്ഷം (ഉല്പ 21:33)
10. മക്പേലാ (ഉല്പ 23:2)


**HOLLOW BRICKS COMPANY**
**8 സെന്റ് സ്ഥലം വില്പനയ്ക്ക്**

**നീലംപേരൂർ കരുനാട്ടുവാല ജംഗ്ഷനിൽ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന Hollow Bricks Company യും സ്ഥലവും വില്പനയ്ക്ക്.**

**Contact. 9447124342**
**Whats App. 00447853187858**

# Congratulations



Advt - O

യൂറോപ്പിലെ Karazin University – ൽ നിന്ന് M.B.B.S ഉം Indian Licensing exam (FMGE) ഉം കരസ്ഥമാക്കിയ

**Dr. Hena Susan Kuruvilla**

റാന്നി സെന്റ് തോമസ് വലിയപള്ളി ഇടവകാംഗമായ കണ്ണമ്പള്ളി കിഴക്കേമണലേൽ മോൻസി കെ. മാത്യുവിന്റെയും പ്രറ്റി കുരുവിളയുടെയും മകളാണ്.


# സീനിയർ സിറ്റിസൺ ലെഷർ ഹോമിന്റെ ലോഗോ പ്രകാശനം




ക്നാനായ സമുദായം പുതുതായി ആരംഭിക്കുവാൻ പോകുന്ന സീനിയർ സിറ്റിസൺ ലെഷർ ഹോമിന്റെ ലോഗോ പ്രകാശനം തിരുവല്ലയിൽ നടന്ന ക്നാനായ കൺവെൻഷനിൽ സമുദായ വലിയ മെത്രാപ്പോലീത്ത സമുദായ സെക്രട്ടറിക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.





Advt -O

# പൂർവ്വ ശുശ്രൂഷ സംഗമം



ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ
ക്നാനായ പള്ളിയിൽ നടത്തപ്പെട്ട
പൂർവ്വശുശ്രൂഷ സംഗമത്തിൽ
പൂർവ്വ ശുശ്രൂഷകർക്കൊപ്പം നിലവിലെ ശുശ്രൂഷകരും
വി. കുർബ്ബാനയർപ്പിച്ച
ഫാ. സി. കുര്യൻ (യു.എസ്സ്.എ.)
വികാരി ഫാ. ഏലിയാസ് സഖറിയാ ഇളവൻകളം,
സെക്രട്ടറി എം.റ്റി. തോമസ്സ് മണലേൽച്ചിറ എന്നിവർക്കൊപ്പം.


# 8 – ാം ചരമവാർഷികം

24–03–2024



## പി.എം. ചെറിയാൻ (ഏലിയാസ്)

**കട്ടയിൽ, പൂവൻതുരുത്ത്, കോട്ടയം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G





# 4th Death Anniversary

06–05–1933 – 11–04–2020

"Therefore you too have grief now; but I will see you again, and your heart will rejoice, and no one will take your joy away from you.

John 16:22

## C. A. George
## (Aniyachen)

*"Say not in grief 'he is no more' but in thankfulness that he was."*
*Daddy You will always be in our hearts….*
*Because in there you are still alive.*

Chirayil Family, Chennai

Advt -O

## 40th Day of Demise

31-3-2024



**Mariyamma Kuriakose**

Thazhathe Parayil,
Eraviperoor

From children and grandchildren

## 1st Death Anniversary

18-4-2024



**Kunjamma Mathew**

Kuzhypulathu,
Thuruthicad

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

By Sorrowing Family

Advt -O

## 40 –ാം ചരമദിനം

23–03–2024



**മോളി ജോയി (അമ്മു)**

വേളാച്ചിമംഗലം, തുരുത്തി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 50 –ാം ചരമവാർഷികം

5–03–2024

## 19 –ാം ചരമവാർഷികം

10–02–2024





**ചാക്കോ ചാക്കോ** **മറിയാമ്മ ചാക്കോ**

വലിയപറമ്പിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

# 5 –ാം ചരമവാർഷികം

4 – 4 – 2024



## ചിന്നമ്മ മാത്യു (85)

പള്ളിയമ്പിൽ, പടിഞ്ഞാറ്റോതറ

തിരുവല്ല

POABS
GOODNESS IS LIFE

Advt - S

## 5 – ാം ചരമവാർഷികം

15-03-2024



Advt - O

**വത്സമ്മ ബെനിൻ**

**കണ്ണാട്ടിപ്പുഴയിൽ, തെങ്ങേലി**

"ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും."

ഭർത്താവ്: **ബെനിൻ കെ.കെ.**

മക്കൾ: **ജോബിൻസ് & ജിബിൻസ്**, മരുമകൾ: **സാറാ**

## 40 – ാം ചരമദിനം

09-03-2024



Advt -O

**എ.സി. ചാക്കോ (84)**

**ആലമുറ്റത്ത്, വള്ളംകുളം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 7th Death Anniversary

30-3-2024



Advt -O

25-03-1938 - 30-03-2017

**E.T. ABRAHAM (Avarachen)**

Ezhumayil, Chingavanam

***"Every time I think of you, I give thanks to my God" (Phil. 1:3)***

Valsa Abraham
Dr Manoj, Dr Sina, Irene & Abigail
Dr Manju, Santhosh, Dr. Lydia & Asher

## 9 – ാം ചരമവാർഷികം

25-03-2024



Advt -O

**റ്റി.സി. ജോയി**

**തോട്ടുങ്കൽ, കുന്നങ്കേരി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

15-03-2024



Advt -O

## Kuruvilla P.K. (ബോസ്)

പരപ്പൂത്ര (H), പുത്തനങ്ങാടി, കോട്ടയം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 39th year of Demise

21-02-2024

## 4th year of Demise

27-03-2024





## T. Thomas (Rajan)

## Pennamma Rajan

Advt - O

Thamarappally, Ranny

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family

## 30 – ാം ചരമവാർഷികം

10 – 04 – 2024

## 5 – ാം ചരമവാർഷികം

8 – 2 – 2024





## K. A. ഏബ്രഹാം

## ശോശാമ്മ ഏബ്രഹാം

Advt -O

കണ്ണൻകേരിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

## 5th Birthday in Heaven
**04 - 04 - 2024**



# C. M. MARKOSE

ചേലച്ചിറ കല്ലോലിക്കൽ

എസ്.പുരം, കുറിച്ചി

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 3rd Birthday in Heaven
**27-3-2024**



# K. P. Abraham

(Rtd. Sales Tax Officer)

കോയിത്തറ, കുറിച്ചി

"നിത്യതയിൽ ഒരുനാൾ കാണുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങളിൽ അമൂല്യമായിരിക്കും"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - G

## മൂന്നാം ചരമവാർഷികം
**07-04-2024**



# കുഞ്ഞൂഞ്ഞമ്മ ചാക്കോ

ചിറയിൽ, പൂവൻതുരുത്ത്

ജനനം17-05-1937 മരണം 07-04-2021

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 15-ാം ചരമവാർഷികം
**17-03-2024**



# K.P. Jacob (Sabu)

കാരിക്കൊമ്പിൽ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 8 –ാം ചരമവാർഷികം
26–03–2024



Advt - O

## അന്നമ്മ ഇസ്രയേൽ
വേലുകിഴക്കേതിൽ, കുറ്റൂർ, തിരുവല്ല

*സന്തപ്ത കുടുംബാംഗങ്ങൾ*

## 4 –ാം ചരമവാർഷികം
23–3–2024



Advt - O

## അമ്മാൾ ഏബ്രഹാം
എരുത്തിപ്പാട്ട്, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 29 –ാം ചരമവാർഷികം
9- 03 -2024

## 5 –ാം ചരമവാർഷികം
1- 03 -2024



Advt - O

## സ്കറിയ സ്കറിയ
(കറിയാക്കുട്ടി)

## അമ്മിണി സ്കറിയ

മണിമലപാറയിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവർ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ



# 9 – ാം ചരമവാർഷികം

16 – 03 – 2024

## എം. പി. മാത്യു (മാത്തുക്കുട്ടി)

മാലത്തുശ്ശേരിൽ, ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായ്
നിത്യതയുടെ തീരത്തു
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 10 – ാം ചരമവാർഷികം

31 – 3 – 2024



## ആനി ഏബ്രഹാം

w/o ഫാ. കെ. സി. ഏബ്രഹാം

കട്ടത്തറ, നീലംപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

# 6 – ാം ചരമവാർഷികം

31 – 03 – 2024



## കുഞ്ഞൂഞ്ഞമ്മ കളത്തിൽ

മാധവൻപടി, കോട്ടയം

"നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - R

## 6 – ാം ചരമവാർഷികം

**4–03–2024**



## അച്ചാമ്മ മാത്യു

**മുണ്ടപ്ലാക്കൽ, പുതുശ്ശേരിമല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## 11 – ാം ചരമവാർഷികം

**25–3–2024**

## 27 – ാം ചരമവാർഷികം

**19–1–2024**





## Abraham Pappen

## M. P. Raju

**Mepparathu,**
**Blockpadi, Ranny**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## 2 – ാം ചരമവാർഷികം

**05–04–2024**

## 13 – ാം ചരമവാർഷികം

**18–01–2024**



## കെ. യു. മാത്യു

## ചാച്ചിക്കുട്ടി മാത്യു

**കടക്കേത്ത്, (മുരിക്കേത്ത്), പുല്ലുപ്രം, റാന്നി**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

---

## മൂന്നാം ചരമവാർഷികം

**12–04–2024**



## മറിയാമ്മ തോമസ് (മോളി)

**കൊടിഞ്ഞൂർ, തോട്ടപ്പുഴ**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭർത്താവ്– കെ.ജെ. തോമസ് (കുഞ്ഞൂഞ്ഞുകുട്ടി)*
*മക്കൾ– എബി, സിബി, സാലി*
*മരുമക്കൾ–ബിജു, ജൂലി, ജോബി*

Advt -S

## 18 – ാം ചരമവാർഷികം

17 – 3 – 2024



Advt -S

# മാത്യു അലക്സാണ്ടർ

മണ്ണാട്ട് കോയിപ്പുറത്തുപറമ്പിൽ, ഇരവിപേരൂർ

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 3 – ാം ചരമവാർഷികം

8 – 03 – 2024



Advt -S

# ലിസ്സി തമ്പി

പുലയകുന്നിൽ, ഇരവിപേരൂർ, നെല്ലാട്

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 8 – ാം ചരമവാർഷികം

28 – 3 – 2024



Advt - S

# ചിന്നമ്മ ഏബ്രഹാം

കല്ലുകുഴിയിൽ, കവിയൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

The Cross of Christ has conquered Death

## 7th Year of Demise

2-04-2024



Advt - S

# JOSE MATHEW (MONCEY)

ELAYASSERIL, KUTTOOR, THIRUVALLA

Till we meet in that heavenly shore again...
Ever loving family

## 10 – ാം ചരമവാർഷികം

22 – 3 – 2024



## കെ. ഒ. ജോസഫ് (ബേബി)

കടക്കേത്ത്, മന്ദമരുതി,
റാന്നി

“നിന്റെ മഹത്വമുദിക്കും നാൾ നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

## 9 – ാം ചരമവാർഷികം

25 – 3 – 2024



## കെ. ഒ. സഖറിയ (കറിയാച്ചൻ)

കടക്കേത്ത്, തോട്ടമൺ,
റാന്നി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കിടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 5th Death Anniversary

10 – 03 – 2024

# Annamma Abraham

## (Suja Konamala)

## CHICAGO

Love you always Amma

Roymon Konamala,
Shon, Emil and Sheethel
Gianna, Jeremiah

Advt -S

# ആത്മാവില്ലാത്ത ഭവനം

റ്റി.ജെ. ജേക്കബ്, തുണ്ടിയിൽ

വീട് വളരെ ജാഗ്രത ആവശ്യപ്പെടുന്നുണ്ട്. നമുക്കറിയാം- ഭൂമിയിലെ ഓരോ മനുഷ്യന്റെയും ഏറ്റവും പ്രിയപ്പെട്ട സ്വപ്നം വീടാണെന്ന്; അതില്ലാത്തവന്റെയും, അതിൽ വാഴുന്നവന്റെയും വീട്. ദുർബ്ബലമാണ്, ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യുക. ഭൂമിയിലെ ഏറ്റവും വലിയ ദൂരം അടുത്തവർക്കിടയിലെ അകലമാണെന്നറിയുക.

മാനവരാശിയുടെ സകല സംസ്കാരങ്ങളിലും പാവന ചിന്ത ഉയർത്തിയിട്ടുള്ള സങ്കല്പം കുടുംബമാണ്. ഏതൊരു സംസ്കാരത്തിന്റെയും സംതുലിതാവസ്ഥ മുഖ്യമായും ആശ്രയിച്ചു നില്ക്കുന്നത് പാവനമായ കുടുംബവേദിയിലാണ്. അതുകൊണ്ടാണ് ഏതു സമൂഹത്തിന്റെയും അടിസ്ഥാനഘടകം കുടുംബമാണെന്നു പറയുന്നത്. മനുഷ്യവ്യക്തിത്വമെന്ന സ്വർണ്ണത്തെ ഉരുക്കി വാർക്കുന്ന ഉലയാണ് കുടുംബം. കുറ്റവാളിയും വിശുദ്ധനും ജനിക്കുന്നതും, പരിശീലനം നേടുന്നതും, വളരുന്നതും, ജീവനോ മരണമോ തിരഞ്ഞെടുക്കുവാൻ പഠിക്കുന്നതും കുടുംബത്തിൽ നിന്നാണ്. കുടുംബത്തിലെ അന്തരീക്ഷത്തിൽ നിന്നാണ്, അതോടൊപ്പം തന്നെ ഒരുവന്റെ വ്യക്തിത്വ വികസനത്തെ സ്വാധീനിക്കുന്ന പാരമ്പര്യ സാഹചര്യവും ഇച്ഛാശക്തിയും അവനു ലഭിക്കുന്നതും കുടുംബത്തിൽനിന്നാണ്.

കുടുംബത്തെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ തിരിച്ചറിയാൻ കഴിയുന്ന വ്യക്തികൾക്കേ ക്രൈസ്തവ കുടുംബത്തെ അതിന്റെ തനിമയിൽ രൂപപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. കുടുംബ ജീവിതമെന്ന പുസ്തകത്തെ തുന്നിക്കെട്ടി നിർത്തുന്ന "സ്വർണ്ണ നൂൽ" ദൈവം തന്നെയാണ്. ജീവിപ്പിക്കുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോടു സംസാരിച്ച വചനങ്ങൾ ആത്മാവും ജീവനുമാകുന്നു (യോഹ. 6:63). ഈ വചനങ്ങളിലൂടെ മാതാപിതാക്കൾ സ്വയം വിശുദ്ധീകരിച്ചാൽ കർത്താവ് കുടുംബത്തിൽ അത്ഭുതം പ്രവർത്തിക്കും (യോശുവ. 3:5). തകരുന്ന വീടുകൾക്കൊക്കെ പൊതുവായൊരു ഘടകമുണ്ട്; എപ്പോളോ അവഗണിക്കപ്പെടുന്ന ഒരു ദൈവസാന്നിദ്ധ്യം. കിണറ്റിൽ ബ്ലീച്ചിംഗ്പൗഡർ ഇടുന്നതുപോലെയാണ് നമ്മുടെ സ്വഭാവത്തിൽ വചനം ചേരുമ്പോൾ സംഭവിക്കുന്നത്. ബ്ലീച്ചിംഗ്പൗഡർ ഇടുമ്പോൾ വെള്ളം തെളിഞ്ഞു വരുന്നതുപോലെ നമ്മുടെ സ്വഭാവത്തിൽ വചനം ഇടുമ്പോൾ സ്വഭാവം വചനത്തിന് അനുപേക്ഷണീയമായി തെളിഞ്ഞുവരും. സ്വഭാവം മാറേണ്ടത് വചനം ആഗികരണം ചെയ്തുകൊണ്ടാണ്.

ശരീരവും ആത്മാവും കൂടുന്നതാണ് മനുഷ്യൻ എന്നു പറയാറുണ്ടല്ലോ. മനുഷ്യനു മാത്രമല്ല വീടിനും ആത്മാവുണ്ട്. ആത്മാവുപോയ മനുഷ്യൻ മൃതശരീരമാകുന്നതുപോലെ ആത്മാവ് നഷ്ടപ്പെട്ട ഭവനം ചത്തവീടാണ്; വെറും കെട്ടിടം. വീട്ടിലാകെ പ്രശ്നങ്ങളാണ്. രോഗങ്ങൾ, സാമ്പത്തിക പ്രശ്നങ്ങൾ, സമാധാനമില്ലായ്മ, ഇങ്ങനെ പല പല വിഷമസന്ധിയിൽ ഇത് കുഴപ്പമുള്ള വീടാണ്, ചത്തവീടാണ്, ആത്മാവില്ലാത്ത വീടാണ് എന്ന് ചിന്തിച്ച് ഭവനശുദ്ധീകരണത്തിനായി പട്ടക്കാരെ നമ്മൾ ക്ഷണിക്കുന്നു. യഥാർത്ഥത്തിൽ ഭവനങ്ങളിൽ എന്താണ് ഇങ്ങനെ സംഭവിക്കാനുള്ള കാരണം ആത്മാർത്ഥമായി ഒന്ന് ചിന്തിക്കുക.

ഭാര്യയും ഭർത്താവും ഉള്ളു തുറന്ന് പരസ്പരം സംസാരിക്കയില്ല, മക്കൾ മാതാപിതാക്കളോടും, മാതാപിതാക്കൾ മക്കളോടും, മരുമകൾ അമ്മായിയമ്മയോടും അമ്മായിയമ്മ മരുമകളോടും സ്നേഹമില്ലാതെ പെരുമാറുന്നു. തന്മൂലം കുടുംബാംഗങ്ങൾ ഒത്തു ചേർന്നുള്ള കുടുംബ പ്രാർത്ഥന ഇല്ലാതാകുന്നു; ഒരുമാതിരി പാവകളെപോലെയാകുന്നു ഇവരുടെ പെരുമാറ്റങ്ങൾ.

ഒരു കെട്ടിടത്തെ വീടാക്കുന്നത് എന്തൊക്കെയാണ്? കുടുംബാഗങ്ങൾ തമ്മിലുള്ള നിർവ്യാജവും, നിരുപാധികവുമായ സ്നേഹവും, പരസ്പരസമർപ്പണവുമാണ് വീടിന്റെ ഒന്നാമത്തെ ലക്ഷണം. ഈ സ്നേഹവും സമർപ്പണവും ഇല്ലാത്തിടത്ത് വീടില്ല; വെറും ഒരു കെട്ടിടം മാത്രം. കെട്ടിടം കല്ലുകൾകൊണ്ടു നിർമ്മിക്കപ്പെടുന്നു. എന്നാൽ വീട് നിർമ്മിക്കപ്പെടുന്നത് ഹൃദയങ്ങൾകൊണ്ടാണ് എന്നൊരു ചൊല്ലുണ്ട്. കുടുംബാംഗങ്ങളുടെ പരസ്പരസ്നേഹവും, പരിഗണനയും, പങ്കു ചേരലും, കളി ചിരിയുമാണ് വീടിന്റെ ആത്മാവ്. കല്ലുപോലെ അലിവില്ലാത്ത പരസ്പരമില്ലാത്ത ശിലാഹൃദയർ താമസിക്കുന്നിടം വീടല്ല കെട്ടിടം മാത്രം.

ഒരു കെട്ടിടത്തെ വീടാക്കുന്ന രണ്ടാമത്തെ പ്രധാന ഘടകം കുടുംബാംഗങ്ങൾ ഒത്തു ചേർന്നുള്ള കുടുംബ പ്രാർത്ഥനയാണ്. തങ്ങളുടെ ഭവനവും അതിലെ സർവ്വ സന്തോഷങ്ങളും ദൈവത്തിന്റെ ദാനമാണെന്ന് ഏറ്റുപറഞ്ഞുകൊണ്ട് ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിക്കുന്ന പ്രാർത്ഥനയുടെ ഭവനങ്ങളാണ് യഥാർത്ഥ വീടുകൾ. കുടുംബാഗങ്ങളെ തമ്മിൽ നിഷ്കളങ്ക സ്നേഹത്തിൽ പരസ്പരം യോജിപ്പിച്ചു നിർത്തുന്നതും ഇത്തരം പ്രാർത്ഥനയുടെ ദിവ്യനിമിഷങ്ങളാണ്. ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് ഐക്യത്തിൽ നിലനിൽക്കുന്നു. ചുരുക്കത്തിൽ കുടുംബാഗങ്ങളുടെ പരസ്പര സ്നേഹവും പ്രാർത്ഥനാ ചൈതന്യവുമാണ് ഒരു വീടിന്റെ ആത്മാവ്. ഇവ രണ്ടുമില്ലാത്ത സ്ഥലങ്ങൾ ചൈതന്യധന്യമായ വീടുകളല്ല, മറിച്ച് ആത്മാവ് പോയ ചത്ത വീടുകൾ അഥവാ കേവലം കെട്ടിടങ്ങൾ മാത്രമാകുന്നു. ഇത്തരം ചത്ത വീടുകളിൽ താമസിക്കുന്നവർക്ക് സന്തോഷവും ഐശ്വര്യവും ഉണ്ടാവുക എളുപ്പമല്ല. അവിടെ ദരിദ്രവും, രോഗവും തകർച്ചയും വർദ്ധിച്ച് അവ കുഴപ്പമുള്ള വീടുകളായി മാറുന്നു. സ്നേഹമില്ലാത്തിടത്ത് വാഴുന്നത് ദൈവത്മാവല്ല, കലഹത്തിന്റെ ആത്മാവാണ്. "പ്രിയമുള്ളവരേ, നാം

അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നുവരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു..." (1.യോഹ. 4:7-8) സ്നേഹമാണ് സന്തോഷവും ജീവനും പ്രദാനം ചെയ്യുന്നത്. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു (1.യോഹ.3:14).

യേശുക്രിസ്തു പ്രദാനം ചെയ്യുന്ന സമാധാനം ഒരു ഭവനത്തിന് ഉൾക്കൊള്ളുവാൻ സാധിക്കണമെങ്കിൽ അവിടെ സമാധാനത്തിന്റെ പുത്രന്മാർ ഉണ്ടായിരിക്കണം. അതായത് ശാന്തിയുടെയും സ്നേഹത്തിന്റെയും ഭവനമായിരിക്കണം. ഏതു വീട്ടിൽ എങ്കിലും ചെന്നാൽ ഈ വീട്ടിനു സമാധാനം എന്ന് ആദ്യം പറവിൻ; അവിടെ ഒരു സമാധാന പുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും; ഇല്ലെന്നു വരികിലോ നിങ്ങളിലേക്ക് മടങ്ങിപ്പോരും. (ലൂക്കോ.1:5-6).

കുടുംബാംഗങ്ങൾക്ക് പരസ്പരം സ്നേഹമുണ്ടായാൽ മാത്രം പോരാ അവരുടെ സ്നേഹം അയൽവാസികളിലേക്കും, നാട്ടുകാരിലേക്കും വിശാലാർത്ഥത്തിൽ ലോകം മുഴുവനിലേക്കും കവിഞ്ഞൊഴുകണം. മറ്റുള്ളവരെ ചൂഷണം ചെയ്തും വഞ്ചിച്ചും ജീവിക്കുന്നവരിൽനിന്നും 'രക്ഷ' വളരെ അകലെയാണ്. സഖായി വഞ്ചനയും ചൂഷണവും അവസാനിപ്പിച്ച് നിഷ്കളങ്ക സ്നേഹത്തിന്റെയും പങ്കു ചേരലിന്റെയും ചൈതന്യത്തിലേക്ക് മടങ്ങി വന്നപ്പോൾ സഖായിയുടെ വീടിനെക്കുറിച്ച് യേശു പറഞ്ഞു "ഇവനും അബ്രഹാമിന്റെ മകൻ ആകയാൽ ഇന്ന് ഈ വീടിന് രക്ഷവന്നു" (ലൂക്കോ.19:9). ആത്മനാഥന്റെ ഈ വാക്കുകൾ നാം ഓരോരുത്തരെക്കുറിച്ചും ആകുവാൻ ഇടയാകട്ടെ.

# പരിത്യാഗത്തിന്റെ വഴിയിലൂടെ

**അഖിൽ മനോജ് മാത്യു, പുന്നൂച്ചേരിൽ**

ഓരോ നോമ്പുകാലവും അനുസ്മരിക്കുന്നത് പരിത്യാഗത്തെക്കുറിച്ചാണ്. പരിത്യാഗം ചിലപ്പോഴൊക്കെ വേദനയുണ്ടാക്കാം എന്നാൽ ഈ വേദന പുതുജന്മത്തിന്റെ വേദനയാണ്. യോഹന്നാൻ 3:3 പറയുന്നു വീണ്ടും ജനിക്കുന്നില്ല എങ്കിൽ ആർക്കു ദൈവരാജ്യം കാണുവാൻ കഴിയുന്നില്ല.

മരുഭൂമിയിലെ പരീക്ഷണങ്ങൾ ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷയുടെ മുന്നോടിയായിരുന്നു. പ്രലോഭനങ്ങളിൽ കൂടെയാണ് ജീവിതത്തിൽ വിശുദ്ധി വിളയുന്നത്. ആ പ്രലോഭനങ്ങളെ അതിജീവിക്കുന്നവനാണ് ദൈവപുത്രൻ.

സാധാരണക്കാരന്റെ ജീവിതത്തിലെ അടിസ്ഥാനപരമായ മൂന്ന് കാര്യങ്ങളാണ് പിശാച് പരീക്ഷണത്തിന് ആയിട്ട് തിരഞ്ഞെടുക്കുന്നത്. മനസ്സ് ചഞ്ചലപ്പെടുന്ന മൂന്ന് അവസരങ്ങളാണ് ആ പ്രലോഭനങ്ങൾ. ശരീരത്തിന്റെ അടിസ്ഥാനപരമായ ആവശ്യമായ ഭക്ഷണത്തെയാണ് പിശാച് പരീക്ഷണത്തിനായിട്ട് ഒന്നാമത് തിരഞ്ഞെടുക്കുന്നത്. 40 രാവും പകലും ഉപവസിച്ചവനെ പ്രലോഭിപ്പിക്കുവാൻ ഏറ്റവും നല്ല മാർഗ്ഗം അതുതന്നെയായിരിക്കാം. എന്നാൽ ക്രിസ്തു അപ്പത്തെക്കുറിച്ച് മാത്രമല്ല ചിന്തിച്ചത്, പിതാവിന്റെ ദൈവ ഇഷ്ടത്തെക്കുറിച്ച് കൂടിയാണ്. രണ്ടാമതായിട്ട് നാം കാണുന്നത് പേരിനും പെരുമയ്ക്കും വേണ്ടിയുള്ള മനുഷ്യന്റെ ആഗ്രഹത്തെയാണ്, രണ്ടാമത്തെ പ്രലോഭനം ആയിട്ട് പിശാച് തിരഞ്ഞെടുക്കുന്നത്. ഒരു പക്ഷേ നമ്മുടെ ജീവിതത്തിൽ ഭക്ഷണം പരിത്യാഗം ചെയ്യുവാൻ സാധിച്ചാലും ഈ പ്രലോഭനത്തിൽ നാം വീണുപോയേക്കാം. ലോകം കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തിയുടെ വാക്കുകൾ ഇങ്ങനെയാണ്; "ഈ ലോകത്തിന്റെ ധനത്തിനോ, സമ്പാദ്യത്തിനോ, പേരിനോ, പ്രശസ്തിക്കോ എന്റെ ജീവിതത്തെ മരണത്തിൽനിന്ന് രക്ഷിക്കുവാൻ ആയില്ല, ഞാൻ ഈ ഭൂമിയിലേക്ക് വന്നത് വെറുംകയ്യോടെ കൂടെയാണ് തിരികെ പോകുന്നതും അങ്ങനെ തന്നെയായിരിക്കും." ക്രിസ്തുവിനെപ്പോലെ പേരിനെയും, പ്രശസ്തിയേയും പരിത്യജിക്കുവാൻ സാധിച്ചാൽ ഒരു നല്ല വ്യക്തിത്വമുള്ള മനുഷ്യനായി തീരുവാൻ സാധിക്കും. പകരം എന്നെ ആരാധിക്കുക എന്നുള്ള പിശാചിന്റെ വാക്കുകൾ ആയിരുന്നു മൂന്നാമത്തെ പരീക്ഷണം. ക്രിസ്തു ഈ മൂന്ന് പ്രലോഭനങ്ങളെയും അതിജീവിക്കുന്നത് പിതാവായ ദൈവത്തിലുള്ള വിശ്വാസം ഏറ്റു പറഞ്ഞുകൊണ്ടായിരുന്നു. യേശു പ്രലോഭനങ്ങളെ അതിജീവിച്ചത് പരിത്യാഗത്തിന്റെ വഴിയിലൂടെ നടന്നായിരുന്നു. ദൈവഹിതത്തിന് തലകുനിക്കുന്നവന്റെ ജീവിതത്തിൽ അനുദിനവും പ്രലോഭനങ്ങൾ ഉണ്ടാകാം "ദൈവമേ ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ" എന്ന പ്രാർത്ഥന ഓരോ നിമിഷവും നമ്മുടെ ഹൃദയത്തിൽ ഉരുവിടാം. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള വഴി കുരിശിന്റെ വഴിയാണ്. പരിത്യാഗത്തിന്റെ വഴിയാണ്.

ഈ നോമ്പുകാലം നമ്മുടെ ജീവിതത്തിന്റെ മുമ്പിൽ ഉയർത്തുന്ന ചില വെല്ലുവിളികൾ ഉണ്ട്. ഞാനെന്താണ് പരിത്യജിക്കേണ്ടത്? ക്രൈസ്തവ ജീവിതത്തിന് അർത്ഥം നൽകുന്നത് പരിത്യാഗമാണ്, ത്യജിക്കലാണ്. അപരന്റെ നന്മയ്ക്കായിട്ട് എന്റെ സുഖങ്ങളെ വേണ്ട എന്ന് വെക്കുന്നവനാണ് ഒരു യഥാർത്ഥ പരിത്യാഗി. ഓരോ പരിത്യാഗിയുടെ മുമ്പിലും തെളിയുന്നത് ഉയിർപ്പിന്റെ പ്രകാശമാണ്. ഈ പ്രകാശമാണ് എന്റെ ജീവിതത്തിൽ പൂർണ്ണത നൽകുന്നതെന്ന് ബോധ്യം ഉണ്ടാകുവാൻ ഈ നോമ്പുകാലം മുഖാന്തിരമായി തീരട്ടെ.



**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**Thomas, Kottayam**

**Ann, Kottayam**

# ഇരുവായ്ത്തലവാൾ IV

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

ചില വചനങ്ങൾക്കു ഇരുവായ്ത്തലയുള്ളതായി പറഞ്ഞിരിക്കുന്നു. എബ്രാ. 4:12 ഇതനുസരിച്ചുള്ള 3 ലേഖനങ്ങൾ വിശദീകരിച്ചതിനുശേഷം നാലാമത് നമ്മുടെ പഠനവിഷയം നാം ഇപ്പോൾ വസിക്കുന്ന ഭൂമി നശിക്കുമോ, എന്നേക്കും നിലനിൽക്കുമോ എന്നതാണ്.

യേശുവിന്റെ ഉപദേശത്തിനു വിപരീത ഉപദേശം പഠിപ്പിക്കുന്നവരാണ് എതിർ ക്രിസ്തു (1. യോഹ. 2:19, 2. യോഹ 1:7). ഇവരിൽ ഒരു വിഭാഗമാണ് യഹോവാ സാക്ഷികൾ. ഇവരുടെ ഒരു ഉപദേശമാണ് നാം ഇപ്പോൾ വസിക്കുന്ന ഈ ഭൂമിക്ക് നാശം സംഭവിക്കില്ലെന്നുള്ളത്. ഇതിനായി അവർ ചില വചനങ്ങൾ വളച്ച് ഒടിക്കുന്നത് സങ്കീ. 37:29 നീതിമാന്മാർ ഭൂമിയെ അവകാശമാക്കി എന്നേക്കും അതിൽ വസിക്കും. ഭൂമിയോ എന്നേക്കും നിലനിൽക്കും (സഭാ 1:4). എന്നാൽ സങ്കീർത്തനം പഴയനിയമകാലത്ത് ഉള്ളതും, അന്നുണ്ടായിരുന്നവർ നന്മ പ്രവർത്തിച്ച് ജീവിച്ചാൽ ആയതിന്റെ ഫലം ഈ ഭൂമിയിൽ തന്നെ അവർക്ക് ലഭിക്കുമെന്നുള്ള വിശ്വാസത്തിൽ എഴുതപ്പെട്ടതായിരുന്നു. അതിനാൽ വചനങ്ങൾ അക്ഷരാർത്ഥത്തിൽ മാത്രം മനസ്സിലാക്കിയാൽ പോരാ പിന്നെയോ അത് എഴുതിയ സമയവും, കാലവും കൂടെ പരിഗണിച്ചുവേണം വചനം പഠിക്കുവാൻ. അന്ന് പുനരുത്ഥാന വിശ്വാസികൾ കുറവായിരുന്നു. പിന്നീട് മോശയുടെ കാലത്തും, യഹൂദന്മാരിൽ പ്രത്യേകിച്ച് സാദുകൃരും പുനരുത്ഥാന വിശ്വാസികൾ ആയിരുന്നില്ല. മഹാമാരി, പ്രകൃതി ക്ഷോഭങ്ങൾ തുടങ്ങിയ ദുരിതങ്ങൾ സംഭവിക്കാതെ ഇരിക്കുവാനായി മാത്രം ദൈവാരാധന അർപ്പിച്ചിരുന്നു. സ്വർഗ്ഗവും, നരകവും, ഇവിടെ തന്നെയാണെന്നു വിശ്വസിച്ചിരുന്നു. യേശുവിന്റെ രണ്ടാം വരവിനുശേഷം ആയിരമാണ്ടുള്ള കാലത്ത് നല്ല ജീവിതം നടത്തി റസൽമതം സ്വീകരിച്ചവരായവർക്ക് ഭൂമിക്കു രൂപഭാവം വരുത്തി തീർക്കുമെന്നതിന്റെ വിവരണമാണ് എശ. 35:1 വെളിപ്പെടുത്തുന്നത് എന്നാണ് വിശ്വസിക്കുന്നത്. എന്നാൽ എശ.35:1 വെളിപ്പെടുത്തുന്നത് യേശു അത്തിവൃക്ഷം തളിർക്കുമ്പോൾ വേനൽ അടുത്തു എന്നു പറഞ്ഞത്. 1948 ൽ യിസ്രായേൽ രാഷ്ട്രമായപ്പോൾ അത്തി പൂത്തു. വളരെ ചെറിയ രാഷ്ട്രം സ്ഥാപിതമായശേഷം കുറച്ച് ഭൂപ്രദേശംമാത്രം ഒഴികെ ബാക്കി ഭാഗങ്ങൾ മരുഭൂമിയായിരുന്ന സ്ഥലത്ത് ദൈവജനമായിരുന്നു യഹൂദന്റെ ബുദ്ധിയാൽ കടൽജലം ശുദ്ധീകരിച്ച് കൃഷി ഭൂമിയാക്കി മാറ്റുമെന്നുള്ള പ്രവചനം വളച്ച് യേശുവിന്റെ രണ്ടാം വരവിനുശേഷം നടപ്പിലാകുമെന്നത് റസൽ എന്ന സായിപ്പിന്റെ കുബുദ്ധി ആയിരുന്നു.

എന്നാൽ നമ്മുടെ കർത്താവ് നമ്മോടു വാഗ്ദാനം ചെയ്തിരിക്കുന്നത് തന്റെ രാജ്യം ഐഹീകമല്ലന്നും, കള്ളനോട് ഭൂമിയിലല്ല നീ ഇന്ന് എന്നോടൊപ്പം പറുദീസായിലിരിക്കുമെന്നാണ്. ആ പറുദീസതന്നെയാണ് നമ്മുടെയും അവകാശം. നാം വസിക്കുന്ന ഈ ഭൂമി നശിച്ചുപോകുമെന്നതിനുള്ള വചനങ്ങളുടെ തെളിവുകൾ നമുക്ക് പരിശോധിക്കാം.

1) കർത്താവെ: നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു ആകാശവും നിന്റെ കൈകളുടെ പ്രവർത്തി ആകുന്നു. ഇവ രണ്ടും നശിക്കും (സങ്കീ. 102:25).

2) ഇപ്പോഴത്തെ ആകാശവും, ഭൂമിയും, അതിലുള്ള പണികളും എരിഞ്ഞുപോകും (2 പത്രോ. 3:7.)

3) കർത്താവിന്റെ വരവിൽ ഭൂമി തീയാൽ നശിക്കും (2 പത്രോ 3:10.)

4) ആകാശവും മൂല പദാർത്ഥങ്ങളും ഉരുകും (2.പത്രോ 3:12.)

5. നാം പുതിയ ആകാശവും, പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു. (1 പത്രോ. 3:13)

6) ഞാൻ പുതിയ ആകാശവും, പുതിയ ഭൂമിയും കണ്ടു, സമുദ്രം ഇനി ഇല്ല. (വെളി 21:1)

7) നിത്യഭവനം നമുക്ക് സ്വർഗ്ഗത്തിൽ (2 കൊരി. 5:1).

8) നാം ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ ആഗ്രഹിക്കുന്നു (2 കൊര. 5:8)

9) നമുക്ക് ഇവിടെ നില നിൽക്കുന്ന നഗരമില്ല. (എബ്രാ. 13:14).

10) ഭൂമിക്ക് നാശം വരും (എബ്രാ. 1:10)

11) നാം മേഘങ്ങളിൽ എടുക്കപ്പെടും 1 (തെസ്സ 4:16).

12) ഭൂമിയിൽ ഉള്ളതല്ല ഉയരത്തിലുള്ളത് ചിന്തിപ്പീൻ (കൊലാ 3:1).

യേശു ഉയിർത്തെഴുന്നേറ്റതിനാൽ നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണ്. ഭൂമിയിൽ നാം പരദേശികളാകും. ഇതു പഴയ നിയമത്തിലും രേഖപ്പെടുത്തിയിരിക്കുന്നു. ഉല്പ. 47:9 ഫറവോൻ യാക്കോബിനെ കണ്ടപ്പോൾ എത്ര വയസ്സായിയെന്ന ചോദ്യത്തിനു തന്റെ പരദേശപ്രായത്തിന്റെ കാലം 130 എന്നാണ് യാക്കോബ് മറുപടി പറഞ്ഞത്. ഇതിന്റെ അർത്ഥം നാം ഭൂമിയിൽ പരദേശി മാത്രമാണന്നും നമ്മുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്നും ആകുന്നു. ഇതാണ് സഭയുടെ ശരിയായ പഠിപ്പിക്കൽ.

എന്നാൽ ഈ വചനത്തിനു വിപരീത ഉപദേശമാണ് യഹോവ സാക്ഷികൾ പഠിപ്പിക്കുന്നത്. അവരുടെ ഉപദേശം യേശുവിന്റെ രണ്ടാം വരവിൽ തന്നിൽ വിശ്വസിച്ചുപോയവരും, അവരോടൊപ്പം നാമും ശരീര പുനരുദ്ധാനം പ്രാപിച്ച് കർത്താവിനോടുകൂടെ എടുക്കപ്പെടും (1 തെസ്സ. 4:17) പിന്നീടുള്ള മഹാപീഡന കഷ്ടതകൾ സഹിച്ച് ജീവിക്കുന്നവരും, തങ്ങളുടെ മതത്തിൽ ചേർന്ന് കരുണയും, നന്മയും ചെയ്ത് നീതിമാന്മാരായി ജീവിക്കുന്നവർക്ക് ദൈവം ഈ ഭൂമി രൂപാന്തരപ്പെടുത്തി ഇനി മരണവും, ദുഃഖവും, രോഗവും ഇല്ലാത്ത പുതിയ ആകാശവും, പുതിയ ഭൂമിയും എന്നേക്കുമായി കൊടു

ക്കുമെന്നാണ്. അമേരിക്കയിൽ 1905 ൽ പി.റ്റി റമ്പാൻ എന്ന സായിപ്പ് ഏശ. 43:10-12 ദുർ വ്യാഖ്യാനം ചെയ്ത് ദുരുപദേശം കേരളത്തിലും വീക്ഷാ ഗോപുരമെന്ന മാസികയും, Tracks മുഖാന്തരവും പ്രചരിപ്പിച്ചു. ഏകദേശം 18000 കുടുംബങ്ങൾ ഈ സഭയിൽ ഇപ്പോൾ ഉണ്ട്. ഇവരുടെ പ്രാർത്ഥനാലയത്തിന് പേര് 'രാജീഹാൾ' എന്നാണ്. ഇവർക്ക് യേശു രക്ഷകനോ, ദൈവമോ അല്ല. മനുഷ്യനെ സൃഷ്ടിക്കുന്നതിനു മുമ്പു ദൈവം സൃഷ്ടിച്ച ആദ്യജാതൻ മാത്രമായതിനാൽ ആരാധനയ്ക്ക് അർഹനല്ല. യേശുവിനെ കുരിശിലല്ല. മരത്തൂണിലാണ് കൊന്നത്. ആരാധനയ്ക്ക് കുരിശ് വരക്കാറില്ല. പ്രാർത്ഥനയ്ക്ക് ബിംബങ്ങളോ, പടങ്ങളോ, കുരിശോ പ്രതീകമായി വയ്ക്കാറില്ല. ഇപ്രകാരമുള്ള ആരാധന വിഗ്രഹാരാധനയാണന്ന് വിശ്വസിക്കുന്നു. യേശുവിന്റെ മാതാവ് ഒരു സാധാരണ സ്ത്രീ മാത്രമായതിനാൽ മറിയത്തോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന പാടില്ലാത്തതാകുന്നു.

നരകം ഇല്ലെന്നും പകരം നമ്മുടെ ശവക്കുഴിതന്നെയാണ് നരകം. പരേതരോടുള്ള പ്രാർത്ഥനയില്ല. നാം ജനിക്കുന്നതിനുമുമ്പ് ഗർഭാവസ്ഥയിലെ ശിശുവിന് ചിന്തിക്കുവാനും, പ്രവർത്തിക്കുവാനും കഴിയാത്തതുപോലെയുള്ള നിദ്രാവസ്ഥയിൽ നിലകൊള്ളുന്നു. അതിനാൽ മരിച്ച ആത്മാക്കൾക്കായി പ്രാർത്ഥിച്ചാൽ ഫലമില്ലന്നു വിശ്വസിക്കുന്നു. പരിശുദ്ധാത്മാവ് ഒരു വ്യക്തിയില്ലന്നും, ഒരു ശക്തി മാത്രമാണെന്നും പഠിപ്പിക്കുന്നു. Blood Transplant ന് വിലക്കു കല്പിച്ചിരിക്കുന്നു. ഈ മതവിശ്വാസിനിയായിരുന്ന കോട്ടയം സ്വദേശിനി അത്‌ലറ്റിക്ക് താരമായിരുന്ന ഇരുപതു വയസുണ്ടായിരുന്ന സൂസൻ നോബിൾ തോമസിന് Blood Cancerന് Blood Transplant ലഭിക്കാതെ അകല ചരമം പ്രാപിച്ചതും ഈ മതത്തിന്റെ ദുരുപദേശ ഫലമായിരുന്നു.

അതിനാൽ ഇത്തരം ദുരുപദേശവുമായി വരുന്നവർ സാത്താന്റെ Agents ആണെന്നും, അവരുടെ ഉപദേശത്തിനു ചെവി കൊടുക്കുകയോ, നമ്മുടെ ഭവനങ്ങളിൽ പ്രവേശിപ്പിക്കയോ ചെയ്യരുതെന്ന (2. യോഹ. 1:7) വെളിപ്പെടുത്തൽ സഭാമക്കളായ നാം ഓരോരുത്തരും കാത്തുസൂക്ഷിക്കുവാൻ തക്ക വെളിച്ചം പകർന്നു തരുവാനുള്ള ലേഖനമായിത്തീരട്ടേയെന്ന് ആശംസിക്കുന്നു.

●

---

# ദീപാങ്കുരം- 2024

## ചിത്രരചന, വാട്ടർ കളറിംഗ് മത്സരം

### (ക്നാനായ സമുദായത്തിലെ 5 മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്കായി)

ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ ദീപാങ്കുരം 2024

പെൻസിൽ ചിത്രരചന, വാട്ടർ കളറിംഗ് മത്സരങ്ങൾ നടത്തുന്നു.

വാട്ടർ കളറിംഗ് 5 വയസ്സുമുതൽ 10 വയസ്സുവരെയുള്ള കുട്ടികൾക്കാണ്.

**വിഷയം: പൂന്തോട്ടം**

പെൻസിൽ ചിത്രരചനാ 10 വയസ്സുമുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്കാണ്.

**വിഷയം: കടലിന്റെ പശ്ചാത്തലത്തിൽ അസ്തമയ സൂര്യൻ**

നിങ്ങളുടെ രചനകൾ 2024 ഏപ്രിൽ 30 ന് മുമ്പായി ക്നാനായ ദീപം ഓഫീസിൽ എത്തിക്കുക.

ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങളിൽ രണ്ട് വിഭാഗത്തിലും സമ്മാനങ്ങൾ നൽകുന്നതാണ്.

**ഫാ. ജേക്കബ് കല്ലുകുളം**
മാനേജിംഗ് എഡിറ്റർ

രചനകൾ അയക്കേണ്ട വിലാസം

ചീഫ് എഡിറ്റർ
ക്നാനായ ദീപം, ക്ലീമ്മീസ് സെന്റർ
ചിങ്ങവനം പി.ഒ., കോട്ടയം. 686531
E mail: kna.deepam@gmail.com
Ph: 9447563240 / 8547584440 (വിശദവിവരങ്ങൾക്ക്)




എബി

# ചാർലി മൻഗർ - വിശാല ചിന്തകൻ

"വായിച്ചാലും വായിച്ചില്ലെങ്കിലും വളരും
വായിക്കാതെ വളർന്നാൽ വളയും
വായിച്ചു വളർന്നാൽ വിളയും"



വായനയ്ക്ക് ഇത്ര സരളവും എന്നാൽ വിശദവുമായ വ്യാഖ്യാനം തന്ന മറ്റൊരാളുമില്ല. അതാണ് മലയാളത്തിന്റെ ചെറിയ, വലിയ കവി കുഞ്ഞുണ്ണി മാഷ്. അടുപ്പിലെ വിറകുവെട്ടത്തിരുന്ന് വായിച്ച് പഠിച്ച് അമേരിക്കൻ പ്രസിഡന്റ് പദവിവരെ എത്തിയ ആളാണ് ഏബ്രഹാം ലിങ്കൺ. അതുപോലെ വായനയിലൂടെ അറിവ് നേടിയ എത്രയോ മഹാരഥന്മാരുണ്ട്. എന്നാൽ വായിച്ച് വായിച്ച് ലോകത്തെ അതിസമ്പന്നന്മാരുടെ പട്ടികയിൽ ഇടം പിടിച്ച ഒരാളേയുള്ളൂ.അദ്ദേഹമാണ് ചാർലി മൻഗർ എന്ന അമേരിക്കക്കാരൻ. അദ്ദേഹത്തിന് ഒരു സുഹൃത്തുണ്ടായിരുന്നു വാറൻ ബഫറ്റ്. ദിവസത്തിന്റെ ഭൂരിഭാഗം സമയവും ഇവർ വായിക്കാനായി ചെലവിട്ടു. കാലാവസ്ഥാ വ്യതിയാനം തൊട്ട് നിർമ്മിത ബുദ്ധിവരെയുള്ള വിഷയങ്ങളിലെ പുസ്തകങ്ങൾ ഇവർ വായിച്ചുകൂട്ടി. ചാർലി മൻഗറുടെ വാക്കുകളെ 'മൻഗറിസം' എന്നാണ് വിശേഷിപ്പിക്കുന്നത്.

1924 ജനുവരി 1 ന് യു.എസിലെ ഒമാഹായിൽ ആൽഫ്രഡിന്റെയും ഫ്ളോറൻസിന്റെയും മകനായി ചാർലി ജനിച്ചു. ഹാർവാർഡ് ലോ സ്കൂളിലും ഹാർവാർഡ് യൂണിവേഴ്സിറ്റിയിലുമായി പ്രാഥമിക വിദ്യാഭ്യാസം നേടി. കാലിഫോർണിയായിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലും പിന്നീട് പഠിച്ചു.

ചാർലി ഇടയ്ക്കിടെ ഓർമ്മിപ്പിക്കുന്ന ഒരു ചൊല്ലുണ്ട്. കൈയ്യിൽ ചുറ്റികയുള്ളൊരാൾക്കു മുന്നിൽ കാണുന്ന പ്രശ്നങ്ങളെല്ലാം ആണിയായി തോന്നും. ഓരോ പ്രശ്നവും വ്യത്യസ്തമാണ്. അതു പരിഹരിക്കാൻ വേണ്ടത് വ്യത്യസ്തമായ അറിവും സമീപനവുമാണ്. ബഫെറ്റിന്റെ മുത്തച്ഛൻ നടത്തിയിരുന്ന പലചരക്കു കടയിൽ നിന്നാണ് തുടക്കം. അവിടെ സാധനങ്ങൾ എടുത്തുകൊടുക്കാൻ നിന്ന് പോക്കറ്റുമണിയുണ്ടാക്കി. അതിനിടയിൽ വീണുകിട്ടുന്ന അവസരങ്ങൾ വായനക്കായി വിനിയോഗിച്ചു. കണക്കും ഭൗതികശാസ്ത്രവുമായിരുന്നു ഇഷ്ടവിഷയങ്ങൾ. സർവ്വകലാശാലയിൽ പഠിക്കുമ്പോഴേക്കും വായന ഒരു ഹരമായി കഴിഞ്ഞിരുന്നു. കണക്കും ഭൗതിക ശാസ്ത്രവും ഇഷ്ടമായിരുന്നെങ്കിലും കൈയ്യിൽ കിട്ടിയതെല്ലാം അതീവ താല്പര്യത്തോടെ വായിച്ചു പഠിച്ചു. പിന്നീടാണ് സൈന്യത്തിൽ ചേർന്നത്.

ആദ്യവിവാഹബന്ധം വേർപിരിഞ്ഞശേഷം മകൻ ടെഡിക്ക് ക്യാൻസർ ബാധിച്ചു. അത് ചാർലിയെ വല്ലാതെ ഉലച്ചു. ആശുപത്രിയിൽ പോയി മകനെ കണ്ടതിനുശേഷം കരഞ്ഞുകൊണ്ട് തെരുവിലൂടെ നടന്നു പോകുന്ന ചാർലിയെപ്പറ്റി സുഹൃത്തുക്കൾ പറഞ്ഞിട്ടുണ്ട്. ഒടുവിൽ മകൻ മരണത്തിനു കീഴടങ്ങി. പിന്നീട് അദ്ദേഹം രണ്ടുവർഷം കഴിഞ്ഞ് നാൻസി ബാരിയെ കല്യാണം കഴിച്ചു. തന്റെ നേട്ടങ്ങൾക്കു പിന്നിൽ രണ്ടാം ഭാര്യ നാൻസിയുടെ പങ്ക് ചാർലി എടുത്തു പറഞ്ഞിട്ടുണ്ട്.

നിയമസ്ഥാപനം നടത്തിയിരുന്ന ചാർലി ഒരു വിരുന്നിനിടെ ബഫറ്റിനെ കണ്ടുമുട്ടിയതാണ് ജീവിതത്തിൽ വഴിത്തിരിവായത്. ഇരുവരും ചേർന്ന് ഓഹരി വിപണിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ചു. അവസരങ്ങളും ചതിക്കുഴികളും തിരിച്ചറിയാനുള്ള കൂർമ്മബുദ്ധിയെക്കുറിച്ച് ബഫറ്റ് എപ്പോഴും വാചാലനാകുമായിരുന്നു.

വിഷയങ്ങൾ ആഴത്തിൽ പഠിക്കയും അതിലെ പ്രധാനപ്പെട്ട തത്വങ്ങളെല്ലാം ഉൾക്കൊള്ളുകയും ചെയ്താൽ എന്തു സങ്കീർണ്ണമായ കുരുക്കും അഴിക്കാൻ പറ്റുമെന്ന് ചാർലി തിരിച്ചറിഞ്ഞു. ഭൗതിക ശാസ്ത്രത്തിലെയോ മനഃശാസ്ത്രത്തിലെയോ ഒരു തത്വമാകും ചിലപ്പോൾ നല്ലൊരു നിക്ഷേപം നടത്താൻ സഹായിക്കുന്നത്. മുൻവിധികളെയും അബദ്ധധാരണകളെയും തിരുത്താനും അതു സഹായിക്കും.

ബിൽഗേറ്റ്സ് ചാർലിയെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്. "ഞാൻ എക്കാലത്തും കണ്ടുമുട്ടിയവരിൽ ചാർലി മൻഗറാണ് ശരിക്കും വിശാല ചിന്തകൻ''.

പരന്ന വായനയിലൂടെ ചാർലി ഏതു വിഷയവും തനിക്ക് വഴങ്ങുന്നതാക്കി. കൈയ്യും കാലുമുള്ള വിശ്വവിജ്ഞാനകോശം തന്നെയായിരുന്നു ചാർലി. അറിവിനൊപ്പം അസാധാരണമായ ഓർമ്മയും അവസാന കാലം വരെ ഒപ്പമുണ്ടായിരുന്നു. 'ലേണിംഗ് മെഷിൻ' എന്നാണ് അദ്ദേഹം വിശേഷിക്കപ്പെട്ടത്.

മദ്ധ്യവയസ്ക്കനായിരിക്കെ ചാർലിയുടെ ഒരു കണ്ണിന്റെ കാഴ്ച നഷ്ടമായി. എന്നിട്ടും അവസാന ദിനങ്ങളിൽപോലും അദ്ദേഹം വായിച്ചുകൊണ്ടിരുന്നു. രണ്ടു കാലുകളുള്ള ഒരു പുസ്തകമായാണ് മക്കൾ തന്നെക്കുറിച്ച് ചിന്തിക്കുന്നതെന്ന് അദ്ദേഹം തമാശയായി പറഞ്ഞിട്ടുണ്ട്.

ഓർക്കാപ്പുറത്ത് ദുരന്തം സംഭവിക്കുമ്പോൾ അതിനെ നേരിടാതിരുന്നാൽ അത് രണ്ടോ മൂന്നോ ദുരന്തങ്ങളായി മാറാം. ജീവിതത്തിൽ തിരിച്ചടികളോരോന്നും വന്നു വീഴുമ്പോൾ അതിനെ നേരിടാനുള്ള സന്നദ്ധതയാണ് വേണ്ടതെന്നും അല്ലാതെ സ്വയം പരിതപിച്ചിട്ടു കാര്യമില്ലെന്നും ചാർലി മൻഗർ പറയുമായിരുന്നു.

2023 നവംബർ 28 ന് കാലിഫോർണിയായിലെ ഹോസ്പിറ്റലിൽ മൻഗർ സമാധാനത്തോടെ അന്തരിച്ചു. അന്ന് അദ്ദേഹത്തിന് 99 വയസ്സായിരുന്നു. വായനയിലൂടെ അറിവും പ്രശസ്തിയും മാത്രമല്ല സമ്പത്തും നേടാനാകുമെന്ന് അദ്ദേഹം ലോകത്തിന് കാണിച്ചു കൊടുത്തു. 500 മില്യൻ ഡോളറിലധികം മൻഗർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കുട്ടികൾക്കുമായി സംഭാവന ചെയ്തു. അതായിരുന്നു മഹാമനസ്ക്കനായ ചാർലി മൻഗർ.



## മല്പാനോടു ചോദിക്കാം

# യേശുക്രിസ്തുവിന്റെ കുരിശു മരണത്താൽ സാധ്യമായതെന്ത്?

യേശു കുരിശിൽ മരിച്ചതെന്തിന്? യേശു കുരിശിൽ മരിച്ചതുകൊണ്ട് മനുഷ്യവർഗ്ഗം മുഴുവൻ രക്ഷ പ്രാപിക്കുമോ? കുരിശു മരണത്താൽ പരിഹരിക്കപ്പെടുന്നത് ജന്മപാപമോ അതോ കർമ്മപാപമോ? എന്നിങ്ങനെ ധാരാളം സംശയങ്ങൾ വിശ്വാസികൾക്കിടയിൽ നില നിൽക്കുന്നുണ്ട്.

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കെല്ലാം വി. ബൈബിളിന്റെയും, പരിശുദ്ധ പിതാക്കന്മാരുടെ പഠിപ്പിക്കലിന്റെയും വെളിച്ചത്തിൽ വിശദമായി പ്രതിപാദിക്കേണ്ടതാണെങ്കിലും ഇവിടെ അതിനു സാധ്യതയില്ലാത്തതിനാൽ ചുരുക്കമായി ചിന്തിക്കാം.

യേശുവിന്റെ കുരിശുമരണത്താൽ മനുഷ്യനു ലഭ്യമായത് രക്ഷയെക്കാൾ ഉപരി രക്ഷാകരപദ്ധതിയാണ്. അതായത് യേശു കുരിശിൽ മരിച്ചതുകൊണ്ട് എല്ലാവരും രക്ഷ പ്രാപിക്കില്ല. ദൈവത്തിന്റെ ആ രക്ഷാകര പദ്ധതിയോട് വിശ്വാസത്താൽ അനുകൂലമായി പ്രതികരിക്കുന്നവർക്കാണ് രക്ഷ സാധ്യമാകുന്നത്. അതുകൊണ്ട് എഫേ. 2:8–ൽ വി. പൗലോസ്ശ്ലീഹാ പറയുന്നു "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേ". അതായത് ദൈവത്തിന്റെ ദാനമായ കൃപയോട് നാം വിശ്വാസംമൂലം പ്രതികരിക്കുമ്പോൾ രക്ഷ സാധ്യമാകുന്നു.

